**പതിമൂന്നാം കേരള നിയമസഭ**

**(THIRTEENTH KERALA LEGISLATIVE ASSEMBLY)**

# സബ്ജക്ട് കമ്മിറ്റി IV

## (SUBJECT COMMITTEE IV)

**വ്യവസായവും ധാതുക്കളും**

**(INDUSTRY AND MINERALS)**

**പീരിയോഡിക്കൽ റിപ്പോർട്ട്**

(2012 ഏപ്രിൽ 1 മുതൽ 2013 മാർച്ച് 31 വരെ)

**(PERIODICAL REPORT FROM 2012 APRIL 1ST TO 2013 MARCH 31ST)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളുടെ 239-ാം ചട്ടത്തിന്റെ
(1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2013 ജൂൺ 19-ാം തീയതി സമർപ്പിച്ചത്

(Presented on 19th June 2013)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2013

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2013

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി IV

## (SUBJECT COMMITTEE IV)

## വ്യവസായവും ധാതുക്കളും

(INDUSTRY AND MINERALS)

**പീരിയോഡിക്കൽ റിപ്പോർട്ട്**

(2012 ഏപ്രിൽ 1 മുതൽ 2013 മാർച്ച് 31 വരെ)

(PERIODICAL REPORT FROM 2012 APRIL 1ST TO 2013 MARCH 31ST)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

808/2013.

# ഉള്ളടക്കം

*പേജ്*


| | | |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 41 |

## സബ്ജക്ട് കമ്മിറ്റി IV

## വ്യവസായവും ധാതുക്കളും

## (2011-2013)

### ഘടന

ചെയർമാൻ :

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി,
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. അടൂർ പ്രകാശ്,
റവന്യൂവും കയറും വകുപ്പുമന്ത്രി

ശ്രീ. സി. എൻ. ബാലകൃഷ്ണൻ,
സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി, എം.എൽ.എ.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി, എം.എൽ.എ.

ശ്രീ. എളമരം കരീം, എം.എൽ.എ.

ശ്രീ. സി. കൃഷ്ണൻ, എം.എൽ.എ.

ശ്രീ. സാജു പോൾ, എം.എൽ.എ.

ശ്രീ. വി. ശശി, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. കെ. സി. ജോസഫ്കുട്ടി, അഡീഷണൽ സെക്രട്ടറി

ശ്രീ. എം. കെ. സുരേന്ദ്രലാൽ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി മഞ്ജു വർഗ്ഗീസ്, അണ്ടർ സെക്രട്ടറി.

# അവതാരിക

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV(2011-2013)-ന്റെ 2012 ഏപ്രിൽ 1 മുതൽ 2013 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

1-4-2012 മുതൽ 31-3-2013 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ സമിതി 7 യോഗങ്ങൾ ചേരുകയുണ്ടായി. 12-4-2012, 17-4-2012 എന്നീ തീയതികളിൽ 2012-2013 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയ്ക്കായും 2-5-2012-ന് 2012-13-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ട്, 28-6-2011 മുതൽ 31-3-2012 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് എന്നിവയുടെ കരട് അംഗീകരിക്കുന്നതിനുമാണ് സമിതി യോഗം ചേർന്നത്. 12-7-2012-ന് യോഗം ചേർന്നത് മുൻവർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതി റിപ്പോർട്ടുകളിലെ ശുപാർശകളിൻമേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റുമെന്റുകൾ പരിഗണിക്കുന്നതിനും, എസ്.ആർ.ഒ.യുടെ സാധൂകരണത്തിനും, 20-11-2012-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് അംഗീകരിക്കുന്നതിനുമായിരുന്നു. 23-7-2012-ന് 2012-ലെ കോമൺവെൽത്ത് ട്രസ്റ്റ്, കോഴിക്കോട് (സംരംഭം വിലയ്ക്കെടുക്കലും കൈമാറ്റം ചെയ്യലും) ബിൽ പരിഗണിക്കുന്നതിനും, 19-9-2012-ന് കയർ വികസന വകുപ്പ്, ഡയറക്ടറേറ്റ് ഓഫ് ഹാൻഡ്‌ലൂം ആന്റ് ടെക്സ്റ്റൈൽസ് എന്നിവയുടെ 20-11-2012-ലെ ആനുവൽ പെർഫോർമൻസ് റിപ്പോർട്ടുകൾ ചർച്ച ചെയ്യുന്നതിനും, വിവിധ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതി റിപ്പോർട്ടുകളിലെ ശുപാർശകളിൻമേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ പരിഗണിക്കുന്നതിനും, 17-12-2012-ന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനുമാണ് സമിതി യോഗങ്ങൾ ചേർന്നത്. സമിതി യോഗങ്ങളിൽ അംഗങ്ങളുടെ ശരാശരി ഹാജർ 54% ആയിരുന്നു.

ഈ റിപ്പോർട്ട് മൂന്ന് ഭാഗങ്ങളായിട്ടാണ് തയ്യാറാക്കിയിട്ടുള്ളത്. ഒന്നാം ഭാഗത്തിൽ സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങളും, രണ്ടാം ഭാഗത്തിൽ സമിതി പരിഗണിച്ച ബിൽ, എസ്.ആർ.ഒ.-യുടെ സാധൂകരണം എന്നിവ സംബന്ധിച്ച വിവരങ്ങളും, മൂന്നാം ഭാഗത്തിൽ റിപ്പോർട്ട് കാലയളവിൽ സമിതി പരിഗണിച്ച ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മുൻ റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകളും ഉൾപ്പെടുത്തിയിരിക്കുന്നു. യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 2013 ജൂൺ 5-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

പി. കെ. കുഞ്ഞാലിക്കുട്ടി,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി IV.*

തിരുവനന്തപുരം,
2013 ജൂൺ 13.

# റിപ്പോർട്ട്

## ഭാഗം I

**സമിതി റിപ്പോർട്ടുകൾ**

1. 2012-13 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് 2012 ജൂൺ 11-ാം തീയതി സഭയിൽ സമർപ്പിച്ചു.
2. സമിതിയുടെ 28-6-2011 മുതൽ 31-3-2012 വരെയുള്ള ആനുകാലിക റിപ്പോർട്ട് 2012 ജൂൺ 26-ാം തീയതി സഭയിൽ സമർപ്പിച്ചു.
3. 2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 2012 ജൂലൈ 19-ാം തീയതി സഭയിൽ സമർപ്പിച്ചു.
4. 2012-ലെ കോമൺവെൽത്ത് ട്രസ്റ്റ്, കോഴിക്കോട് (സംരംഭം വിലയ്ക്കെടുക്കലും കൈമാറ്റം ചെയ്യലും) ബിൽ സംബന്ധിച്ച സമിതിയുടെ റിപ്പോർട്ട് 24-7-2012-ന് സഭയിൽ സമർപ്പിച്ചു.

## ഭാഗം II

(എ) ബില്ലുകളുടെ പരിഗണന

2012 ജൂലൈ 23-ന് ചേർന്ന യോഗത്തിൽ 2012-ലെ കോമൺവെൽത്ത് ട്രസ്റ്റ്, കോഴിക്കോട് (സംരംഭം വിലയ്ക്കെടുക്കലും കൈമാറ്റം ചെയ്യലും) ബിൽ സമിതി പരിഗണിക്കുകയും ബിൽ സംബന്ധിച്ച റിപ്പോർട്ട് 24-7-2012-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(ബി) എസ്. ആർ. ഒ.-യുടെ സാധൂകരണം

2012 ജൂലൈ 12-ന് ചേർന്ന യോഗത്തിൽ 2011-ലെ കേരള ഇൻഡസ്ട്രിയൽ സർവ്വീസ് സ്പെഷ്യൽ റൂൾസിന് (എസ്. ആർ. ഒ. നമ്പർ 191/2011) സാധൂകരണം നൽകി.

## ഭാഗം III

വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് സഭയിൽ സമർപ്പിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടുകളിൽ ഉൾപ്പെടാത്ത താഴെപ്പറയുന്ന റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

808/2013.

## 2005-2006-ലെ അഞ്ചാമത് റിപ്പോർട്ട്

### ശുപാർശ

**കേരള സോപ്സ് ആന്റ് ഓയിൽസ് ലിമിറ്റഡ്**

വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി ഷാർക്ക് ലിവർ ഓയിൽ നിർമ്മാണ ഫാക്ടറിയുടെ പ്രവർത്തനം പുനരാരംഭിച്ച് കേരള സോപ്സ് ആന്റ് ഓയിൽസ് ലിമിറ്റഡ് നിലനിർത്താനും ഇപ്പോൾ നൽകിവരുന്ന സേവന-വേതന വ്യവസ്ഥകൾ പുതുക്കി സ്വയം വിരമിക്കൽ പദ്ധതി നടപ്പാക്കണമെന്നും ഇതിന് ആവശ്യമായ 4 കോടി രൂപ ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

### സ്വീകരിച്ച നടപടി

2011-ൽ നടപ്പിലാക്കിയ ഈസി എക്സിറ്റ് സ്കീം 2011-ന്റെ ഭാഗമായി 18-1-2011-ലെ ജി. ഒ. (എംഎസ്.) നമ്പർ 12/2011/ വ്യവ. പ്രകാരം, കേരളാ സോപ്സ് ആന്റ് ഓയിൽസ് ലിമിറ്റഡിന്റെ എല്ലാ ആസ്തിയും കടങ്ങളും കെ.എസ്.ഐ.ഇ.-ക്ക് കൈമാറുന്നതിന് ഉത്തരവാകുകയും അതിൻപ്രകാരം കമ്പനി നൽകിയ അപേക്ഷ പരിഗണിച്ച് രജിസ്ട്രാർ ഓഫ് കമ്പനീസിന്റെ 18-8-2011-ലെ കത്ത് പ്രകാരം കേരള സോപ്സ് ആന്റ് ഓയിൽസ് ലിമിറ്റഡ് എന്ന പേര് രജിസ്ട്രാർ ഓഫ് കമ്പനീസിന്റെ രജിസ്റ്ററിൽ നിന്നും നീക്കം ചെയ്തിട്ടുള്ളതും ഈ കമ്പനി ഇപ്പോൾ നിലവിലില്ലാത്ത തുമാകുന്നു.

## 2006-2007-ലെ ഒന്നാമത് റിപ്പോർട്ട്

### ശുപാർശ

പൂട്ടിക്കിടക്കുന്ന സഹകരണ ഷുഗർ മില്ലുകൾ തുറന്ന് പ്രവർത്തിപ്പിക്കണമെന്നും ബിവറേജസ് കോർപ്പറേഷനുമായി ഒത്ത് ചേർന്ന് ഗുണനിലവാരമുള്ള മദ്യം ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനാവശ്യമായ തുക വകകൊള്ളിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

### സ്വീകരിച്ച നടപടി

സഹകരണ ഷുഗർ മില്ലുകളിൽ ഒന്ന് മന്നം ഷുഗർ മിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ആയുർവേദ ആശുപത്രിയും സഹകരണ ആയുർവേദ മെഡിക്കൽ കോളേജും നടത്തി വരുന്നതിനാൽ ബിവറേജസ് കോർപ്പറേഷനുമായി ഒത്തുചേർന്ന് മദ്യം ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നത് അഭികാമ്യമല്ല. ചിറ്റൂർ ഷുഗർമിൽ ഇപ്പോൾ നികുതി വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലായതിനാൽ സമിതിയുടെ ശുപാർശയിന്മേൽ നടപടി സ്വീകരിക്കുവാൻ വ്യവസായ വകുപ്പിന് നിർവ്വാഹമില്ല.

## 2008-2009-ലെ മൂന്നാമത് റിപ്പോർട്ട്

**സിഡ്കോ**

4851-00-102-95—കേരള സ്റ്റേറ്റ് സ്മാൾ ഇൻഡസ്ട്രീസ് കോർപ്പറേഷൻ

ശുപാർശ

സിഡ്കോയുടെ വ്യവസായ എസ്റ്റേറ്റുകളുടെ പുനരുദ്ധാരണത്തിന് 5 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

സ്വീകരിച്ച നടപടി

2008-09 സാമ്പത്തിക വർഷം സിഡ്കോക്ക് 30 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും 20-3-2009-ലെ സർക്കാർ ഉത്തരവ് (സാധാ.) 355/09/വ്യവ. പ്രകാരം തുക അനുവദിക്കുകയും ചെയ്തിരുന്നു. 2010-11 സാമ്പത്തിക വർഷം സിഡ്കോയുടെ കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകളിലെ റോഡുകളുടെ അറ്റകുറ്റപ്പണിക്കായി 21-7-2010-ലെ സർക്കാർ ഉത്തരവ് (സാധാ.) 1051/2010/വ്യവ. പ്രകാരം 2,56,62,822 രൂപയുടെ ഭരണാനുമതി നൽകുകയും തുടർന്ന് 2 കോടി രൂപ 20-11-2010-ലെ സർക്കാർ ഉത്തരവ് (സാധാ.) 1607/2010/വ്യവ. പ്രകാരം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

**റിയാബ്**

2852-80-800-88—(പ്ലാൻ) പബ്ലിക് സെക്ടർ റീസ്ട്രക്ച്ചറിംഗ് ആന്റ് ഇന്റേണൽ ഓഡിറ്റ് ബോർഡ്

ശുപാർശ

പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനായി രൂപീകരിച്ച റിയാബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 20 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

സ്വീകരിച്ച നടപടി

2008-09-ൽ റിയാബിന്റെ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ അനുവദിച്ച 40 ലക്ഷം രൂപ മാത്രമേ നൽകിയിട്ടുള്ളൂ. സമിതി ശുപാർശ ചെയ്ത 20 ലക്ഷം രൂപ 2008-09-ൽ അനുവദിക്കുവാൻ കഴിഞ്ഞില്ല.

2852-08-600—കശുവണ്ടി വ്യവസായം

ശുപാർശ

വർഷത്തിൽ 300 തൊഴിൽ ദിനങ്ങൾ നൽകുവാൻ ഏകദേശം 15000 മെട്രിക് ടൺ തോട്ടണ്ടി ആവശ്യമുണ്ട്. രണ്ട് മാസത്തെ പ്രവർത്തനത്തിന് ആവശ്യമായ തോട്ടണ്ടി സംഭരിക്കുന്നതിനും അതിന്റെ പ്രോസസിംഗ് സംബന്ധമായ ആവശ്യത്തിനുമായി 15 കോടി രൂപ ആവശ്യമാണ്.

(ഖണ്ഡിക 26)

സ്വീകരിച്ച നടപടി

2008-09 സാമ്പത്തിക വർഷം കശുവണ്ടി വികസന കോർപ്പറേഷന് കശുവണ്ടി സംഭരിക്കുന്നതിന് വേണ്ടി 5 കോടി രൂപയും, കാപെക്സിന് ഇതേ കാലയളവിൽ 5 കോടി രൂപയും ചേർത്ത് കശുവണ്ടി സംഭരണത്തിന് വേണ്ടി 2008-09-ൽ ആകെ 10 കോടി രൂപ അനുവദിച്ചു.

2852-08-600—കശുവണ്ടി വ്യവസായം

ശുപാർശ

ഫാക്ടറികളുടെ പുനരുദ്ധാരണത്തിന് 3 കോടി രൂപയും പാക്കേജിംഗ് അന്താരാഷ്ട്രാ നിലവാരത്തിലെത്തിക്കുന്നതിന് ആധുനിക ഫില്ലിംഗ് സെന്റർ സ്ഥാപിക്കുന്നതിന് 2 കോടി രൂപയും മൂല്യവർദ്ധിത ഉല്പന്നങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനും ആഭ്യന്തര അന്താരാഷ്ട്ര വിപണികളിൽ ഉൽപ്പന്നങ്ങൾ വ്യാപകമായി എത്തിക്കുന്നതിനും വേണ്ടി 2 കോടി രൂപയും, 2007 വരെയുള്ള കാലയളവിൽ കാപ്പക്സിൽ നിന്നും പിരിഞ്ഞുപോയ തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റിയും ത്രിഫ്റ്റും കൊടുക്കുന്നതിന് 5 കോടി രൂപയും, നിയമാനുസൃതമായ കുടിശ്ശികകൾ, പി. എഫ്., ഇ.എസ്.ഐ., ആർ.ഡബ്ല്യു.എഫ്. മുതലായവ അടയ്ക്കുന്നതിന് 2 കോടി രൂപയും ചേർത്ത് മൊത്തം 14 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

സ്വീകരിച്ച നടപടി

സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ 2008-09-ൽ പുനർജീവനത്തിനായി അനുവദിച്ച 11 കോടി രൂപയിൽ തോട്ടണ്ടി സംഭരണത്തിന് 5 കോടിയും കശുവണ്ടി ഫാക്ടറികളിലെ ബോർമകളും ബോർമ ഷെഡ്ഡുകളും പുനഃസ്ഥാപിക്കുന്നതിന് 6 കോടി രൂപയും വിനിയോഗിച്ചു. കൂടാതെ കശുവണ്ടി ഫാക്ടറികളുടെ സൗകര്യം മെച്ചപ്പെടുത്തുന്നതിനും നവീകരണത്തിനും 2 കോടിയും കശുവണ്ടി ഫാക്ടറി ഷെഡ്ഡുകൾ നവീകരിക്കുന്നതിന് 2.67 കോടി രൂപയും അനുവദിച്ചു. 2008-09 കാലയളവിൽ ഗ്രാറ്റുവിറ്റി കുടിശ്ശിക നൽകുന്നതിലേക്കായി കശുവണ്ടി വികസന കോർപ്പറേഷന് 5 കോടി രൂപ അനുവദിച്ചു.

2008-09 കാലയളവിൽ കാപ്പെക്സിന് അപ്ഗ്രഡേഷനുവേണ്ടി 1 കോടി രൂപയും മോഡേണൈസേഷനുവേണ്ടി 133 ലക്ഷം രൂപയും 2007 വരെയുള്ള കാലയളവിൽ പിരിഞ്ഞുപോയ തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി നൽകുന്നതിനുവേണ്ടി 1 കോടി രൂപയും ചേർത്ത് ആകെ 24 കോടി അനുവദിച്ചു.

**അഭിവൃദ്ധിപ്പെടാൻ സാദ്ധ്യതയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുജ്ജീവനം**

2852-80-800-71—(പ്ലാൻ)

ശുപാർശ

പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള ധനസഹായം നീക്കിവച്ചിരിക്കുന്നത് 2852 എന്ന് തുടങ്ങുന്ന ഹെഡ്ഡിൽ ആയതുകാരണം ഈ ഹെഡ്ഡിൽ നിന്നും സ്ഥാപനങ്ങളുടെ ചില ആവശ്യങ്ങൾക്ക് ധനം അനുവദിക്കുവാൻ സാങ്കേതിക തടസ്സങ്ങൾ നേരിടുന്നുണ്ട്. അതിനാൽ ഈ വർഷം ഈ ഹെഡ്ഡിൽ 2 കോടി രൂപ മാത്രം നിലനിർത്തി ബാക്കി തുക Supplementary Demand for Grants മുഖേന അനുയോജ്യമായൊരു ഹെഡ്ഡിലേക്ക് വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

സർക്കാർ സ്വീകരിച്ച നടപടി

2008-09-ൽ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ധനസഹായം അനുവദിച്ച 2852-80-800-71 (P) എന്ന ഹെഡ്ഡിൽ 2 കോടി രൂപ മാത്രം നിലനിർത്തിക്കൊണ്ട് ബാക്കിയുള്ള തുക 4885-60-800-96 (P) എന്ന Capital ഹെഡ്ഡിലേക്ക് വകയിരുത്തി സ്ഥാപനങ്ങൾക്ക് നൽകി.

2852-80-800-71—(പ്ലാൻ)

ശുപാർശ

പൊതുമേഖലാ സ്ഥാപനങ്ങളിൽ Capital Upgradation ഉൾപ്പെടെയുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കും ബാങ്കുകൾ, ധനകാര്യ സ്ഥാപനങ്ങൾ എന്നിവയുമായി One Time Settlement-ൽ ഏർപ്പെടുത്തുന്നതിനും കൂടുതൽ ധനസഹായം അനുവദിക്കുന്നതിനായി സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

സ്വീകരിച്ച നടപടി

2008-09-ൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ അനുവദിച്ച 50 കോടി രൂപയ്ക്ക് പുറമെ കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിന് 7 കോടി രൂപ കൂടി ഉപധനാഭ്യർത്ഥനവഴി അനുവദിച്ചു.

## 2009-2010-ലെ നാലാമത് റിപ്പോർട്ട്

### കശുവണ്ടി വ്യവസായം

2852-08-600—<u>കാപ്പെക്സ്</u>

ശുപാർശ

കാപ്പെക്സിന്റെ പ്രവർത്തനത്തിനാവശ്യമായ തോട്ടണ്ടി സംഭരിക്കുന്നതിനും അതിന്റെ പ്രോസസ്സിംഗ് സംബന്ധമായ ആവശ്യത്തിനുമായി 10 കോടി രൂപയും, കാപ്പെക്സിന്റെ ഫാക്ടറികൾ അന്താരാഷ്ട്ര നിലവാരത്തിൽ എത്തിക്കുന്നതിനുവേണ്ടി പുനരുദ്ധാരണ പ്രവർത്തനത്തിന് 3 കോടി രൂപയും, പുതിയതായി പ്രൊക്യൂർമെന്റ് സെന്റർ ആരംഭിക്കുന്നതിനുവേണ്ടി 5 കോടി രൂപയും പുതിയതായി യാർഡ് നിർമ്മാണം ആരംഭിക്കുന്നതിനുവേണ്ടി 1 കോടി രൂപയും, 2002 മുതൽ 2008 വരെ യുള്ള കാലയളവിൽ കാപ്പെക്സിൽ നിന്നും പിരിഞ്ഞുപോയ തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റിയും ത്രിഫ്റ്റും കൊടുക്കുന്നതിന് 5.5 കോടി രൂപയും ഫാക്ടറി മോഡേണൈ സേഷന് 2.5 കോടി രൂപയും ചേർത്ത് ആകെ 27 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

സ്വീകരിച്ച നടപടി

2009-10 കാലഘട്ടത്തിൽ കാപ്പെക്സിൽ തോട്ടണ്ടി സംഭരിക്കുന്നതിനും അതിന്റെ പ്രോസസ്സിംഗിനും വേണ്ടി 5 കോടി രൂപയും, ഫാക്ടറികൾ അന്താരാഷ്ട്ര നിലവാരത്തിൽ എത്തിക്കുന്നതിനുവേണ്ടിയുള്ള പാക്കേജിംഗ് പദ്ധതിക്കുവേണ്ടി രണ്ടു കോടി അൻപത് ലക്ഷവും, ആധുനികവൽക്കരണത്തിനുവേണ്ടി രണ്ടുകോടി രൂപയും, ഫാക്ടറികളുടെ Upgradation-നു വേണ്ടി രണ്ടുകോടി അമ്പത് ലക്ഷവും, വിപണന വികസനത്തിനുവേണ്ടി രണ്ടുകോടി രൂപയും, 2002 മുതൽ 2008 വരെയുള്ള കാലയളവിൽ വിരമിച്ച തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി നൽകുന്നതിനുവേണ്ടി രണ്ടുകോടി രൂപയും ചേർത്ത് ആകെ 16 കോടി രൂപ അനുവദിച്ചു.

### കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ

ശുപാർശ

കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ സർക്കാർ ഏറ്റെടുത്ത ബാദ്ധ്യതയുടെ ബാക്കി നൽകാനുള്ള 40 കോടി രൂപയും പലിശയും നൽകുന്നതോ ടൊപ്പം ഇപ്പോഴത്തെ ബാദ്ധ്യതയായ 59 കോടി രൂപയും ഏറ്റെടുത്ത് തവണകളായി നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

സ്വീകരിച്ച നടപടി

കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ സർക്കാർ ഏറ്റെടുത്ത ബാദ്ധ്യതയുടെ ബാക്കി നൽകാനുള്ള 40 കോടി രൂപയും പലിശയും നൽകുന്നതോ

ടൊപ്പം ഇപ്പോഴത്തെ ബാദ്ധ്യതയായ 59 കോടി രൂപയും ഏറ്റെടുത്ത് തവണകളായി നൽകണമെന്ന സമിതി ശുപാർശ സംബന്ധിച്ച് സർക്കാർ ബാങ്കുകളുമായി കൂടിയാലോചന നടത്തിവരികയാണ്.

ശുപാർശ

2009-10 സാമ്പത്തിക വർഷം തൊഴിലാളികൾക്ക് നൽകാനുള്ള 38.5 കോടി രൂപയുടെ ഗ്രാറ്റുവിറ്റി കുടിശ്ശിക തവണകളായി കൊടുത്തുതീർക്കുന്നതിന് 15 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 49)

സ്വീകരിച്ച നടപടി

2009-10 സാമ്പത്തിക വർഷം തൊഴിലാളികൾക്ക് നൽകാനുള്ള 38.5 കോടി രൂപയുടെ ഗ്രാറ്റുവിറ്റി കുടിശ്ശിക തവണകളായി കൊടുത്തുതീർക്കുന്നതിന് 15 കോടി രൂപ അനുവദിക്കണമെന്ന സമിതി ശുപാർശയുടെ അടിസ്ഥാനത്തിൽ 15 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

ശുപാർശ

കോർപ്പറേഷന് 2009-2010 വർഷത്തെ പ്രവർത്തന മൂലധനമായി 50 കോടി രൂപയും കോർപ്പറേഷന്റെ കൈവശമുള്ള വാടക ഫാക്ടറികൾ വിലയ്ക്ക് തരാൻ താൽപ്പര്യമുള്ളവരിൽ നിന്നും വാങ്ങുന്നതിന് 10 കോടി രൂപയും അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 50)

സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ കുറവുമൂലം 2009-10 സാമ്പത്തിക വർഷത്തിൽ സർക്കാരിന് പ്രവർത്തന മൂലധനമായി കൂടുതൽ തുക വകയിരുത്തുവാൻ സാധിച്ചില്ല. കോർപ്പറേഷന്റെ കൈവശമുള്ള വാടക ഫാക്ടറികൾ സർക്കാർ അക്വയർ ചെയ്തവയാണ്. ഈ ഫാക്ടറികളുടെ ഏറ്റെടുക്കലിന് ആവശ്യമായ തുക നിശ്ചയിക്കുന്നതിന് വാല്യുവേഷൻ നടത്താൻ അതാത് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശുപാർശ

സർക്കാർ കോർപ്പറേഷന് നൽകിയിട്ടുള്ള 161.88 കോടി രൂപയുടെ വായ്പ ഓഹരി മൂലധനമായി മാറ്റണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

ലഭിച്ച മറുപടി

സർക്കാർ കോർപ്പറേഷന് നൽകിയിട്ടുള്ള 161.88 കോടി രൂപയുടെ വായ്പ ഓഹരി മൂലധനമായി മാറ്റണമെന്ന സമിതി ശുപാർശ സർക്കാർ പരിശോധിച്ച് വരികയാണ്.

**റിയാബ്**

ശുപാർശ

റിയാബിന്റെ പ്രവർത്തനത്തിനായി 2009-10 സാമ്പത്തിക വർഷം 2852-80-800-88-(പ്ലാൻ) എന്ന ഹെഡ്ഡിൽ 120 ലക്ഷം രൂപ ആവശ്യപ്പെട്ടതിൽ 55 ലക്ഷം രൂപയാണ് അനുവദിച്ചിരിക്കുന്നത്. റിയാബിന് ശമ്പളം ഉൾപ്പെടെയുള്ള ചെലവുകൾക്കായി നോൺ പ്ലാൻ ഇനത്തിൽ ആവശ്യമായ തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 52)

സ്വീകരിച്ച നടപടി

നോൺ പ്ലാൻ ഇനത്തിൽ റിയാബിന് ആവശ്യമായ തുക 2009-10-ൽ അനുവദിക്കാൻ കഴിഞ്ഞില്ല.

ശുപാർശ

ടെക്സ്റ്റൈൽസ് സെക്ടറിന്റെ പുനരുജ്ജീവനത്തിനായി 33.5 കോടി രൂപയും, മോഡണൈസേഷൻ, Technology Upgradation, പ്രവർത്തന മൂലധനം എന്നീ ഇനത്തിലായി 150 കോടി രൂപയും വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 53)

സ്വീകരിച്ച നടപടി

2009-10-ൽ ടെക്സ്റ്റൈൽ സെക്ടറിന് കീഴിലുള്ള സ്ഥാപനങ്ങൾക്ക് Cotton purchase ചെയ്യുന്നതിനുള്ള സഹായമായി 7 കോടി രൂപ പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള lump sum provision-ൽ നിന്ന് നൽകി. ടെക്സ്റ്റൈൽ മേഖലയുടെ പുനരുജ്ജീവനത്തിനായി സമിതി ശുപാർശ ചെയ്ത 33.5 കോടി രൂപയും Modernisation, Technology Upgradation, Working Capital എന്നീ ഇനങ്ങളിലായി സമിതി ശുപാർശ ചെയ്ത 150 കോടി രൂപയും അനുവദിക്കുവാൻ കഴിഞ്ഞില്ല.

ശുപാർശ

Kerala Industrial Revitalisation Fund-ൽ നിന്നും പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വായ്പയിനത്തിൽ നൽകിയ ധനസഹായം തിരിച്ചടയ്ക്കാൻ കഴിയാത്ത സ്ഥാപനങ്ങൾക്ക് പ്രസ്തുത വായ്പ തിരിച്ചടയ്ക്കുന്നതിനായി KFC-യിൽ നിന്നും ലോണായി ധനസഹായം നൽകുന്നതിനാൽ 31-3-2007 മുതൽ KIRFB-പ്രവർത്തനം നിർത്തലാക്കിയ സാഹചര്യത്തിൽ 1-4-2007 മുതൽ കമ്പനികൾ KIRFB-യിൽ നിന്നും എടുത്തിട്ടുള്ള ലോണുകളുടെ പലിശ ചാർജ് ചെയ്യാതിരിക്കാൻ സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

സ്വീകരിച്ച നടപടി

സമിതി ശുപാർശ ചെയ്തപ്രകാരം 1-4-2007 മുതൽ കമ്പനികൾ KIRFB-ൽ നിന്നും എടുത്തിട്ടുള്ള ലോണുകളുടെ പലിശ ചാർജ് ചെയ്യാതിരിക്കാൻ കഴിഞ്ഞില്ല. എന്നാൽ KIRFB-ൽ നിന്നും ലോൺ എടുത്തിട്ടുള്ള ചില കമ്പനികൾ സർക്കാർ സഹായത്തോടുകൂടിയാണ് പലിശയടക്കം വായ്പ തിരിച്ചടച്ചത്.

ശുപാർശ

പൊതുമേഖലാ സ്ഥാപനങ്ങളിൽ Capital Upgradation ഉൾപ്പെടെയുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കും ബാങ്കുകൾ, ധനകാര്യ സ്ഥാപനങ്ങൾ എന്നിവയുമായി One Time Settlement-ൽ ഏർപ്പെടുന്നതിനും കൂടുതൽ ധനസഹായം അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

സ്വീകരിച്ച നടപടി

പൊതുമേഖലാ സ്ഥാപനങ്ങളുടെ Capital Upgradation ഉൾപ്പെടെയുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കും ബാങ്കുകൾ, ധനകാര്യ സ്ഥാപനങ്ങൾ എന്നിവയുമായി One Time Settlement-ൽ ഏർപ്പെടുന്നതിനുമായി 2009-10-ൽ Lump sum provision-ൽ വകയിരുത്തിയിരുന്ന 50 കോടി രൂപയ്ക്ക് പുറമെ കൂടുതൽ തുക അനുവദിക്കാൻ കഴിഞ്ഞില്ല.

## മൈനിംഗ് ആന്റ് ജിയോളജി വകുപ്പ്

ശുപാർശ

മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും അനധികൃത ഖനനവും കടത്തും തടയുന്നതിനും കഴിഞ്ഞ സാമ്പത്തിക വർഷം രണ്ട് കോടിയിലധികം രൂപ റവന്യൂ വരുമാനം ശേഖരിച്ച് തിരുവനന്തപുരം, കൊല്ലം, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ താലൂക്കുതല ഓഫീസുകൾ തുടങ്ങണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 72)

ലഭ്യമായ മറുപടി

ഗതാഗത, വിവരസാങ്കേതിക സൗകര്യങ്ങളിൽ വളരെയധികം പുരോഗതി കൈവരിച്ചതിനാലും, മൈനിംഗ് പ്രവർത്തനങ്ങൾ നടത്തേണ്ട ആവശ്യമില്ലാത്ത നിരവധി താലൂക്കുകൾ നിലവിലുള്ളതിനാലും എല്ലാ താലൂക്കുകളിലും ഓഫീസ് അനുവദിക്കുക പ്രായോഗികമല്ല. ആയത് കടുത്ത സാമ്പത്തിക ബാധ്യത വരുത്തുന്നതുമാണ്.

ശുപാർശ

ധാതുപര്യവേഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് കൂടുതൽ വാഹനങ്ങൾ നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 73)

സ്വീകരിച്ച നടപടി

23-12-2011-ലെ ജി. ഒ. (ആർറ്റി.) 1640/11/വ്യവ. നമ്പർ സർക്കാർ ഉത്തരവ് പ്രാകരം രണ്ട് വാഹനങ്ങൾ വാങ്ങുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. മാത്രമല്ല ആവശ്യാനുസൃതമായി വാഹനങ്ങൾ ഹയർ ചെയ്യാൻ അനുമതി നൽകിയിട്ടുണ്ട്.

ശുപാർശ

സംസ്ഥാനത്തിന്റെ മദ്ധ്യമേഖലയിൽ പ്രവർത്തിക്കുന്നതിനായി ഒരു മദ്ധ്യമേഖല സ്ക്വാഡിന്റെ രൂപീകരണം ത്വരിതപ്പെടുത്താൻ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ ഉദ്യോഗസ്ഥരുടെ പ്രവർത്തനക്ഷമത കൂട്ടുന്നതിനായി ആസ്ഥാന കാര്യാലയവും എല്ലാ ജില്ലാ ആഫീസുകളും ആധുനികവൽക്കരിക്കണ മെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 74)

സ്വീകരിച്ച നടപടി

20-2-2010-ലെ 205/10/വ്യവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഈ വകുപ്പിന്റെ ചേർത്തലയിൽ ഉണ്ടായിരുന്ന സ്പെഷ്യൽ ആഫീസ് നിർത്തലാക്കി ടി സ്റ്റാഫിനെ ഉപയോഗിച്ച് തൃശ്ശൂർ ആസ്ഥാനമായി ഒരു മദ്ധ്യമേഖല സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. ആയത് പ്രവർത്തിച്ചുവരുന്നു. ആധുനികവൽക്കരണത്തിന്റെ ഭാഗമായി ജില്ലാ ആഫീസുകളും ഡയറക്ടറേറ്റുകളും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. ഇ-ഗവേണൻസ് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ശുപാർശ

പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും ഖനിജത്തെക്കുറിച്ചും ഖനനംമൂലം ഉണ്ടാകാവുന്ന പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ചും മറ്റു പ്രകൃതി പ്രതിഭാസങ്ങളെക്കുറിച്ചും അവബോധം ഉണ്ടാക്കുന്നതിനായി ഒരു ജിയോളജിക്കൽ പാർക്കും മ്യൂസിയവും പരിശീലന കേന്ദ്രവും സ്ഥാപിക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 75)

സ്വീകരിച്ച നടപടി

വകുപ്പിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച ലഘുലേഖ ലഭ്യമാണ്. വകുപ്പ് ആസ്ഥാനത്ത് ജിയോളജിക്കൽ മ്യൂസിയം പ്രവർത്തിച്ചുവരുന്നു. ജിയോളജിക്കൽ പാർക്കും പരിശീലന കേന്ദ്രവും തുടങ്ങുന്നതിനാവശ്യമായ നടപടികൾ ആരംഭിക്കുന്നതാണ്.

**ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്**

ശുപാർശ

കമ്പനിയുടെ വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി മെഷിനറിയുടെ വിലയായി 6 കോടി രൂപ ഓഹരി മൂലധനമായും പ്രവർത്തനമൂലധനമായി 3.5 കോടി രൂപ ഗ്രാന്റായും അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 78)

സ്വീകരിച്ച നടപടി

2009-10 വർഷത്തെ ധനാഭ്യർത്ഥനയിൽ കമ്പനിയുടെ തിരുവല്ല യൂണിറ്റിൽ എക്സ്. എൽ. പി. ഇ. കേബിളുകളും, സൂപ്പർ ഇനാമെൽഡ് കോപ്പർ കണ്ടക്ടറുകളും ഉൽപ്പാദിപ്പിക്കാനുള്ള ഒരു പദ്ധതിയാണ് സമർപ്പിച്ചിരുന്നത്. അതിനുവേണ്ട മുതൽമുടക്ക് അന്നത്തെ എസ്റ്റിമേറ്റ് പ്രകാരം 9.5 കോടി രൂപയായിരുന്നു. എന്നാൽ ഈ തുക 2009-10-ൽ സർക്കാരിൽ നിന്നും അനുവദിക്കാൻ കഴിഞ്ഞില്ല. ഈ പ്രോജക്ടിനെ കുറിച്ച് പിന്നീട് റിവൈസ്ഡ് എസ്റ്റിമേറ്റ് എടുത്തപ്പോൾ 12.9 കോടി രൂപ മുതൽമുടക്ക് വരുന്നതായി കണ്ടതിന്റെ അടിസ്ഥാനത്തിൽ 2011-12 ബഡ്ജറ്റിലെ ധനസഹായഭ്യർത്ഥനയിൽ പ്രസ്തുത തുക അനുവദിച്ച് നൽകുവാൻ കമ്പനി ആവശ്യപ്പെട്ടിരുന്നു.

ഈ പദ്ധതിയെ സംബന്ധിച്ച് പിന്നീട് റിയാബിന്റെ സാന്നിദ്ധ്യത്തിൽ വിവിധ ചർച്ചകൾ നടക്കുകയുണ്ടായി. അതുപ്രകാരം ഈ പദ്ധതിയെ സംബന്ധിച്ച് പുറത്തുള്ള ഒരു ഏജൻസിയുടെ സാങ്കേതിക ഉപദേശം കൂടി ലഭ്യമാക്കാനും അതിനുശേഷം ആവശ്യമായ തീരുമാനം എടുക്കാമെന്നുമാണ് തീരുമാനിച്ചിരിക്കുന്നത്.

**യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്**

ശുപാർശ

കമ്പനിയുടെ വിവിധ പ്രോജക്ടുകളുടെ നടത്തിപ്പിനായി 25 കോടി രൂപ ആവശ്യമാണ്. ഇതിൽ ആദ്യഘട്ടമായി ഈ സാമ്പത്തിക വർഷം 50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 88)

സ്വീകരിച്ച നടപടി

2009-10 വർഷത്തിൽ 200 ലക്ഷം രൂപ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന് അനുവദിച്ചിട്ടുണ്ട്.

# 2010-2011-ലെ അഞ്ചാമത് റിപ്പോർട്ട്

**കേരള ഖാദി ഗ്രാമവ്യവസായം**

2851-00-105-99 (09)—പ്ലാൻ-കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് ഭരണപരമായ ചെലവുകൾ-സഹായധനം

ശുപാർശ

ഖാദി വകുപ്പിലെ ഉൽപ്പാദന കേന്ദ്രങ്ങൾക്കുള്ള വർക്ക്ഷെഡ്ഡുകൾ നിർമ്മിക്കൽ, ഖാദി വകുപ്പിലെ ഗ്രാമവ്യവസായ യൂണിറ്റുകളുടെ പശ്ചാത്തല വികസനം, വകുപ്പിലെ ഉൽപ്പാദന കേന്ദ്രങ്ങളുടെ പുനരുദ്ധാരണം, വിവരം നൽകലും പ്രചരണവും പരിശീലനവും, ഖാദി ബോർഡിന്റെ കമ്പ്യൂട്ടർവൽക്കരണം, തേനീച്ച വ്യവസായത്തിന്റെ വികസനം, സിൽക്ക് ഉൽപ്പാദന കേന്ദ്രങ്ങൾ സ്ഥാപിക്കൽ ഉൾപ്പെടെ നെയ്ത്തുകാർക്കും നൂൽനൂൽപ്പുകാർക്കും ഉല്പാദന പ്രോത്സാഹനം കൊടുത്തുകൊണ്ട് നെയ്ത്തുമേഖല ശക്തിപ്പെടുത്തൽ എന്നീ പദ്ധതികൾക്കാണ് ആകെ 5 കോടി 25 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നത്. ഇത് ബോർഡിന്റെ പ്രവർത്തനത്തിന് പര്യാപ്തമല്ലാത്തതിനാൽ ഓരോന്നിനും താഴെ പറയും പ്രകാരം തുകകൾ വർദ്ധിപ്പിച്ചു നൽകുന്നതിന് സമിതി ശുപാർശ ചെയ്യുന്നു :

(ഖണ്ഡിക 5)

**വകുപ്പിലെ ഉൽപ്പാദന കേന്ദ്രങ്ങൾക്കുള്ള വർക്ക്ഷെഡ്ഡുകൾ നിർമ്മിക്കൽ**

2010–11 വർഷത്തേക്ക് നൂൽപ്പിനും നെയ്ത്തിനുമായി ഖാദി ഉൽപ്പാദന കേന്ദ്രങ്ങൾക്ക് വർക്ക്ഷെഡ്ഡ് നിർമ്മിക്കുന്നതിനുവേണ്ടി 2 കോടി 60 ലക്ഷം രൂപയുടെ പദ്ധതിക്ക് നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നുവെങ്കിലും 75 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. ആയതിനാൽ ബാക്കി തുകയായ 1 കോടി 85 ലക്ഷം രൂപ കൂടി വകയിരുത്താൻ സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

**ഖാദി വകുപ്പിലെ ഗ്രാമവ്യവസായ യൂണിറ്റുകളുടെ പശ്ചാത്തല വികസനം**

ഖാദി വകുപ്പിലെ ഗ്രാമവ്യവസായ യൂണിറ്റുകളുടെ പശ്ചാത്തല വികസനത്തിലേക്കായി 1 കോടി 65 ലക്ഷം രൂപയുടെ പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നുവെങ്കിലും 25 ലക്ഷം രൂപ മാത്രമാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. ആയതിനാൽ പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിന് ബാക്കി തുകയായ 1 കോടി 40 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

**വകുപ്പിലെ ഉൽപ്പാദന കേന്ദ്രങ്ങളുടെ പുനരുദ്ധാരണം**

ചർക്കകളുടെ റിപ്പയറിംഗ്, ചർക്കകൾ മാറ്റിസ്ഥാപിക്കൽ, ഖാദി ഉൽപ്പാദന കേന്ദ്രങ്ങളുടെ നന്നാക്കൽ, കിണറുകളുടെ ആഴം കൂട്ടൽ, ഖാദി ഉൽപ്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, തറികൾ നന്നാക്കൽ, സ്പെയർ പാർട്സുകൾ

വാങ്ങൽ തുടങ്ങിയ പ്രവർത്തനങ്ങളാണ് ഈ പദ്ധതിയുടെ ഘടകങ്ങൾ. പ്രസ്തുത പദ്ധതിക്കായി 2010-11-ലേക്ക് 4 കോടി 12 ലക്ഷം രൂപയുടെ നിർദ്ദേശങ്ങൾ സമർപ്പിച്ച പ്പോൾ 1 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. ആയതിനാൽ ബാക്കി തുകയായ 3 കോടി 12 ലക്ഷം രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

**വിവരം നൽകലും പ്രചരണവും പരിശീലനവും**

ഖാദി ഗ്രാമവ്യവസായങ്ങളുടെ പ്രചരണത്തിനുവേണ്ടി ചർച്ചകൾ സംഘടിപ്പിക്കുക, മാസികകളുടെ പ്രസിദ്ധീകരണം (ഗ്രാമദീപം), ലഘുലേഖകൾ, ഫിലിംസ്, ടെലിവിഷൻ എന്നിവവഴി ഖാദി ഉൽപ്പന്നങ്ങളുടെ പരസ്യവും പ്രചരണവും നടത്തുക, നെയ്ത്തിലെ ആധുനിക സാങ്കേതിക വിദ്യയെക്കുറിച്ച് ഖാദി ഗ്രാമവ്യവസായ മേഖലയിലെ വിദഗ്ദ്ധർക്കും മറ്റ് ഗ്രാമവ്യവസായ പദ്ധതികളിലെ ബോർഡ് ജീവനക്കാർക്കും പരിശീലനം നൽകൽ എന്നിവയാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. എന്നാൽ ഇതിനുവേണ്ടി 56 ലക്ഷം രൂപയുടെ നിർദ്ദേശങ്ങൾ സമർപ്പിച്ചപ്പോൾ 5 ലക്ഷം രൂപ മാത്രമാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. ആയതിനാൽ ബാക്കി തുകയായ 51 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

**ഖാദി ബോർഡിന്റെ കമ്പ്യൂട്ടർവൽക്കരണം**

ഖാദി ബോർഡിലെ എല്ലാ സെക്ഷനുകളും ബോർഡിന്റെ 14 ജില്ലാ ഓഫീസുകളും പയ്യന്നൂർ ഖാദി കേന്ദ്രവും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനായി 30 ലക്ഷം രൂപയുടെ പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിച്ചപ്പോൾ 10 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ആയതിനാൽ പദ്ധതി പൂർത്തീകരണത്തിനായി 20 ലക്ഷം രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

**തേനീച്ച വ്യവസായത്തിന്റെ വികസനം**

തേനീച്ച വളർത്തുന്ന കർഷകർക്ക് അധികവരുമാനം ഉണ്ടാക്കുന്നതിനും ഗുണമേന്മയുള്ള തേൻ ഉൽപ്പാദിപ്പിക്കുന്നതിനുമായി കേരളത്തിലൊട്ടാകെ ഇത്തരത്തിലുള്ള സംരംഭകർക്ക് തേനീച്ച കോളനികൾ, കുറഞ്ഞ നിരക്കിൽ തേനീച്ചപ്പെട്ടികൾ, വൻതോതിലുള്ള പരിശീലന പരിപാടികൾ എന്നിവ നൽകുന്നതിനുമായി 15 ലക്ഷം രൂപയുടെ നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നുവെങ്കിലും പ്രസ്തുത പദ്ധതിക്ക് 10 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. 5 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

**സിൽക്ക് ഉൽപ്പാദന കേന്ദ്രങ്ങൾ സ്ഥാപിക്കൽ ഉൾപ്പെടെ നെയ്ത്തുകാർക്കും നൂൽ നൂൽപ്പുകാർക്കും ഉത്പാദന പ്രോത്സാഹനം കൊടുത്തുകൊണ്ട് നെയ്ത്തു മേഖല ശക്തിപ്പെടുത്തൽ**

ബോർഡിന്റെ അധീനതയിലുള്ള നൂൽപ്പ് കേന്ദ്രങ്ങളിലെ ഖാദി നൂൽ ഉപയോഗിച്ച് നെയ്ത്തുമേഖല ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നു. നെയ്ത്തുകാരുടെ ഉല്പാദനശേഷിയും വരുമാനവും കൂട്ടുവാനായി പ്രോത്സാഹനങ്ങൾ നൽകുന്നതിനും ഈ സാമ്പത്തിക വർഷം 100 പേർക്ക് കൂടി തൊഴിൽ നൽകുന്നതിനും ബോർഡ് ഉദ്ദേശിക്കുന്നുണ്ടെന്ന് സമിതി മനസ്സിലാക്കി. ആയതിലേക്കായി 5 കോടി രൂപയുടെ പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നുവെങ്കിലും 3 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

2851-00-105-87—പ്ലാൻ-ഖാദി ബോർഡിന്റെ നിലവിലുള്ള വിൽപ്പനകേന്ദ്രങ്ങൾ പുതുക്കുന്നതിനും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും ഗോഡൗണുകൾ നവീകരിക്കുന്നതിനും

2010-11 വർഷത്തേക്ക് 3 കോടി 65 ലക്ഷം രൂപയുടെ പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിച്ചപ്പോൾ 68 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിരിക്കുന്നത്. ആയതിനാൽ ബാക്കി തുകയായ 2 കോടി 97 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

2851-00-105-86—പ്ലാൻ-മറ്റു ഖാദി സ്ഥാപനങ്ങൾക്കുള്ള ധനസഹായം

മറ്റ് സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനായി 50 ലക്ഷം രൂപയുടെ പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിച്ചപ്പോൾ 25 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ബാക്കി തുകയായ 25 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

2851-00-110-56—പ്ലാൻ-ഖാദി സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനം

ഖാദി സഹകരണസംഘങ്ങളുടെ പുനരുദ്ധാരണത്തിനായി 50 ലക്ഷം രൂപയുടെ നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നുവെങ്കിലും പ്രസ്തുത പദ്ധതിക്ക് 25 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. 25 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

2851-00-105-82—പ്ലാൻ-ഖാദി ആർട്ടിസൻസിനു ആധുനിക സൗകര്യങ്ങൾ പ്രദാനം ചെയ്യൽ

ഖാദി തൊഴിലാളികളുടെ തൊഴിൽ നിലവാരം മെച്ചപ്പെടുത്തുവാനായി ആധുനിക സൗകര്യങ്ങൾ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇതിലേക്കായി 1 കോടി രൂപയുടെ നിർദ്ദേശങ്ങൾ സമർപ്പിച്ചപ്പോൾ 10 ലക്ഷം രൂപയാണ് വകയിരുത്തി യിരിക്കുന്നത്. ആയതിനാൽ 90 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

**കിഴക്കമ്പലത്ത് ഒരു കിഡ്സ്‌വെയർ യൂണിറ്റ് സ്ഥാപിക്കൽ**

കേരള ഖാദി ഗ്രാമവ്യവസായ ബോർഡിന്റെ കീഴിൽ കിഴക്കമ്പലത്ത് ഒരു കിഡ്സ് വെയർ യൂണിറ്റ് സ്ഥാപിക്കുന്നതിനായി 20 ലക്ഷം രൂപ വകയിരുത്തണമെന്ന് ആവശ്യ പ്പെട്ടിരുന്നുവെങ്കിലും ബഡ്ജറ്റിൽ ടി തുക വകയിരുത്തിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ 20 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

സ്വീകരിച്ച നടപടി

ഖാദി ഉല്പാദന കേന്ദ്രങ്ങളുടെ പുനരുദ്ധാരണം, ഖാദി ഉല്പാദന കേന്ദ്രങ്ങളുടെ വർക്ക്ഷെഡുകൾ നിർമ്മിക്കൽ, വാർത്താവിതരണം, പ്രചരണം, പരിശീലനം, നെയ്ത്ത് മേഖല ശക്തിപ്പെടുത്തൽ, ഖാദി ബോർഡ് കമ്പ്യൂട്ടർവൽക്കരണം, തേനീച്ച വ്യവസായ ത്തിന്റെ വികസനം, വിപണനകേന്ദ്രങ്ങൾ ശക്തിപ്പെടുത്തലും പുതിയ കേന്ദ്രങ്ങൾ സ്ഥാപിക്കലും, പ്രത്യേക തൊഴിൽ സൃഷ്ടിക്കൽ പദ്ധതി, ഖാദി സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനം എന്നിവയ്ക്കെല്ലാം കൂടി പദ്ധതിയിനത്തിൽ 2010-11-ൽ അധികമായി 1370 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്തെങ്കിലും സർക്കാരിന്റെ സാമ്പത്തിക ബുദ്ധിമുട്ടുമൂലം അധിക തുക വകയിരുത്താൻ സാധിച്ചില്ല.

(ഖണ്ഡിക 5-17)

2851-00-105-99(09)—നോൺ പ്ലാൻ-ഭരണപരമായ ചെലവുകൾ

ശുപാർശ

ജീവനക്കാരുടെ ശമ്പളം, പെൻഷൻ, യാത്രാപ്പടി, കണ്ടിൻജൻസി തുടങ്ങിയ ഭരണപരമായ ചെലവുകൾക്കുവേണ്ടിയുള്ള ബഡ്ജറ്റ് വിഹിതമായ 15 കോടി 18 ലക്ഷം രൂപ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. അതിനാൽ നടപ്പുസാമ്പത്തിക വർഷം 7 കോടി 51 ലക്ഷം രൂപയും കുടിശ്ശികയിനത്തിൽ ലഭിക്കാനുള്ള തുകയുടെ ഏകദേശം ¼ ആയ 5 കോടി 20 ലക്ഷം രൂപയും കൂടി ചേർത്ത് ആകെ 12 കോടി 71 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

<u>സ്വീകരിച്ച നടപടി</u>

ഖാദി ബോർഡ് ജീവനക്കാർക്ക് പുതുക്കിയ ശമ്പളവും പെൻഷനും നൽകുന്നതിനായി 1271 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്തെങ്കിലും സർക്കാരിന്റെ സാമ്പത്തിക ബുദ്ധിമുട്ടുമൂലം അധികതുക വകയിരുത്താൻ സാധിച്ചില്ല.

2851-00-105-84—കേരള സംസ്ഥാന പന ഉൽപ്പന്ന വികസന തൊഴിലാളി ക്ഷേമ കോർപ്പറേഷൻ ലിമിറ്റഡ് (കെൽപാം)

<u>ശുപാർശ</u>

2010-11-ൽ വിഭാവനം ചെയ്യുന്ന പദ്ധതികൾ

**സമഗ്ര തൊഴിലാളി ക്ഷേമപദ്ധതി**

കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളിലൊന്നായ കരിമ്പനാധിഷ്ഠിത വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ ഉന്നമനം, കരിമ്പന ഉൽപ്പന്ന വികസനം, കൃഷി പ്രോത്സാഹനം എന്നിവ ലക്ഷ്യമാക്കി 1985-ൽ രൂപീകരിച്ച കെൽപാം 2009-2010 വരെ ഏകദേശം 6000 തൊഴിലാളികളെ രജിസ്റ്റർ ചെയ്യുകയും 5000 ഐഡന്റിറ്റി കാർഡുകൾ തയ്യാറാക്കുകയും ചെയ്തു. എൽ.ഐ.സി.യുമായി ചേർന്ന് ജനശ്രീ ഭീമായോജന പദ്ധതിയിൽ ആയിരത്തി അഞ്ഞൂറോളം പേരെ അംഗമാക്കുകയും അവരുടെ ഹൈസ്കൂൾ, ഹയർ സെക്കന്ററി തലങ്ങളിൽ പഠിക്കുന്ന 157 കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭ്യമാക്കുകയും ചെയ്തു. 2010-11 വർഷത്തിൽ ഏകദേശം 5000 പേരെകൂടി ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാക്കാൻ ലക്ഷ്യമിട്ടിരിക്കുകയാണ്. ഈ മേഖലയിലെ 80 ശതമാനത്തിലേറെ കുടുംബങ്ങളും ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരായതിനാൽ തൊഴിലാളികൾക്ക് പെൻഷൻ ഉൾപ്പെടെയുള്ള വിവിധ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിന് കെൽപാം പദ്ധതികൾ തയ്യാറാക്കിവരുന്നു. ഇവ നടപ്പിലാക്കുവാൻ 130.50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

**കരിമ്പനകൃഷി പ്രോത്സാഹനവും സാമൂഹ്യവനവൽക്കരണവും**

ഉഷ്ണമേഖലാ പ്രദേശങ്ങളിലെ ജനങ്ങൾക്കാവശ്യമായ കരിമ്പന ഉൽപ്പന്നങ്ങൾ യഥേഷ്ടം ലഭ്യമാക്കുവാൻ കരിമ്പനകൃഷി സാമൂഹ്യവനവൽക്കരണത്തിന്റെ ഭാഗമായി പ്രോത്സാഹിപ്പിക്കാവുന്നതാണ്. ഇത്തരം പ്രവർത്തനങ്ങൾക്കായി ഏതാണ്ട് രണ്ട് ലക്ഷത്തോളം വിത്തുകൾ 2010-11 വർഷത്തിൽ ശേഖരിക്കുന്നതിനും വിതരണം ചെയ്യുന്നതിനും അതിന്റെ നഴ്സറികൾ തയ്യാറാക്കി കരിമ്പന തൈകൾ ആവശ്യമുള്ള ഏജൻസികൾക്കും സൊസൈറ്റികൾക്കും വ്യക്തികൾക്കും ലഭ്യമാക്കേണ്ടതുണ്ട്. പനം കൃഷിക്കും പനഫാം ഉണ്ടാക്കുന്നതിനും ആകെ 58 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

**കരിമ്പന ഗവേഷണ കേന്ദ്രം**

ഗവേഷണ വികസന പ്രവർത്തനങ്ങളുടെ പ്രാരംഭ ചെലവുകൾക്കായി 50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

**പനനാര് സംസ്ക്കരണ കേന്ദ്രത്തിന്റെ പുനരുദ്ധാരണവും ഗോഡൗൺ നിർമ്മാണവും**

പാലക്കാട് കല്ലേപ്പുള്ളിയിൽ അടഞ്ഞുകിടക്കുന്ന പനനാര് സംസ്ക്കരണ കേന്ദ്രത്തിന്റെ പുനരുദ്ധാരണ പ്രവർത്തനം നടന്നുവരികയാണ്. ഈ കേന്ദ്രത്തിന്റെ രണ്ടാംഘട്ട വികസനത്തിനായി ഏതാണ്ട് രണ്ട് കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. കൂടാതെ ഗോഡൗൺ നിർമ്മിക്കുന്നതിന് 15 ലക്ഷം രൂപയും വേണ്ടിവരും. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് 2 കോടി 15 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

**പനയോല കരകൗശല ഉൽപ്പന്നങ്ങളുടെ നിർമ്മാണവും പരിശീലനവും**

കരകൗശല ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിൽ പരിശീലനം നൽകുവാനും അവർ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ ശേഖരിച്ച് വിൽപ്പന നടത്തുവാനും കെൽപാം ലക്ഷ്യമിടുന്നു. ഇതിന്റെ സുഗമമായ നടത്തിപ്പിനായി ഒരു പനയോല ഗോഡൗൺ കൊറ്റാമത്ത് സ്ഥാപിക്കുവാനും പദ്ധതിയുണ്ട്. ഇവയ്ക്കെല്ലാം കൂടി 25 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

**കുറഞ്ഞ പലിശനിരക്കിലുള്ള എൻ.ബി.സി.എഫ്.ഡി.സി.യുടെ വായ്പാ പദ്ധതി**

പരമ്പരാഗത കരിമ്പന വ്യവസായ മേഖലയിലും അനുബന്ധ തൊഴിൽ മേഖലയിലും പ്രവർത്തിക്കുന്ന തൊഴിലാളികളുടെയും കുടുംബാംഗങ്ങളുടെയും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും സ്വയംതൊഴിൽ കണ്ടെത്തുന്നതിനും എൻ.ബി.സി. എഫ്.ഡി.സി.യുടെ കുറഞ്ഞ പലിശനിരക്കിലുള്ള വായ്പ പദ്ധതി നടപ്പിലാക്കുന്നതിന് 2010-11 വർഷത്തിൽ 10 ലക്ഷം രൂപ സ്റ്റേറ്റ് ചാനലയ്സിംഗ് ഏജൻസിയുടെ അംശദായമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

**പുതിയ ആരോഗ്യ ഔഷധ കരിമ്പന ഉല്പന്നവികസനവും വ്യാപനവും**

കരിമ്പന ഉല്പന്നങ്ങളായ അക്കാനി, പനം നൊങ്ക്, പാംസിറപ്പ്, ചുക്കുകരുപ്പുകട്ടി പൗഡർ, കഫ് സിറപ്പ് മുതലായവ ആധുനിക യന്ത്രവൽക്കൃത രീതിയിൽ സംസ്ക്കരിച്ച് വിപണനം നടത്തുന്നതിന് പുതിയ ഫാക്ടറിയും യന്ത്രസാമഗ്രികളും വാങ്ങുന്നതിനും വിപുലമായ ലാബോറട്ടറി സ്ഥാപിക്കുന്നതിനും 10 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

സ്വീകരിച്ച നടപടി

ബഡ്ജറ്റിൽ വകയിരുത്തിയ 20 ലക്ഷം രൂപയ്ക്ക് പുറമെ 10 ലക്ഷം രൂപ 2010-11-ൽ കെൽപാമിന് നൽകി. ഇതിനുപുറമെ 75 ലക്ഷം രൂപയുടെ പദ്ധതി ധനകാര്യ വകുപ്പിന് സമർപ്പിച്ചിരുന്നുവെങ്കിലും അംഗീകാരം ലഭിച്ചില്ല.

(ഖണ്ഡിക 19-25)

## കയർ വ്യവസായം

2851-00-106-95—വ്യാപാരപ്രദർശനമുൾപ്പെടെയുള്ള പരസ്യവും പ്രചരണവും

ശുപാർശ

കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളിൽ പ്രഥമസ്ഥാനമാണ് കയർ വ്യവസായത്തിനുള്ളത്. 2010 ദേശീയ കയർ വർഷമായി ആചരിക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പ്രധാന നഗരങ്ങളിലെ ബയർ-സെല്ലർ മീറ്റ് സംഘടിപ്പിക്കുക, എക്സിബിഷനുകളിൽ പങ്കെടുക്കുക, "കേരള കയർ ദൈവത്തിന്റെ സ്വന്തം നാട്ടിലെ സുവർണ്ണനാര്" എന്ന ബ്രാൻഡ് ലോഗോയ്ക്ക് വിപുലമായ പ്രചരണം എന്നിവയ്ക്കായി ഈ ഹെഡ്ഡിൽ 1 കോടി 50 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

സ്വീകരിച്ച നടപടി

150 ലക്ഷം രൂപ അധികമായി വകയിരുത്തുന്നതിനുള്ള ഉപധനാഭ്യർത്ഥന കൾക്കുള്ള (SDG) ശുപാർശ നൽകിയിരുന്നു. എന്നാൽ ഈ ശീർഷകത്തിൽ 150 ലക്ഷം രൂപ വകയിരുത്തിയിരുന്നതും റീ അപ്രോപ്രിയേഷൻ മുഖാന്തിരം ലഭിച്ച 300 ലക്ഷം രൂപയും ചേർത്ത് ആകെ 450 ലക്ഷം രൂപ കയറുൽപ്പന്നങ്ങളുടെ വിപണി വികസിപ്പിക്കുന്നതിനാവശ്യമായ കച്ചവട മേളകൾ, പ്രദർശനങ്ങൾ എന്നിവയിൽ പങ്കെടുക്കുന്നതിനും ആലപ്പുഴയിൽ ഇന്റർനാഷണൽ കയർ ഫെയർ നടത്തുന്നതിനും കോഴിക്കോട്, ആലപ്പുഴ ജില്ലകളിൽ വിവിധ കയർ ഫെസ്റ്റുകൾ സംഘടിപ്പിക്കുന്നതിനും കയർ വികസന വകുപ്പ്, NCRMI, Coirfed, FOMIL, KSCC തുടങ്ങിയ വിവിധ സ്ഥാപനങ്ങളുടെ പരസ്യ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് വിനിയോഗിച്ചു.

2851-00-106-93—ക്ഷേമ നടപടികൾ

കയർ തൊഴിലാളി പെൻഷൻ, മാച്ചിംഗ് ഗ്രാന്റ്, മറ്റ് ക്ഷേമ പദ്ധതികൾ ഇവ നടപ്പിലാക്കാൻ കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന് നൽകുന്ന വിഹിത മാണിത്. കയർമേഖലയെ ആശ്രയിച്ചു ജീവിക്കുന്ന തൊഴിലാളികൾക്ക് വേണ്ടത്ര ഉന്നമനം സാധിച്ചിട്ടില്ല. 2010-11-ലെ ബഡ്ജറ്റിൽ ക്ഷേമ പദ്ധതിക്ക് പെൻഷൻ 300 രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തു. ഈ സാഹചര്യം കണക്കിലെടുത്ത്

കുടിശ്ശിക തീർക്കാനും പെൻഷൻ നൽകാനും മറ്റ് ക്ഷേമപദ്ധതികൾ നടപ്പിലാക്കാനും ഏകദേശം 20 കോടി രൂപയോളം വേണ്ടിവരും. ആയതിനാൽ ഈ ഹെഡ്ഡിൽ 7 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

## സ്വീകരിച്ച നടപടി

കയർ തൊഴിലാളികൾക്ക് കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖാന്തിരം വിവധ ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതിനും, മാച്ചിംഗ് ഗ്രാന്റ്, പെൻഷൻ മുതലായവ നൽകുന്നതിനുമായി 2010-11 വാർഷിക ബഡ്ജറ്റിൽ 1300 ലക്ഷം രൂപ വകയിരുത്തിയിരുന്നു. തുടർന്ന് സപ്ലിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റ് (SDG) മുഖാന്തിരം പെൻഷൻ, വിരമിക്കൽ ആനുകൂല്യം ഇവ നൽകുന്നതിനായി 2626.43 ലക്ഷം രൂപ ലഭിച്ചതും ഉൾപ്പെടെ ആകെ 3926.43 ലക്ഷം രൂപ വിനിയോഗിച്ചു. പെൻഷൻ ഇനത്തിൽ 2926.43 ലക്ഷവും മാച്ചിംഗ് ഗ്രാന്റ് ഇനത്തിൽ 200 ലക്ഷവും വൃദ്ധസദന നിർമ്മാണത്തിന് 50 ലക്ഷവും വിരമിക്കൽ ആനുകൂല്യം നൽകുന്നതിന് 750 ലക്ഷം രൂപയുമാണ് കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖാന്തിരം വിനിയോഗിച്ചത്.

2851-00-110-61—കയർ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനം

## ശുപാർശ

കയർ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിന് 7 കോടി 9 ലക്ഷം രൂപ തീരെ അപര്യാപ്തമാണ്. കൂടാതെ ത്രിഫ്റ്റ്, ഷെയർ, ഗ്രാറ്റുവിറ്റി മുതലായവയും കൊടുക്കേണ്ടതുണ്ട്. ഈ സാഹചര്യം കണക്കിലെടുത്ത് 5 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

## സ്വീകരിച്ച നടപടി

5 കോടി രൂപ അധികമായി വകയിരുത്തണമെന്നുള്ള സമിതിയുടെ ശുപാർശ പ്രകാരം 5 കോടി രൂപയ്ക്കുള്ള ഉപധനാഭ്യർത്ഥന (SDG) ശുപാർശ നൽകിയിരുന്നു. ആയതിന് സർക്കാരിൽ നിന്നും അനുമതി ലഭിച്ചില്ല. കൂടാതെ റീ അപ്രോപ്രിയേഷൻ ലഭിക്കുന്നതിന് അപേക്ഷിച്ചിരുന്നു. ആയതിനും അനുമതി ലഭിച്ചിട്ടില്ല. എന്നാൽ സഹകരണ സംഘങ്ങളെ സഹായിക്കുന്ന ഈ പദ്ധതിക്ക് 2010-11 ബഡ്ജറ്റിൽ വകയിരുത്തിയ 709 ലക്ഷം രൂപയും കയർ മേഖലയിലെ സഹകരണ സംഘങ്ങളിലെ തൊഴിലാളികൾക്ക് ത്രിഫ്റ്റ്/ഷെയർ ഇവ മടക്കി നൽകാനും ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി നൽകുന്നതിനും വേണ്ടിയാണ് ചെലവഴിച്ചത്.

2851-00-106-41—പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനഃസംഘടന/കയർഫെഡ് പുനഃസംഘടിപ്പിക്കുന്നതിന്

ശുപാർശ

കയർഫെഡിന്റെ പുനരുദ്ധാരണ പ്രൊപ്പോസൽ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. കൂടാതെ കേരള സംസ്ഥാന കയർ കോർപ്പറേഷന്റെ പുനഃസംഘടനയും നടപ്പിലാക്കേണ്ടതുണ്ട്. ആയതിനാൽ ടി ഹെഡ്ഡിൽ 10 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

സ്വീകരിച്ച നടപടി

10 കോടി രൂപ അധികമായി വകയിരുത്തണമെന്നുള്ള സമിതിയുടെ ശുപാർശ പ്രകാരം 10 കോടി രൂപയ്ക്കുള്ള ഉപധനാഭ്യർത്ഥനകൾക്കുള്ള (SDG) ശുപാർശ നൽകിയിരുന്നു. എന്നാൽ അനുമതി ലഭിച്ചില്ല. ഈ പദ്ധതിയുടെ നടത്തിപ്പിനായി 2010-11 വാർഷിക ബഡ്ജറ്റിൽ 700 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഈ ശീർഷകത്തിൽ കയർഫെഡ്, കയർ കോർപ്പറേഷൻ എന്നിവർക്കായി 605 ലക്ഷം രൂപ അനുവദിച്ചു. കയർഫെഡിന്റെ പുനരുദ്ധാരണ പ്രൊപ്പോസൽ സർക്കാർ അംഗീകരിച്ചു. 95 ലക്ഷം രൂപയുടെ പ്രൊപ്പോസലിന് ഭരണാനുമതി ലഭിച്ചെങ്കിലും ഫണ്ട് റിലീസ് ചെയ്തില്ല.

2851-00-106-62—കയർ വ്യവസായത്തിൽ നിയന്ത്രിത യന്ത്രവൽക്കരണം

ശുപാർശ

കയർ വ്യവസായത്തിനാവശ്യമായ എല്ലാവിധ യന്ത്രസാമഗ്രികളും നിർമ്മിക്കുന്നതിനുള്ള ഫാക്ടറി ആലപ്പുഴയിൽ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടിനു അംഗീകാരം ലഭിച്ചു കഴിഞ്ഞു. ഈ ഫാക്ടറി 2010–11 സാമ്പത്തികവർഷം തന്നെ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിനാവശ്യമായ തുകയും കയർ വ്യവസായത്തിൽ നിയന്ത്രിത യന്ത്രവൽക്കരണം പദ്ധതിയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ ഈ പദ്ധതിയിൽ 5 കോടി രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

സ്വീകരിച്ച നടപടി

കയർ മേഖലയിൽ യന്ത്രനിർമ്മാണ ഫാക്ടറി സ്ഥാപിക്കുക, സ്വകാര്യ സംരംഭകർക്ക് സബ്സിഡി നൽകുക തുടങ്ങിയ നിരവധി പ്രവർത്തനങ്ങൾക്കാണ് തുക വകയിരുത്തിയിരുന്നത്. 500 ലക്ഷം രൂപ അധികമായി വകയിരുത്തുന്നതിനുള്ള ഉപധനാഭ്യർത്ഥനകൾക്കുള്ള (SDG) ശുപാർശ 2010-11 വർഷം നൽകിയിരുന്നു. ആയത് ലഭിച്ചിട്ടില്ല.

ഈ ശീർഷകത്തിൽ വകയിരുത്തിയിരുന്ന 1,000 ലക്ഷം രൂപയിൽ 9,67,80,207 കയർ മെഷിനറി മാനുഫാക്ചറിംഗ് ഫാക്ടറിക്കും 32,19,793 രൂപ 6 ഡീഫൈബറിംഗ് മില്ലുകൾക്ക് സബ്സിഡി നൽകുന്നതിനുമായാണ് പ്രധാനമായും വിനിയോഗിച്ചത്.

2851-00-106-33—കയർ കടാശ്വാസ പദ്ധതി

ശുപാർശ

സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതി വിപുലീകരിച്ച് നടപ്പിലാക്കാൻ 3 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

സ്വീകരിച്ച നടപടി

ഈ പദ്ധതിക്കായി 100 ലക്ഷം രൂപ അധികമായി വകയിരുത്തുന്നതിനുള്ള ഉപധനാഭ്യർത്ഥനകൾക്കുള്ള (SDG) ശുപാർശ നൽകിയിരുന്നു. ആയത് ലഭിച്ചിട്ടില്ല. 2010-11 വാർഷിക ബഡ്ജറ്റിൽ 200.00 ലക്ഷം രൂപ വകയിരുത്തിയിരുന്നതിൽ 1,31,70,182 രൂപയാണ് ചെലവഴിച്ചത്. ധനകാര്യ സ്ഥാപനങ്ങൾ പലിശ, പിഴപ്പലിശ എന്നിവ പൂർണ്ണമായും എഴുതിത്തള്ളാത്തതും സർക്കാർ നൽകുന്ന തുക കിഴിച്ചുള്ള തുക സ്ഥാപനത്തിന് അടയ്ക്കാൻ കഴിയാതിരുന്നതും, അപേക്ഷകൾ കുറയാൻ കാരണമായി. മാത്രമല്ല Election Code of Conduct നിലവിലുണ്ടായിരുന്നതിനാൽ ചില അപേക്ഷകൾ പരിഗണിക്കാനും കഴിഞ്ഞില്ല.

2851-00-106-64—കയർ തൊഴിലാളികൾക്കുള്ള ധനസഹായം

ശുപാർശ

കയർ സഹകരണ സംഘങ്ങളിൽ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണ്. ഇത് നടപ്പിലാക്കാൻ 3 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

സ്വീകരിച്ച നടപടി

കയർ മേഖലയിലെ സഹകരണ സംഘങ്ങളിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ അവസ്ഥ മെച്ചപ്പെടുത്തുന്നതിന് വിവിധ മാർഗ്ഗങ്ങളും പ്രസ്തുത ആനുകൂല്യത്തിന്റെ ഒരു ഭാഗം സർക്കാർ വഹിക്കണമെന്നും കയർ കമ്മീഷൻ റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുണ്ട്. സർക്കാർ അംഗീകാരം നൽകുന്ന കയർ മേഖലയിലെ സംഘടിതവും അസംഘടിതവുമായ തൊഴിലാളികൾ/ജീവനക്കാർ/സ്റ്റാഫ് മുതലായവർക്ക് മേൽ പ്രസ്താവിച്ച ഉദ്ദേശ്യങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനും മറ്റ് പാക്കേജുകൾക്കുമായി 2010-11 വാർഷിക ബഡ്ജറ്റിൽ 50.00 ലക്ഷം രൂപ വകയിരുത്തിയിരുന്നു. പ്രൊപ്പോസൽ അംഗീകരിക്കാത്തതിനാൽ ലഭ്യമായ തുകപോലും ചെലവഴിക്കാൻ സാധിച്ചില്ല.

ശുപാർശ

ബഹു. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ അസംഘടിത മേഖലയിലെ കയർ തൊഴിലാളികൾക്ക് ഒരു കോൺട്രിബ്യൂട്ടറി റിട്ടയർമെന്റ് ബെനിഫിറ്റ്-കം-ഗ്രാറ്റുവിറ്റി പദ്ധതി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച സാഹചര്യത്തിൽ ഈ പദ്ധതി വിഹിതം കേരളാ കയർത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് നയപ്രഖ്യാപനത്തിൽ സൂചിപ്പിച്ച വിരമിക്കൽ ആനുകൂല്യം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

സ്വീകരിച്ച നടപടി

കയർ മേഖലയിലെ തൊഴിലാളികൾക്കായി വിരമിക്കൽ ആനുകൂല്യ പദ്ധതി നടപ്പിലാക്കുന്നതിന് 2010-11 വർഷം 750 ലക്ഷം രൂപ കേരളാ കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന് അനുവദിച്ചു.

ശുപാർശ

2010 വർഷം ദേശീയ കയർ വർഷമായി ആചരിക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്. നിലവിലുള്ള പദ്ധതികൾ കൂടാതെ വിവിധ പദ്ധതികൾ നടപ്പിലാക്കാൻ 14 കോടി രൂപയുടെ ഒരു പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. അത് നടപ്പിലാക്കാൻ പ്രത്യേകം തുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

സ്വീകരിച്ച നടപടി

14 കോടി രൂപയുടെ പ്രൊപ്പോസലിന് പ്രത്യേകം അംഗീകാരം ലഭിച്ചില്ല. എന്നാൽ 'കയർ കേരള 2011' ഉൾപ്പെടെയുള്ള മറ്റു പദ്ധതികൾ നടപ്പിലാക്കി ഈ മേഖലയ്ക്ക് ഉണർവുണ്ടാക്കി.

ശുപാർശ

"കയർ സാങ്കേതിക വിദ്യയിൽ ഗവേഷണവും വികസനവും നടത്തുന്ന കേന്ദ്രങ്ങൾക്കുള്ള ഗ്രാന്റ്" പദ്ധതി പ്രകാരം 2 കോടി 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ തുക നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (NCRMI)-ന്റെ ഭരണപരമായ ചെലവുകൾ, ശമ്പളം, അലവൻസുകൾ എന്നിവയ്ക്കായി ഉപയോഗിക്കാൻ പാടില്ലെന്ന് നിഷ്കർഷിച്ചുകൊണ്ടുള്ള നിബന്ധന ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

സ്വീകരിച്ച നടപടി

നോൺ-പ്ലാൻ ഇനത്തിൽ ഉൾപ്പെടുത്താനുള്ള നിർദ്ദേശപ്രകാരം വിശദമായ പ്രൊപ്പോസൽ പരിഗണനയിലാണ്.

ശുപാർശ

സഹകരണ സംഘങ്ങളിൽ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കൽ പദ്ധതി പ്രകാരം 2 കോടി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ തുക വൈദ്യുതി ചാർജ് കുടിശ്ശികയുടെ 50% നൽകുന്നതിനും ഉപയോഗിക്കാവുന്നതാണ്. ഇത് ഒറ്റത്തവണ മാത്രമേ നൽകാൻ പാടുള്ളൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 2009-10-ലും ഈ പദ്ധതി ഉണ്ടായിരുന്നെങ്കിലും "ഒറ്റത്തവണ" എന്ന് നിഷ്കർഷിച്ചിരുന്നില്ല. ഈ സാഹചര്യത്തിൽ "ഒറ്റത്തവണ ധനസഹായം നൽകുന്നതിന്" എന്നത് ഒഴിവാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ ഡീഫൈബറിംഗ് മില്ലുകൾക്ക് വൈദ്യുതി ചാർജിന്റെ 50% റീഇംബേഴ്സ് ചെയ്ത് നൽകാം എന്ന് കൂട്ടിച്ചേർക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

സ്വീകരിച്ച നടപടി

ഒറ്റത്തവണ എന്ന നിബന്ധന ഒഴിവാക്കി നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു. എന്നാൽ നിശ്ചിത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പദ്ധതിവിഹിതം വൈദ്യുതി ചാർജ് നൽകുന്നതുപോലെയുള്ള പദ്ധതിയിതര ഉദ്ദേശ്യങ്ങൾക്ക് വകമാറ്റണമെന്ന ആവശ്യം അനുവദിക്കാൻ കഴിയാത്തതിനാൽ ആവശ്യപ്പെട്ട ഭേദഗതികൾ അംഗീകരിക്കുവാൻ നിർവ്വാഹമില്ലെന്ന് അറിയിച്ചിരുന്നു.

ശുപാർശ

2009-10 വർഷത്തിൽ ഏകദേശം 3 കോടി രൂപയ്ക്കുള്ള അപേക്ഷകൾ കെട്ടിക്കിടപ്പുണ്ട്. പീഡിത വ്യവസായ പുനരുദ്ധാരണ പദ്ധതിയിൽ വ്യവസായ സ്ഥാപനങ്ങൾക്കാവശ്യമായ ധനസഹായം നൽകുന്നതും ഈ ഹെഡിൽ നിന്നാണ്. 2010-11 വർഷത്തിൽ ഏറ്റവും കുറഞ്ഞത് 8 കോടി രൂപയെങ്കിലും ലഭിച്ചാൽ മാത്രമേ നിലവിലുള്ള അപേക്ഷകൾ പൂർണ്ണമായും പരിഗണിക്കാൻ കഴിയൂ. അതിനാൽ ടി ഹെഡിൽ 2 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

സ്വീകരിച്ച നടപടി

പീഡിത വ്യവസായ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുന്ന വ്യവസായ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്നത് വിത്ത് മൂലധന വായ്പ ശീർഷകത്തിൽ നിന്നാണ് (6851-00-106-69—മാർജിൻ മണി വായ്പ).

2010-11 സാമ്പത്തിക വർഷത്തിൽ വിത്ത് മൂലധന വായ്പ ഇനത്തിൽ ലഭിച്ച 6 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. മാർജിൻമണി വായ്പ ഇനത്തിൽ കെട്ടിക്കിടക്കുന്ന അപേക്ഷകൾക്കായി റീഅപ്രോപ്രിയേഷൻ വഴി അധികമായി വകയിരുത്താൻ

ആവശ്യപ്പെട്ട 1 കോടി രൂപ അനുവദിച്ചിരുന്നില്ല. മാർജിൻമണി വായ്പയിനത്തിൽ 1,25,93,546 രൂപയുടെ അപേക്ഷകൾ മതിയായ ഫണ്ടില്ലാത്തത് കാരണം 2010-11-ൽ നൽകാൻ കഴിഞ്ഞിരുന്നില്ല. 2011-12 സാമ്പത്തിക വർഷത്തിൽ വിത്ത് മൂലധന വായ്പാ ശീർഷകത്തിൽ അനുവദിച്ച 5 കോടി രൂപയിൽ നിന്നും 50 ലക്ഷം രൂപ പീഡിത വ്യവസായ പുനരുദ്ധാരണത്തിനായി മാറ്റി ചെലവഴിച്ചിട്ടുണ്ട്.

4851-00-102-96—പുതിയ വ്യവസായ എസ്റ്റേറ്റുകളുടെ സ്ഥലമെടുപ്പ്

ശുപാർശ

നിലവിലുള്ള ഡവലപ്മെന്റ് പ്ലോട്ടുകളിലെ ഏറ്റെടുത്ത ജോലികൾ പൂർത്തീകരിക്കുക, മറ്റ് പൊതുസൗകര്യങ്ങൾ വർദ്ധിപ്പിക്കുക, വൈദ്യുതി, ജലം എന്നീ സൗകര്യങ്ങൾ ഉൾപ്പെടെയുള്ള ഭൂമി വികസനത്തിനായി 1 കോടി രൂപ ആവശ്യപെട്ടിരുന്നുവെങ്കിലും 85 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ആയതിനാൽ ബാക്കി തുകയായ 15 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ പരിമിതിമൂലം കൂടുതൽതുക അനുവദിക്കാൻ നിർവ്വാഹമില്ലെന്ന വിവരം അറിയിക്കുന്നു.

ശുപാർശ

സംസ്ഥാന ജില്ലാതല കമ്മിറ്റിയിൽ പാസാക്കിവച്ചിരിക്കുന്ന അപേക്ഷകൾക്ക് നിക്ഷേപ സബ്സിഡി നൽകുന്നതിനായി ഈ സാമ്പത്തികവർഷം കൂടുതൽ തുക വേണ്ടിവരും. പുതിയ അപേക്ഷകൾകൂടി കണക്കിലെടുക്കുമ്പോൾ ടി വർഷം വകയിരുത്തിയിട്ടുള്ള 8 കോടി രൂപ അപര്യാപ്തമാണ്. ആയതിനാൽ 2 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

സ്വീകരിച്ച നടപടി

2010-11 സാമ്പത്തിക വർഷത്തിൽ മൂലധന നിക്ഷേപ സബ്സിഡി ഇനത്തിൽ ലഭിച്ച 848.94 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. സബ്സിഡി അപേക്ഷകൾക്കായി അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ട 2 കോടി രൂപയിൽ 48.94 ലക്ഷം രൂപ അനുവദിക്കുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. മൂലധന നിക്ഷേപ സബ്സിഡി ഇനത്തിൽ 3,22,71,679 രൂപയുടെ അപേക്ഷകൾ മതിയായ ഫണ്ടില്ലാത്തതിനാൽ 2010-11-ൽ നൽകാൻ കഴിഞ്ഞിരുന്നില്ല. ജില്ലകളിൽ നിലവിലുള്ളതും അർഹതയുള്ളതുമായ അപേക്ഷകളുടെ അടിസ്ഥാനത്തിൽ അധികതുക അനുവദിക്കുന്നകാര്യം പരിഗണിക്കുന്നതാണ്.

2851-00-001-93—സമഗ്ര വ്യവസായ പരിപാടി

ശുപാർശ

സൂക്ഷ്മ ചെറുകിട, ഇടത്തരം വ്യവസായ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം മാനകീകരണത്തിലൂടെ മെച്ചപ്പെടുത്താൻ വ്യവസായ സംരംഭങ്ങളുടെ വികസനം, സംരംഭകർക്കുള്ള സഹായ പരിപാടി, വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കൽ എന്നിവയ്ക്കായി 3 കോടി രൂപ ആവശ്യപ്പെട്ടപ്പോൾ 2 കോടി 20 ലക്ഷം മാത്രമേ വകയിരുത്തിയിട്ടുള്ളൂ. ഇത് സുഗമമായ പ്രവർത്തനങ്ങൾക്ക് മതിയാകുന്നതല്ല. ബാക്കി തുകയായ 80 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

സ്വീകരിച്ച നടപടി

2010-11-ൽ അധികതുക അനുവദിക്കാൻ ശുപാർശ ചെയ്തിരുന്നെങ്കിലും പ്രസ്തുത തുക റിലീസ് ചെയ്യുന്നതിന് ടി സാമ്പത്തികവർഷം കഴിഞ്ഞിരുന്നില്ല. എന്നാൽ 2011-12 സാമ്പത്തികവർഷം ഈ ആവശ്യത്തിലേക്കായി 2 കോടി അനുവദിച്ചിരുന്നു.

2851-00-102-85—സെൻസസ് ന്യൂക്ലിയസ് സെൽ (കേന്ദ്രാവിഷ്കൃതം 100%)

ശുപാർശ

100% കേന്ദ്രാവിഷ്കൃത പദ്ധതിയായ ന്യൂക്ലിയസ് സെല്ലിനുവേണ്ടി 60 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഇതിൽ 40 ലക്ഷം രൂപ ശമ്പളം നൽകുന്നതിനും 20 ലക്ഷം രൂപ മറ്റ് ചെലവുകൾക്കായും ഉള്ളതാണ്. എന്നാൽ സർവ്വേയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കുള്ള യാത്രാബത്തയ്ക്കായി തുകയൊന്നും അനുവദിച്ചിട്ടില്ല. ഇതിനായി മറ്റു ചെലവുകൾക്കനുവദിച്ചിട്ടുള്ള 20 ലക്ഷം രൂപ വകമാറ്റി ചെലവഴിക്കാൻ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

സ്വീകരിച്ച നടപടി

ജീവനക്കാരുടെ യാത്രാസംബന്ധമായ ചെലവുകൾ non-plan ഇനത്തിൽ ഉൾപ്പെടുത്തി അനുവദിച്ചിരുന്നതിനാൽ തുക ലഭിക്കാതെ വന്നു എന്നൊരു സാഹചര്യം സംജാതമായിട്ടില്ല.

**റിയാബ്**

2852-80-800-88—(പ്ലാൻ) പബ്ലിക് സെക്ടർ റീസ്ട്രക്ചറിംഗ് ആന്റ് ഇന്റേണൽ ആഡിറ്റ് ബോർഡ്

ശുപാർശ

റിയാബിന്റെ പ്രവർത്തനത്തിനായി 2010-11 സാമ്പത്തിക വർഷം 2852-80-800-88 (പ്ലാൻ) എന്ന ഹെഡിൽ 100 ലക്ഷം രൂപ ആവശ്യപ്പെട്ടതിൽ 50 ലക്ഷം രൂപയാണ് അനുവദിച്ചിരിക്കുന്നത്. റിയാബിന് ശമ്പളം ഉൾപ്പെടെയുള്ള ചെലവുകൾക്കായി നോൺ-പ്ലാൻ ഇനത്തിൽ 50 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 52)

സ്വീകരിച്ച നടപടി

സമിതി ശുപാർശ ചെയ്തപ്രകാരം റിയാബിന് നോൺ-പ്ലാൻ ഇനത്തിൽ 2010-11-ൽ തുകയൊന്നും അനുവദിക്കുവാൻ കഴിഞ്ഞില്ല.

ശുപാർശ

ടി.സി.സി.-യുടെ പ്രവർത്തനങ്ങൾക്കായി 2010-11-ൽ 51 കോടി രൂപ അനുവദിച്ചിട്ടുണ്ട്. Kerala Industrial Revitalisation Fund-ന്റെ 12% പലിശനിരക്കിലുള്ള 45.50 കോടി രൂപയുടെ കടബാധ്യത 8.5% പലിശനിരക്കിൽ കെ.എഫ്.സി.-യിലേക്ക് മാറ്റുകയും കമ്പനി കെ.എഫ്.സി.-യിലേക്ക് പ്രതിമാസം 80 ലക്ഷം രൂപ തിരിച്ചടയ്ക്കുകയും ചെയ്യുന്നതുമൂലം വളരെയധികം സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടാക്കുന്നുണ്ടെന്നും കൂടാതെ 17.31 കോടി രൂപ വൈദ്യുതി ബോർഡിലേക്ക് അടയ്ക്കേണ്ടിവരുന്നത് കമ്പനിയുടെ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ടെന്നും നിലവിൽ കമ്പനിക്ക് ഗവൺമെന്റ് ലോണായി 14.5% പലിശനിരക്കിലുള്ള 3.72 കോടി രൂപയുടെ കടം ഉണ്ടെന്നും പലിശയിനത്തിൽ 1.24 കോടി രൂപ സർക്കാരിന് കൊടുക്കാനുണ്ടെന്നും ഇത് കമ്പനിയുടെ സാമ്പത്തികഭദ്രതയെ സാരമായി ബാധിക്കുന്നുണ്ടെന്നും വിലയിരുത്തിയ സമിതി മുൻവർഷം ശുപാർശ ചെയ്തിരുന്നതുപോലെ ഈ വർഷവും കമ്പനി ലാഭകരമായി പ്രവർത്തിക്കുന്നതിന് ആവശ്യമായ ഗ്രാന്റ് അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 58)

സ്വീകരിച്ച നടപടി

സമിതി ശുപാർശ ചെയ്തത് പ്രകാരം 2010-11 സാമ്പത്തിക വർഷത്തിൽ കമ്പനിക്ക് തുക അനുവദിക്കുവാൻ കഴിഞ്ഞില്ല. കമ്പനിക്ക് ഗവൺമെന്റ് ലോണായി 14.5% പലിശനിരക്കിൽ നൽകിയ 3.72 കോടി രൂപ പലിശയും ഇക്വിറ്റി ക്യാപ്പിറ്റലാക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചുവരുന്നു.

**ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്**

ശുപാർശ

കണ്ണൂർ ജില്ലയിൽ ഹൗസ് വയറിംഗ് കേബിളുകൾ നിർമ്മിക്കുന്നതിന് പുതുതായി ഒരു യൂണിറ്റ് സ്ഥാപിക്കുന്നതിന് സർക്കാർ ടി സാമ്പത്തികവർഷം. 9.25 കോടി രൂപ ഓഹരി മൂലധനമായും 3.5 കോടി രൂപ ഗ്രാന്റായും അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 59)

സ്വീകരിച്ച നടപടി

കണ്ണൂർ ജില്ലയിൽ ഹൗസ് വയറിംഗ് കേബിൾ യൂണിറ്റ് നിർമ്മിക്കുന്നതിന്റെ ആദ്യ എസ്റ്റിമേറ്റ് അനുസരിച്ച് 12.75 കോടി രൂപ ചെലവ് പ്രതീക്ഷിച്ചിരുന്നെങ്കിലും റിവൈസ്ഡ് പ്രോജക്ട് പ്രകാരം അത് 12 കോടി രൂപയായി കുറഞ്ഞു. പുതിയ പ്രോജക്ട് റിപ്പോർട്ട് പ്രകാരമുള്ള 12 കോടി രൂപയിൽ മലബാർ സിമന്റ്സിൽ നിന്നും ഗവൺമെന്റിൽ നിന്നും ഇതുവരെ ലഭിച്ച 10.17 കോടി രൂപ കിഴിച്ച് ബാക്കി തുകയായ 1.83 കോടി രൂപ പ്രവർത്തന മൂലധനമായി നൽകണമെന്ന സബ്ജക്ട് കമ്മിറ്റി-IV (വ്യവസായവും ധാതുക്കളും) 2012-13-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ ശുപാർശ പ്രകാരം 1.83 കോടി രൂപയ്ക്ക് 8-6-2012-ലെ സ.ഉ. (സാധാ.) നമ്പർ 836/2012/വ്യവ. പ്രകാരം ഭരണാനുമതി നൽകിക്കഴിഞ്ഞു. പ്രസ്തുത തുക കമ്പനിക്ക് ലഭ്യമാക്കുന്നതിലേക്കാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (കിൻഫ്ര)**

ശുപാർശ

നിഫ്റ്റ് സെന്ററിനായി ഈ വർഷം 15 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഈ തുക അപര്യാപ്തമായതിനാൽ 25 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 60)

സ്വീകരിച്ച നടപടി

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി (നിഫ്റ്റ്)-യുടെ സെന്റർ കണ്ണൂരിൽ സ്ഥാപിക്കുന്നതിന് ഇതുവരെ 45.27 കോടി രൂപ അനുവദിച്ചിട്ടുണ്ടായിരുന്നു. 2012-13 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 2.5 കോടി രൂപ ഇതിനകം അനുവദിച്ചിട്ടുണ്ട്. ബാക്കി തുക ഉടൻ നൽകുന്നതാണ്. സാമ്പത്തികവർഷത്തിൽ അനുവദിച്ച മുഴുവൻ തുകയും ഉപയോഗിച്ച് കഴിയുന്ന മുറയ്ക്ക് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയനുസരിച്ച് കൂടുതൽതുക അനുവദിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുന്നതാണ്. നിഫ്റ്റ് സെന്റർ 2012-13-ൽ തന്നെ പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകുന്നതാണ്.

ശുപാർശ

50 വൃവസായ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുവേണ്ടി 250 കോടി രൂപ വകയിരുത്തണമെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. ഇതിൽ 50 കോടി രൂപ ഈ വർഷം തന്നെ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 61)

സ്വീകരിച്ച നടപടി

പദ്ധതിയുടെ രൂപരേഖയും പ്രോജക്ട് റിപ്പോർട്ടും അംഗീകരിക്കുന്ന മുറയ്ക്ക് ബഡ്ജറ്റ് വിഹിതം വകയിരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശുപാർശ

വസ്ത്രനിർമ്മാണ വ്യവസായത്തിനുവേണ്ടി റീജിയണൽ പാർക്കുകൾ ആരംഭിക്കുന്നതിനായി 25 കോടി രൂപയും പരിശീലന ചെലവിനായി വകയിരുത്തി യിട്ടുള്ള 5 കോടി രൂപയും ഈവർഷം തന്നെ ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 62)

സ്വീകരിച്ച നടപടി

വസ്ത്രനിർമ്മാണ വ്യവസായത്തിനുവേണ്ടി റീജിയണൽ പാർക്കുകളിലെ തൊഴിലാളികളുടെ പരിശീലനത്തിനായി ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്ന 5 കോടി രൂപ ഭരണപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഉപധനാഭ്യർത്ഥന യിൽ ടോക്കൺ വിഹിതം വകയിരുത്തിയിട്ടുണ്ട്. പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് അംഗീകരിക്കുന്ന മുറയ്ക്ക് കൂടുതൽതുക അനുവദിക്കുന്നതാണ്.

## മൈനിംഗ് ആന്റ് ജിയോളജി വകുപ്പ്

ശുപാർശ

ധാതു പര്യവേഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് കൂടുതൽ വാഹനങ്ങൾ ആവശ്യമാണ്. ഇതിനാവശ്യമായ തുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 63)

സ്വീകരിച്ച നടപടി

2011-12-ൽ ആകെ 3 വാഹനങ്ങൾ വാങ്ങാൻ അനുവാദം നൽകിയിട്ടുണ്ട്. ധാതു പര്യവേഷണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് വേണ്ടി വാഹനങ്ങൾ വാങ്ങുന്നതിന് വേണ്ട തുക വകയിരുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

ശുപാർശ

താലൂക്കുതല ഓഫീസുകൾ തുടങ്ങുന്നതിനും ജില്ലാ ഓഫീസുകൾ ആധുനിക വൽക്കരിക്കുന്നതിനും ആവശ്യമായ തുക അടുത്ത വർഷത്തേക്ക് അനുവദിച്ചിരിക്കുന്ന "2853-02-001-98—Setting up of District Organisation" ഹെഡ്ഡിൽ നിന്നും ഉപയോഗിക്കുന്നതിന് വേണ്ട അനുമതി നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 64)

സ്വീകരിച്ച നടപടി

ഡിപ്പാർട്ട്മെന്റിനെ ആധുനികവൽക്കരിക്കുന്നതിന് വേണ്ട ആവശ്യമായ തുക 2853-02-001-98—Setting up of District organisation എന്ന Head of Account-ൽ നിന്ന് ഉപയോഗിച്ച് അനുമതി നൽകുന്ന വിഷയം പരിശോധിക്കുന്നതാണ്.

ശുപാർശ

പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും ഖനിജത്തെക്കുറിച്ചും ഖനനംമൂലം ഉണ്ടാകാവുന്ന പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ചും മറ്റു പ്രകൃതി പ്രതിഭാസങ്ങളെ കുറിച്ചും അവബോധം ഉണ്ടാക്കുന്നതിനായി ഒരു ജിയോളജിക്കൽ പാർക്കും മ്യൂസിയവും പരിശീലന കേന്ദ്രവും സ്ഥാപിക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 65)

സ്വീകരിച്ച നടപടി

മ്യൂസിയം ആരംഭിച്ചിട്ടുണ്ട്. പരിശീലനകേന്ദ്രം തുടങ്ങുന്നതിനുവേണ്ട നടപടി സ്വീകരിച്ചുവരുന്നു.

ശുപാർശ

വകുപ്പിലെ ഇപ്പോൾ ഉപയോഗത്തിലുള്ള ഡ്രില്ലിംഗ് മെഷീനുകൾ കാലപ്പഴക്കം ചെന്നതാകയാൽ പുതിയവ വാങ്ങാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 66)

സ്വീകരിച്ച നടപടി

ധാതുപര്യവേഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് പുതിയ ഡ്രില്ലിംഗ് മെഷീനുകൾ വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശുപാർശ

ഈറ്റ, പനമ്പ് വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ വേതനത്തിന് പുറമെയുള്ള ക്ഷേമപ്രവർത്തനങ്ങൾക്കായി കോർപ്പറേഷൻ പ്രതിവർഷം 2 കോടി രൂപ ചെലവുചെയ്യുന്നുണ്ട്. ഈ തുക ഗ്രാന്റായി അനുവദിക്കണമെന്നും ബാംബൂ പരിശീലന/ഉത്പന്ന വികസന കേന്ദ്രം, പുതിയ യന്ത്രസാമഗ്രികൾ, കമ്പോള വികസന പദ്ധതികൾ തുടങ്ങിയ പദ്ധതികൾക്കായും വായ്പയും പലിശയും മൂലധനമാക്കി മാറ്റുന്നതിനുംവേണ്ടി 9 കോടി 4 ലക്ഷം രൂപ സർക്കാരിനോട് അപേക്ഷിച്ചിരുന്നു വെങ്കിലും ബഡ്ജറ്റിൽ 4851-00-104-99 എന്ന ഹെഡിൽ 50 ലക്ഷം രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. ടി തുക വളരെ കുറവാണ്. ഏകദേശം ഒരു ലക്ഷത്തോളം വരുന്ന തൊഴിലാളികളുടെ ഉന്നമനത്തിനുവേണ്ടിയും കോർപ്പറേഷന്റെ പ്രവർത്തന ങ്ങൾക്ക് ആക്കംകൂട്ടുന്നതിന് വേണ്ടിയും മേൽസൂചിപ്പിച്ച പദ്ധതികൾ നടപ്പിലാക്കുന്ന തിനുവേണ്ടിയും 8.50 കോടി രൂപയെങ്കിലും ഗ്രാന്റായി "2851-00-104 86" എന്ന അക്കൗണ്ട് ഹെഡിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 67)

സ്വീകരിച്ച നടപടി

2010–11–ൽ സർക്കാർ ബാംബൂ കോർപ്പറേഷനായി 50 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തി നൽകി. ഇതിനുപുറമെ കോഴിക്കോട് ബാംബൂ ഫ്ളോർ ടൈൽ ഫാക്ടറി ആരംഭിക്കുന്നതിന് പ്രവർത്തനമൂലധനമായി 300 ലക്ഷം രൂപ അനുവദിച്ചു നൽകി.

ശുപാർശ

Kerala Industrial Revitalization Fund (KIRF)-ൽ നിന്നും പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വായ്പയിനത്തിൽ നൽകിയ ധനസഹായം തിരിച്ചടയ്ക്കാൻ കഴിയാത്ത സ്ഥാപനങ്ങൾക്ക് പ്രസ്തുത വായ്പ തിരിച്ചടയ്ക്കുന്നതിനായി കെ.എഫ്.സി.-യിൽ നിന്നും ലോണായി 2009-10-ൽ ധനസഹായം നൽകിയിരുന്നു. കൂടാതെ പലിശയുൾപ്പെടെയുള്ള ബോണ്ടുകളുടെ തിരിച്ചടവിനായി 33 കോടി രൂപ ആവശ്യ പ്പെട്ടെങ്കിലും 23 കോടി രൂപ മാത്രമേ എസ്.ഡി.ജി. മുഖേന 2009-2010-ൽ വകയിരുത്തി യിട്ടുള്ളൂ. ആയതിനാൽ ബാക്കി തുക 2010-11-ൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 71)

സ്വീകരിച്ച നടപടി

2010-11-ൽ 1.99 കോടി രൂപ ധനസഹായം നൽകിയിട്ടുണ്ട്. 2009-10, 2010-11 വർഷങ്ങളിൽ നൽകിയ ധനസഹായം ഉപയോഗിച്ച് പലിശ ഉൾപ്പെടെയുള്ള KIRF ബോണ്ടുകൾ തിരിച്ചടച്ചിട്ടുണ്ട്.

ശുപാർശ

പൊതുമേഖലാ സ്ഥാപനങ്ങളിൽ Capital Upgradation ഉൾപ്പെടെയുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കും ബാങ്കുകൾ, ധനകാര്യ സ്ഥാപനങ്ങൾ എന്നിവയുമായി One Time Settlement-ൽ ഏർപ്പെടുന്നതിനും കൂടുതൽ ധനസഹായം അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 72)

സ്വീകരിച്ച നടപടി

പൊതുമേഖലാ സ്ഥാപനങ്ങളുടെ Capital Upgradation ഉൾപ്പെടെയുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കും ബാങ്കുകൾ, ധനകാര്യ സ്ഥാപനങ്ങൾ എന്നിവയുമായി One time Settelement-ൽ ഏർപ്പെടുന്നുതിനുമായി 2010-11-ൽ വകയിരുത്തിയിരുന്ന 54.76 കോടി രൂപയ്ക്കുപുറമെ ഉപധനാഭ്യർത്ഥനവഴി 44.33 കോടി രൂപ കൂടി നൽകിയിട്ടുണ്ട്.

6885-01-190-97—കേരള സംസ്ഥാന വ്യാവസായിക എന്റർപ്രൈസസ് ലിമിറ്റഡ്

ശുപാർശ

കമ്പനിയുടെ പ്രധാന പ്രോജക്ടുകൾക്കുവേണ്ടി സർക്കാരിൽ സമർപ്പിച്ചിരിക്കുന്ന പ്രോജക്ട് റിപ്പോർട്ടുകളിൽ ആവശ്യപ്പെട്ടിരിക്കുന്ന തുകയുമായി താരതമ്യം ചെയ്യുമ്പോൾ അനുവദിച്ചിരിക്കുന്ന തുക തുലോം അപര്യാപ്തമാണ്. തിരുവനന്തപുരം എയർ കാർഗോ ടെർമിനലിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് 50 കോടി രൂപയും കാലിക്കറ്റ് എയർ കാർഗോ കോംപ്ലക്സിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് 25 കോടി രൂപയും കൊച്ചിയിൽ കണ്ടെയ്നർ ഫ്രെയ്റ്റ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് 15 കോടി രൂപയും കോഴിക്കോട് കേരള സോപ്സ് നിർമ്മാണ കമ്പനിയുടെ പ്രവർത്തന മൂലധനത്തിലേക്കായി 5 കോടി രൂപയും ചേർത്ത് ആകെ 95 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 73)

സ്വീകരിച്ച നടപടി

ബഡ്ജറ്റിൽ ഇതിനായി സർക്കാർ 10 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചത്. ഭൂമി അനുവദിച്ചു കിട്ടാത്തതിനാൽ തിരുവനന്തപുരം, കാലിക്കറ്റ് എയർ കാർഗോ ടെർമിനലുകളുടെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ കമ്പനി നടപ്പിലാക്കിയിട്ടില്ല. കമ്പനിയുടെ സ്വന്തം ഫണ്ടുപയോഗിച്ചും ASIDE Scheme-ൽ ലഭ്യമായ 10 കോടിയുടെ ഗ്രാന്റുപയോഗിച്ചും കൊച്ചിയിലെ കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷൻ പ്രോജക്ടിന്റെ ഒന്നാംഘട്ടം പൂർത്തിയാക്കി. സോപ്പ് യൂണിറ്റിന്റെ രണ്ടാംഘട്ട വികസനത്തിനായി മലബാർ സിമന്റ്സിൽ നിന്നും 5 കോടി രൂപ വായ്പയായി ലഭിക്കുകയും പണി പൂർത്തീകരിക്കുകയും ചെയ്തു.

**ഫോറസ്റ്റ് ഇൻഡസ്ട്രീസ് ലിമിറ്റഡ്**

ശുപാർശ

കമ്പനിയുടെ വൈവിദ്ധ്യവത്ക്കരണത്തിന്റെ ഭാഗമായി പുതിയ സാങ്കേതിക വിദ്യ ഉപയോഗിച്ച് ആധുനിക ഫർണിച്ചറുകൾക്കുള്ള ഉത്പാദന യൂണിറ്റിനുവേണ്ടി യുള്ള പ്രോജക്ടിന് 9 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 78)

സ്വീകരിച്ച നടപടി

ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് 1946-ൽ സ്ഥാപിച്ച ഒരു സ്ഥാപനമാണ്. കമ്പനിയുടെ നിലവിലുള്ള മെഷിനുകൾ ബെയ്സിക് മെഷീനുകളും കാലഹരണപ്പെട്ടതുമാണ്. കാലഘട്ടത്തിന്റെ ആവശ്യത്തിനനുസരിച്ച് കമ്പനിയെ ആധുനികവൽക്കരിക്കുക എന്നത് ഗവൺമെന്റ് പ്രയോറിറ്റിയായി നിശ്ചയിച്ചിരുന്നു. അതിന്റെ ഭാഗമായി കമ്പനിയുടെ നിലവിലുള്ള മെഷീനുകൾ മാറ്റി സ്ഥാപിച്ച് കമ്പനി യുടെ കെട്ടിടങ്ങളിലെ അറ്റകുറ്റപ്പണികൾ നടത്തി ആധുനികവൽക്കരിക്കുന്നതിന് രൂപരേഖ ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്. ഇതിനായി 2011-12 സാമ്പത്തിക വർഷം 2 കോടി രൂപ ആദ്യ ഗഡുവായി അനുവദിച്ചിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷം കമ്പനി ആധുനികവൽക്കരണത്തിന് 3 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ആവശ്യമായ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്.

**കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ**

ശുപാർശ

സർക്കാർ ഏറ്റെടുത്ത ബാദ്ധ്യതയുടെ ബാക്കി നൽകാനുള്ള 40 കോടി രൂപയും പലിശയും നൽകുന്നതോടൊപ്പം ഇപ്പോഴത്തെ ബാദ്ധ്യതയായ 59 കോടി രൂപയും ഏറ്റെടുത്ത് തവണകളായി നൽകാൻ സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 79)

സ്വീകരിച്ച നടപടി

ബാങ്കുകൾക്ക് നൽകാനുള്ള തുക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ നൽകുവാൻ ബാങ്കുകളുമായി കൂടിയാലോചന നടത്തിവരികയാണ്.

ശുപാർശ

തൊഴിലാളികൾക്ക് നൽകാനുള്ള ഗ്രാറ്റുവിറ്റി കുടിശ്ശികയായ 38.5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 80)

സ്വീകരിച്ച നടപടി

പിരിഞ്ഞുപോയ തൊഴിലാളികൾക്ക് കുടിശ്ശിക ഗ്രാറ്റുവിറ്റി നൽകുന്നതിനായി കാഷ്യൂ കോർപ്പറേഷന് 21 കോടി രൂപയും കാപെക്സിന് 4 കോടി രൂപയും അനുവദിച്ചു.

ശുപാർശ

കോർപ്പറേഷന് 2010–11–ലെ പ്രവർത്തനമൂലധനമായി 50 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 81)

സ്വീകരിച്ച നടപടി

2010-11 സാമ്പത്തിക വർഷം കശുവണ്ടി വികസന കോർപ്പറേഷനും കാപെക്സിനും കെ.എസ്.എ.സി.സി.ക്കും കൂടി പ്ലാൻ ഫണ്ടിൽ വകയിരുത്തി 52 കോടി രൂപ നൽകിയിട്ടുള്ളതാണ്. 2011-12-ലെ ബഡ്ജറ്റിലും കാഷ്യൂ കോർപ്പറേഷനും കാപെക്സിനും കെ.എസ്.എ.സി.സി.ക്കുമായി 52 കോടി രൂപ വകയിരുത്തിയിട്ടുള്ളതാണ്.

ശുപാർശ

കോർപ്പറേഷന്റെ കൈവശമുള്ള വാടക ഫാക്ടറികൾ വിലയ്ക്ക് വാങ്ങുന്നതിന് 25 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 82)

സ്വീകരിച്ച നടപടി

കോർപ്പറേഷന്റെ കൈവശമുള്ള വാടക ഫാക്ടറികൾ വാങ്ങുന്നതിനായി 25 കോടി രൂപ നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

ശുപാർശ

സർക്കാർ കോർപ്പറേഷന് നൽകിയിട്ടുള്ള 170.01 കോടി രൂപയുടെ വായ്പ ഓഹരി മൂലധനമായി മാറ്റാൻ സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 83)

സ്വീകരിച്ച നടപടി

സർക്കാർ കോർപ്പറേഷന് നൽകിയിട്ടുള്ള 170.01 കോടി രൂപയുടെ വായ്പ ഓഹരി മൂലധനമായി മാറ്റുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

ശുപാർശ

കേന്ദ്ര സഹായത്തോടെ കശുമാവിൻ തോട്ടങ്ങൾ നിർമ്മിക്കുന്നതിന് കർഷകർക്ക് സംസ്ഥാന സർക്കാരിന്റെ ധനസഹായമായി 63.75 ലക്ഷം രൂപയും കശുമാവ് കൃഷി പദ്ധതി നടപ്പിലാക്കുന്നതിനായി അത്യുത്പാദനശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റ് ചെടികൾ അംഗീകൃത നഴ്സറികളിൽനിന്നും വാങ്ങി കർഷകർക്ക് സൗജന്യമായി നൽകുവാൻ ഒരു കോടി രൂപയും കേന്ദ്ര പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മണ്ണിര കമ്പോസ്റ്റ് നിർമ്മിക്കുന്നതിന് കർഷകർക്ക് സംസ്ഥാന സർക്കാരിന്റെ ധനസഹായമായി 1 കോടി 5 ലക്ഷം രൂപയും കശുമാങ്ങയിൽനിന്നും മൂല്യവർദ്ധിത

ഉത്പന്നങ്ങൾ തയ്യാറാക്കാൻ കശുമാവ് കൃഷിക്കാരുടെ ക്ലസ്റ്ററുകൾക്ക് 25 കശുമാങ്ങാ സംസ്ക്കരണ യൂണിറ്റുകൾ ആരംഭിക്കാൻ ധനസഹായമായി 50 ലക്ഷം രൂപയും സർക്കാർ അംഗീകരിച്ച നഴ്സറികളിൽ നിന്നും കൃഷിക്കായി തയ്യാറാക്കിയ 20 ലക്ഷം കശുമാവ് ഗ്രാഫ്റ്റ് ചെടികൾ കർഷകർക്ക് വിതരണം ചെയ്യാൻ കൃഷിഭവൻ, പഞ്ചായത്ത് ഓഫീസുകൾ എന്നീ സ്ഥാപനങ്ങളിലേക്ക് ലോറികൾവഴി എത്തിച്ചുകൊടുക്കാനുള്ള ചെലവായി 60 ലക്ഷം രൂപയും പൊതുമേഖലാ സ്ഥാപനങ്ങളിൽ കശുമാവ് കൃഷിക്കും പരിപാലനത്തിനുമായി ധനസഹായമായി 5.12 ലക്ഷം രൂപയും വെട്ടുകൽ പ്രദേശങ്ങളിൽ കശുമാവ് കൃഷി നടപ്പിലാക്കാനും കശുമാവിനെ ആക്രമിക്കുന്ന കീടങ്ങളെ ജൈവരീതിയിൽ നേരിടുന്നതിനും കശുമാങ്ങയിൽനിന്നും ബയോ ഡീസൽ നിർമ്മിക്കുന്നതിനും വേണ്ടിയുള്ള ഗവേഷണങ്ങൾക്ക് 10.50 ലക്ഷം രൂപയും കശുമാവ് കൃഷി പദ്ധതിയെക്കുറിച്ചുള്ള വിവരങ്ങൾ, പത്രങ്ങൾ, റേഡിയോ, ടെലിവിഷൻ എന്നീ വിവിധ ദൃശ്യ-ശ്രവണ മാദ്ധ്യമങ്ങൾവഴി ജനങ്ങളിൽ എത്തിക്കുവാനും കർഷകർക്ക് കശുമാവ് കൃഷി നടപ്പിലാക്കുന്നതിനുള്ള സാങ്കേതികത മനസ്സിലാക്കുന്നതിന് പരിശീലനങ്ങൾ, പുസ്തകങ്ങൾ മുതലായവ ലഭ്യമാക്കുന്നതിന് 5.63 ലക്ഷം രൂപയും കൂടി ചേർത്ത് ആകെ 4 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 84)

സ്വീകരിച്ച നടപടി

കെ.എസ്.എ.സി.സി.-യുടെ പ്രവർത്തനങ്ങൾക്കായി 2010-11 സാമ്പത്തിക വർഷം സർക്കാർ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 4 കോടി രൂപ അനുവദിച്ചു. ഇതുപയോഗിച്ച് പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ ഘടകങ്ങളും നടപ്പിലാക്കുകയുണ്ടായി. കശുമാവ് കൃഷി പ്രോത്സാഹനാർത്ഥം കർഷകർക്ക് കേന്ദ്ര ധനസഹായത്തിന് പുറമെ സർക്കാർ ധനസഹായം നൽകൽ, കശുമാവിന്റെ ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്താൻ അത്യുൽപ്പാദനശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റ് ചെടികൾ സർക്കാർ അംഗീകൃത നഴ്സറികളിൽ നിന്ന് കർഷകർക്കും മറ്റ് സ്ഥാപനങ്ങൾക്കും നട്ടുപിടിപ്പിക്കുവാൻ നൽകി. ജൈവ രീതിയിലുള്ള കൃഷിക്കായി കർഷകർക്ക് മണ്ണിര കമ്പോസ്റ്റ് നിർമ്മിക്കുവാനുള്ള ധനസഹായം, കശുമാങ്ങയിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ തയ്യാറാക്കുവാനും കർഷക സംഘങ്ങൾക്ക് സംഭരണ യൂണിറ്റുകൾ ആരംഭിക്കുവാനും ധനസഹായം നൽകി. കശുമാവ് ചെടികൾ എല്ലാ ജില്ലകളിലെയും കൃഷിഭവൻ, പഞ്ചായത്ത് ഓഫീസുകൾ എന്നീ സ്ഥാപനങ്ങളിൽ എത്തിച്ചു, വിതരണം ചെയ്തു, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ, റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ മുൻവർഷങ്ങളിൽ നട്ടുപിടിപ്പിച്ച തോട്ടങ്ങളുടെ പരിചരണത്തിനായി ധനസഹായം, ഗവേഷണങ്ങൾക്കായി ധനസഹായം, കശുമാവ് കൃഷി പദ്ധതിയുടെ പ്രചരണം കർഷകർക്ക് സാങ്കേതിക സഹായത്തിനായി ലഘുലേഖകൾ, പരിശീലനങ്ങൾ മുതലായവ നടപ്പിലാക്കുവാൻ നൽകിയ 4 കോടി രൂപ കെ.എസ്.എ.സി.സി. വിനിയോഗിച്ചു.

2011-2012-ലെ ഒന്നാമത് റിപ്പോർട്ട്

## വ്യവസായ വാണിജ്യ വകുപ്പ്

6851-00-102-69—വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ഉദ്യമ കർത്താക്കൾക്ക് വിത്ത് മൂലധനത്തിന് വായ്പകൾ

ശുപാർശ

2010-11 വർഷത്തിൽ ഏകദേശം 3 കോടി രൂപയ്ക്കുള്ള അപേക്ഷകൾ കെട്ടിക്കിടപ്പുണ്ട്. പീഡിത വ്യവസായ പുനരുദ്ധാരണ പദ്ധതിയിൽ വ്യവസായ സ്ഥാപനങ്ങൾക്കാവശ്യമായ ധനസഹായം നൽകുന്നതും ഈ ഹെഡ്ഡിൽ നിന്നാണ്. 2011-12 സാമ്പത്തിക വർഷത്തിൽ ഏറ്റവും കുറഞ്ഞത് 10 കോടി രൂപയെങ്കിലും ലഭിച്ചാൽ മാത്രമേ നിലവിലുള്ള അപേക്ഷകൾക്കും ഈ വർഷം പ്രതീക്ഷിക്കുന്ന പുതിയ അപേക്ഷകർക്കും സഹായം നൽകുവാൻ കഴിയു. ആയതിനാൽ ടി ഹെഡ്ഡിൽ 5 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

2851-00-102-84—നിക്ഷേപങ്ങളെ അടിസ്ഥാനമാക്കി സംസ്ഥാന സബ്സിഡി

ശുപാർശ

സംസ്ഥാന ജില്ലാതല കമ്മിറ്റിയിൽ പാസാക്കിവച്ചിരിക്കുന്ന അപേക്ഷകൾക്ക് നിക്ഷേപ സബ്സിഡി നൽകുന്നതിനായി ഈ സാമ്പത്തിക വർഷത്തിൽ ഏകദേശം 5 കോടി രൂപ കൂടുതലായി വേണ്ടിവരും. പുതിയ അപേക്ഷകൾ കൂടി കണക്കിലെടുക്കുമ്പോൾ 9 കോടി രൂപ അപര്യാപ്തമാണ്. കൂടാതെ അഭ്യസ്ഥവിദ്യരായ യുവസംരംഭകർക്ക് പുതിയ സൂക്ഷ്മ ചെറുകിട സംരംഭങ്ങൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയും CGTMSE പദ്ധതി പ്രകാരം ഈടുരഹിത വായ്പ ലഭ്യമാക്കുന്നതിനായി സംരംഭകർ അടയ്ക്കുന്ന ഒറ്റത്തവണ ഗ്യാരന്റി ഫീസും വാർഷിക സേവനഫീസും റീഇംബേഴ്സ് ചെയ്യുന്ന പദ്ധതിയും പുതുതായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. ആയതിനാൽ ടി ഹെഡ്ഡിൽ 8 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

സ്വീകരിച്ച നടപടി

നിലവിലുണ്ടായിരുന്ന 9 ചെറുകിട പദ്ധതികളെ സംയോജിപ്പിച്ചുകൊണ്ട് സംരംഭകത്വ സഹായപദ്ധതി (ഇ.എസ്.എസ്.) എന്ന ഒരു പുതിയ പദ്ധതി രൂപീകരിക്കുകയും അതിലേക്കായി 2012-13 സാമ്പത്തിക വർഷത്തിൽ 25.4 കോടി രൂപ വകയിരുത്തിയിട്ടുമുണ്ട്.

(ഖണ്ഡിക 2 & 4)

2851-00-001-93—സമഗ്ര വ്യവസായ പരിപാടി

ശുപാർശ

സൂക്ഷ്മ ചെറുകിട, ഇടത്തരം വ്യവസായ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം മാനവീകരണത്തിലൂടെ മെച്ചപ്പെടുത്തുന്നതിനായി വ്യവസായ സംരംഭങ്ങളുടെ വികസനം, സംരംഭകർക്കുള്ള സഹായ പരിപാടി, വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കൽ, താലൂക്ക് വ്യവസായ ഓഫീസുകളുടെ കമ്പ്യൂട്ടറൈസേഷൻ എന്നിവയ്ക്കായി 4 കോടി രൂപ ആവശ്യമായിരുന്നുവെങ്കിലും 2 കോടി രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. ആയതിനാൽ ബാക്കി തുകയായ 2 കോടി രൂപ കൂടി ലഭ്യമാക്കണ മെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

സ്വീകരിച്ച നടപടി

ഈ വർഷത്തിൽ 2 കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയും ആവശ്യകതയും പരിശോധിച്ച് കൂടുതൽ തുക നൽകുന്ന കാര്യം ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

2851-00-102-53—കൃഷിയും ഭക്ഷ്യസംസ്ക്കരണവും അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ

ശുപാർശ

തെരഞ്ഞെടുക്കപ്പെട്ട കാർഷികാധിഷ്ഠിത ഭക്ഷ്യ സംസ്ക്കരണ യൂണിറ്റുകൾക്ക് 5% ടേൺ ഓവർ സബ്സിഡി നൽകുന്നതുകൂടി ഈ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ടി തുക അപര്യാപ്തമാണെന്നും 1.5 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

സ്വീകരിച്ച നടപടി

2012-ൽ ഒരു ഫുഡ് പ്രോസസ്സിംഗ് മെഷീൻ പ്രവർത്തനം ആരംഭിച്ചു. അത് കേന്ദ്ര സഹായത്തോടെയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. അതിനുള്ള സംസ്ഥാന വിഹിതമായ $4^1/_2$ കോടി രൂപ ഇതിനകം അനുവദിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിൽ നിന്ന് കൂടുതൽ തുകയും ഗവൺമെന്റ് പ്രതീക്ഷിക്കുന്നു.

4851-00-101-93—ചെറുകിട വ്യവസായ സംഘങ്ങളുടെ വികസന പദ്ധതി (20% സംസ്ഥാന വിഹിതം)

ശുപാർശ

കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലുള്ള അപേക്ഷകൾക്കും പുതുതായി പ്രതീക്ഷിക്കുന്ന അപേക്ഷകൾക്കും സംസ്ഥാന വിഹിതം അനുവദിക്കാൻ 2.5 കോടി രൂപ കൂടി അധികമായി ആവശ്യമുണ്ട്. ആയതിനാൽ 2.5 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

സ്വീകരിച്ച നടപടി

ഇക്കാര്യം ഗവൺമെന്റ് ധനസ്ഥിതിയുടെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതാണ്.

2851-00-102-85—സെൻസസ് ന്യൂക്ലിയസ് സെൽ (കേന്ദ്രാവിഷ്കൃതം 100%)

ശുപാർശ

100% കേന്ദ്രാവിഷ്കൃത പദ്ധതിയായ സെൻസസ് ന്യൂക്ലിയസ് സെല്ലിനുവേണ്ടി അനുവദിച്ചിരിക്കുന്ന 60 ലക്ഷം രൂപയിൽ 40 ലക്ഷം രൂപ ശമ്പളം നൽകുന്നതിനും 20 ലക്ഷം രൂപ മറ്റു ചെലവുകൾക്കായും ഉള്ളതാണ്. എന്നാൽ സർവ്വേയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കുള്ള യാത്രാബത്തയ്ക്കായി തുകയൊന്നും അനുവദിച്ചിട്ടില്ല. ഇതിനായി മറ്റു ചെലവുകൾക്കനുവദിച്ചിട്ടുള്ള 20 ലക്ഷം രൂപ വകമാറ്റി ചെലവഴിക്കാൻ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

സ്വീകരിച്ച നടപടി

ജീവനക്കാരുടെ യാത്രകൾക്കായി ആവശ്യമായ തുക നോൺ പ്ലാനിൽ വകയിരുത്തിയിട്ടുണ്ട്. കൂടുതൽ തുക ആവശ്യമുള്ളപക്ഷം അത് അനുവദിക്കുന്ന വിഷയം പരിശോധിക്കാവുന്നതാണ്.

**കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് (കെൽ)**

ശുപാർശ

കെൽ-ന്റെ കുണ്ടറ യൂണിറ്റിലെ കാലപ്പഴക്കംചെന്ന മെഷീനുകൾ മാറ്റി സ്ഥാപിക്കാത്തതുമൂലം ഉല്പാദന കുറവും വളരെയേറെ പ്രവർത്തന നഷ്ടവും സംഭവിക്കുന്നുണ്ട്. ഈ യൂണിറ്റിന്റെ പുനരുദ്ധാരണത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

സ്വീകരിച്ച നടപടി

കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡിന്റെ കുണ്ടറ യൂണിറ്റിലെ കാലപ്പഴക്കം ചെന്ന മെഷീനുകൾ മാറ്റിസ്ഥാപിക്കുന്നതിലേക്കായി സർക്കാർ ഉത്തരവ് (ആർറ്റി.) നമ്പർ 1161/11/വ്യവ. തീയതി 20-12-2011 പ്രകാരം

മൂന്നു കോടി രൂപ അനുവദിക്കാൻ ഭരണാനുമതി നൽകുകയും സർക്കാർ ഉത്തരവ് (ആർറ്റി.) നമ്പർ 380/12/വ്യവ. തീയതി 5-3-2012 പ്രകാരം ഈ തുക റിലീസ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

**കേരള ക്ലേയ്സ് ആന്റ് സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡ് (കെ.സി.സി.പി.)**

ശുപാർശ

കെ.സി.സി.പി.-യുടെ വിപുലീകരണത്തിനും വൈവിദ്ധ്യവൽക്കരണത്തിനും വേണ്ടി 11 കോടി രൂപയുടെ പദ്ധതി സർക്കാർ അംഗീകരിച്ചിട്ടുണ്ട്. കമ്പനിയുടെ കൈവശമുള്ള ധനശേഖരം ദൈനംദിന പ്രവർത്തനങ്ങൾക്ക് ആവശ്യമായതുകൊണ്ട് കമ്പനിയുടെ വിപുലീകരണത്തിനുവേണ്ടി 10 കോടി രൂപ സർക്കാരിന്റെ ഗ്രാന്റായി വകയിരുത്തുകയോ വ്യവസായ വകുപ്പിന് നീക്കിവച്ച തുകയിൽ നിന്ന് അനുവദിക്കുകയോ ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

സ്വീകരിച്ച നടപടി

2011-12 സാമ്പത്തിക വർഷത്തിൽ സാമ്പത്തിക സഹായം നൽകാൻ കഴിഞ്ഞില്ല. എന്നാൽ 2012-13 സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽത്തന്നെ കമ്പനിക്കാവശ്യമായ 4.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

**ദി ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്**

ശുപാർശ

കമ്പനിക്ക് ഗവൺമെന്റ് ലോണായി 14.5% പലിശ നിരക്കിലുള്ള 3.72 കോടി രൂപയുടെ കടബാധ്യത ഇതുവരെയുണ്ട്. പലിശയിനത്തിൽ 2.22 കോടി രൂപ ഗവൺമെന്റിനു കൊടുക്കേണ്ടതുണ്ട്. പ്രതിമാസം 80 ലക്ഷം രൂപ കെ.എഫ്.സി.ക്ക് തിരിച്ചടയ്ക്കുന്നതോടൊപ്പം ഗവൺമെന്റിനുള്ള കടബാദ്ധ്യതയും തിരിച്ചടയ്ക്കാനുള്ള സാമ്പത്തികസ്ഥിതി തൽക്കാലം കമ്പനിക്കില്ല. ഇത് ഇക്വിറ്റി ക്യാപ്പിറ്റലാക്കാൻവേണ്ട നടപടി കൈക്കൊള്ളണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 62)

സ്വീകരിച്ച നടപടി

കമ്പനിക്ക് ഗവൺമെന്റ് ലോണായി 14.5% പലിശ നിരക്കിൽ നൽകിയ 3.72 കോടി രൂപയും പലിശയും സമിതി ശുപാർശ ചെയ്തതനുസരിച്ച് ഇക്വിറ്റി ക്യാപ്പിറ്റലാക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചുവരുന്നു.

## മൈനിംഗ് ആന്റ് ജിയോളജി വകുപ്പ്

ശുപാർശ

ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും അനധികൃത ഖനനവും കടത്തും തടയുന്നതിനും തിരുവനന്തപുരം, കൊല്ലം, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ താലൂക്കുതല ഓഫീസുകൾ തുടങ്ങാൻ അനുവാദം നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 87)

സ്വീകരിച്ച നടപടി

ഗതാഗത വിവരസാങ്കേതിക സംവിധാനങ്ങളിൽ വളരെയധികം പുരോഗതി പ്രാപിച്ചിട്ടുള്ളതിനാലും മൈനിംഗ് പ്രവർത്തനങ്ങൾ ഒന്നുമില്ലാത്ത ധാരാളം താലൂക്കുകളുള്ളതിനാലും താലൂക്കുതല ഓഫീസുകൾ പുതുതായി ആരംഭിക്കേണ്ട എന്ന് തീരുമാനിച്ചിട്ടുണ്ട്.

ശുപാർശ

ഉദ്യോഗസ്ഥരുടെ പ്രവർത്തനക്ഷമത കൂട്ടുന്നതിനായി ആസ്ഥാന കാര്യാലയവും എല്ലാ ജില്ലാ ഓഫീസുകളും ആധുനികവൽക്കരിക്കണമെന്നും ധാതുപര്യവേഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ വാഹനങ്ങൾ അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 88)

സ്വീകരിച്ച നടപടി

മൈനിംഗ് ആന്റ് ജിയോളജി വകുപ്പിനെ ആധുനികവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 19-4-2012-ലെ സ.ഉ. (സാധാ) 640/12/വ്യവ. നമ്പർ ഉത്തരവ്, 13-6-2012-ലെ സ.ഉ. (സാധാ) 866/വ്യവ. നമ്പർ ഉത്തരവ് എന്നിവ പ്രകാരം കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ധാതുപര്യവേഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് വേണ്ടി 3 വാഹനങ്ങൾ വാങ്ങാൻ അനുവാദം നൽകിയിട്ടുണ്ട്. മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ ഇ-ഫയലിംഗ് ഇംപ്ലിമെന്റ് ചെയ്യുന്നതിനായി കെ.എം.എം.സി. റൂൾ ഭേദഗതി ചെയ്യുന്ന നിർദ്ദേശം ഗവൺമെന്റ് പരിഗണനയിലാണ്.

ശുപാർശ

പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും ഖനിജത്തെക്കുറിച്ചും ഖനനംമൂലം ഉണ്ടാകാവുന്ന പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ചും മറ്റ് പ്രകൃതി പ്രതിഭാസങ്ങളെക്കുറിച്ചും അവബോധം ഉണ്ടാക്കുന്നതിനായി ഒരു ജിയോളജിക്കൽ പാർക്കും മ്യൂസിയവും പരിശീലനകേന്ദ്രവും സ്ഥാപിക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 89)

<u>സ്വീകരിച്ച നടപടി</u>

മ്യൂസിയം ആരംഭിച്ചിട്ടുണ്ട്. പരിശീലന കേന്ദ്രം തുടങ്ങുന്നതിനുവേണ്ട നടപടി സ്വീകരിച്ചുവരുന്നു.

<u>ശുപാർശ</u>

2011-2012-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം കേരളത്തിലെ ഓരോ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പ്രദേശത്ത് നിന്ന് തെരഞ്ഞെടുത്തതും പരിശീലനം ലഭിച്ചവരുമായ 5-ൽ കുറയാത്ത അംഗങ്ങൾ ചേർന്ന് 10000-ഓളം ചെറുകിട-മൈക്രോ വ്യവസായ സംരംഭങ്ങൾക്ക് രൂപം നൽകുന്നതാണെന്നും ഇപ്രകാരം രൂപീകരിക്കപ്പെടുന്ന വ്യാവസായിക യൂണിറ്റുകൾക്ക് പ്രോജക്ട് കോസ്റ്റിന്റെ 90% തുക പലിശരഹിത വായ്പയായി കെ.എഫ്.സി. നൽകുന്നതാണെന്നും സമിതി മനസ്സിലാക്കുന്നു. പൊതുമേഖല, സ്വകാര്യമേഖല, പഞ്ചായത്തുകൾ എന്നിവയുടെ സംയുക്ത പങ്കാളിത്തത്തോടെ നടപ്പാക്കുന്ന പ്രസ്തുത പദ്ധതിയുടെ ഭരണപരമായ കാര്യങ്ങൾ നിർവ്വഹിക്കേണ്ടത് വ്യവസായ വകുപ്പാണ്. ആയതിനാൽ വ്യവസായ വകുപ്പിന്റെ ബഡ്ജറ്റ് ഹെഡിൽ ഇതിനാവശ്യമായ തുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 96)

<u>സ്വീകരിച്ച നടപടി</u>

ധനകാര്യ വകുപ്പാണ് ഇതിന്റെ നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നത്.

പി. കെ. കുഞ്ഞാലിക്കുട്ടി,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി IV.*

തിരുവനന്തപുരം,
2013 ജൂൺ 13

## അനുബന്ധം

## 2012 ഏപ്രിൽ 12-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV, 2012 ഏപ്രിൽ മാസം 12-ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്ക് ശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ 'V B' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ബഹു. വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രിയുമായ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി.

സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. റവന്യൂവും കയറും വകുപ്പുമന്ത്രിയുമായ ശ്രീ. അടൂർ പ്രകാശും പ്രസ്തുത യോഗത്തിൽ സന്നിഹിതനായിരുന്നു.

ഹാജരായ അംഗം:

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. കെ. സി. ജോസഫ് കുട്ടി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. കെ. പ്രിയദർശനൻ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. രാജു വൈ., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. വി. സോമസുന്ദരം, അഡീഷണൽ ചീഫ് സെക്രട്ടറി, വ്യവസായ വകുപ്പ്
2. ,, അൽകേഷ് കുമാർ ശർമ്മ, സെക്രട്ടറി, വ്യവസായ വകുപ്പ്
3. ശ്രീമതി റാണി ജോർജ്, സെക്രട്ടറി, കയർ വകുപ്പ്
4. ശ്രീ. റ്റി. ഒ. സൂരജ്, ഡയറക്ടർ, വ്യവസായ വകുപ്പ്
5. ,, കെ. എസ്. ശ്രീനിവാസ്, സ്പെഷ്യൽ സെക്രട്ടറി, വ്യവസായ വകുപ്പ്
6. ,, എൽ. എസ്. പത്മകുമാർ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
7. ,, ജി. എസ്. ശ്രീകുമാരൻ നായർ, സെക്രട്ടറി, കേരള ഖാദി ബോർഡ്
8. ,, കെ. ജലീം നിസ, ജോയിന്റ് സെക്രട്ടറി, വ്യവസായ വകുപ്പ്
9. ശ്രീമതി എസ്. ശ്യാമള, എം.ഡി., HDCK
10. ശ്രീ. അബ്ദുൽ ഹാലിം, എം.ഡി., ഹാൻടെക്സ്
11. ,, ജി. കെ. അനിൽ കുമാർ, എം.ഡി., കെൽപ്പാം
12. ,, കെ. മദനൻ, ഡയറക്ടർ ഓഫ് കയർ ഡെവലപ്മെന്റ്

13. ശ്രീ. സജി ബഷീർ, എം. ഡി., സിഡ്കോ

14. ,, കെ. ആർ. അനിൽ, ഡയറക്ടർ, NCRMI

15. ,, ജി. എൻ. നായർ, എം. ഡി., KSSL

16. ,, എം. ജെ. മത്തായി, സി. ഇ., KCWWFB

17. ,, കെ. ശശി, മാനേജർ, സിഡ്കോ

18. ശ്രീമതി പി. എൻ. ഹെന, എം. ഡി., കാഡ്കോ

19. ശ്രീ. ജി. എൻ. നായർ, എം. ഡി., മാൽകോടെക്സ്

20. ,, വി. കുര്യാക്കോസ്, എം. ഡി., TCSM

21. ,, എം. സി. സുരേഷ്കുമാർ, എം. ഡി., CCSM, കണ്ണൂർ

22. ,, കെ. ശശീന്ദ്രൻ, എം. ഡി., MCSM, മലപ്പുറം

23. ,, ബി. അരുൾസെൽവൻ, എം. ഡി., ടെക്സ്ഫെഡ്

24. ,, എ. ഷിബു, അണ്ടർ സെക്രട്ടറി, ധനകാര്യവകുപ്പ്

25. ,, എസ്. സുരാജ്, മാനേജർ, KBIP

26. ,, വി. ധർമ്മരാജ്, ജനറൽ മാനേജർ, ടെക്സ്ഫെഡ്

27. ,, എൻ. എം. സിറാജുദ്ദീൻ, ഫിനാൻസ് മാനേജർ, ഹാന്റക്സ്

28. ,, സുനിൽ മാത്യു, ഫിനാൻസ് മാനേജർ, ഹാൻവീവ്.

സമിതി 2012-13 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന 'ധനാഭ്യർത്ഥന നമ്പർ XXXVII വ്യവസായങ്ങൾ' എന്ന ധനാഭ്യർത്ഥനയുടെ പരിധിയിൽ വരുന്ന കണക്കിനങ്ങൾ പരിശോധിക്കുകയും താഴെപ്പറയുന്ന ശുപാർശകൾ നടത്തുകയും ചെയ്തു:

## കയർ വികസന വകുപ്പ്

**വ്യാപാര പ്രദർശനമുൾപ്പെടെയുള്ള പരസ്യവും പ്രചരണവും**

കയറിന്റെ ആഭ്യന്തര വിദേശ വിപണനം ശക്തിപ്പെടുത്തുന്നതിനും കേരളം പരവതാനി വ്യവസായത്തിന്റെ ശക്തികേന്ദ്രമാണെന്ന് ബോധ്യപ്പെടുത്തി വാങ്ങുന്നവരെ ആകർഷിക്കുന്നതിനും വേണ്ടി അന്താരാഷ്ട്രമേളയായ 'കയർകേരള' സംഘടിപ്പിക്കുന്നതിന് 5 കോടി രൂപയെങ്കിലും ആവശ്യമാണ്. കൂടാതെ "ഒരു വീട്ടിൽ ഒരു കയറുൽപ്പന്നം" പോലെയുള്ള മറ്റു പ്രചരണ പരിപാടികളും ആവശ്യമാണ്. ഈ സാഹചര്യത്തിൽ ബഡ്ജറ്റിൽ വകകൊള്ളിച്ചിരിക്കുന്ന 3 കോടി രൂപ അപര്യാപ്തമായതിനാൽ 5 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

**ക്ഷേമപദ്ധതികൾ**

കയർ തൊഴിലാളി പെൻഷൻ, മാച്ചിംഗ് ഗ്രാന്റ്, മറ്റു ക്ഷേമ പദ്ധതികൾ ഇവ നടപ്പിലാക്കാൻ കേരള കയർ തൊഴിലാളി ക്ഷേമബോർഡിന് നൽകുന്ന വിഹിതമാണിത്. 2011-12 വരെ പദ്ധതി ഇനത്തിലാണ് ഇതിനായി തുക വകയിരുത്തിയിരുന്നത്. 2012-13 ബഡ്ജറ്റ് നിർദ്ദേശത്തിൽ ഇത് പദ്ധതി ഇതര ഇനത്തിലേക്ക് മാറ്റിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിന് ഏകദേശം 45 കോടി രൂപയോളം ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ഈ ഹെഡിൽ 30 കോടി രൂപയെങ്കിലും അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

**കയർത്തൊഴിലാളികൾക്കുള്ള കടാശ്വാസ പദ്ധതി**

2011-12 വർഷത്തിൽ പദ്ധതിയിനത്തിൽ 2851-00-106-33 ശീർഷകത്തിൽ 2.6 കോടി രൂപ വകയിരുത്തിയിരുന്ന ഈ പദ്ധതിക്ക് പ്ലാനിംഗ് ബോർഡുമായുള്ള ചർച്ചയിൽ അഭിപ്രായപ്പെട്ടിരുന്നതിൻപ്രകാരം 2012-13 മുതൽ നോൺ-പ്ലാനിൽ തുക വകയിരുത്താൻ പ്രൊപ്പോസൽ നൽകിയിരുന്നുവെങ്കിലും തുക വകയിരുത്തിയിട്ടില്ല. കയർ കടാശ്വാസ പദ്ധതിയുടെ ഭേദഗതി പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണന യിലുമാണ്. ഈ സാഹചര്യത്തിൽ നോൺ-പ്ലാൻ ഇനത്തിൽ ഈ പദ്ധതിക്ക് 2 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

**കയർ മേഖലയിൽ ഗവേഷണവും വികസനവും**

ഈ പദ്ധതിപ്രകാരം 3 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തി യിട്ടുണ്ടെങ്കിലും, NCRMI-യുടെ ഭരണപരമായ ചെലവുകൾ, ശമ്പളം, അലവൻസുകൾ എന്നിവയ്ക്കായി ഇത് ഉപയോഗിക്കാൻ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഈ നിബന്ധന ഒഴിവാക്കുകയോ പദ്ധതിയേതര ഇനത്തിൽ ഇവ പരിഗണിക്കാൻ നൽകിയിരുന്ന പ്രൊപ്പോസൽ അംഗീകരിക്കുകയോ ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്തു.

**കയർ വ്യവസായത്തിൽ നിയന്ത്രിത യന്ത്രവൽക്കരണം**

കയർ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിന് പ്രവർത്തന മൂലധനം അനിവാര്യമാണ്. എന്നാൽ കയർ വ്യവസായ മേഖലയിലെ യന്ത്രവൽക്കരണ ത്തിന് ബഡ്ജറ്റിൽ 5.6 കോടി രൂപ അനുവദിച്ചിട്ടുണ്ടെങ്കിലും ഇതിൽ മൂലധനം ഉൾപ്പെടുന്നില്ല. അർഹമായ ചില കയർസഹകരണ സംഘങ്ങൾക്ക് പ്രവർത്തനമൂലധനം ഉൾപ്പെടെയുള്ള പുനരുദ്ധാരണ സഹായം നൽകാനുള്ളതിനാൽ, പ്രവർത്തനമൂലധനം ഉൾപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

വൈദ്യുതി ബോർഡിലെ മിനിമം ഗ്യാരന്റി, ഫിക്സഡ് ചാർജ് ഇവയും വൈദ്യുതി കുടിശ്ശികയും സഹകരണ സംഘങ്ങൾക്ക് നൽകാൻ ഈ വിഹിതം ഉപയോഗിക്കുന്ന തിന് അനുമതി നൽകണമെന്നും സമിതി ശുപാർശ ചെയ്തു.

**വില വ്യതിയാന നിധി**

ഈ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്ന ഗതാഗത സബ്സിഡി, സംഭരണ കേന്ദ്രങ്ങളിലെ വാടക, ഓവർ ഹെഡ് ചെലവുകൾ മുതലായവയ്ക്ക് വിഹിതം വിനിയോഗിക്കാൻ പാടില്ലായെന്ന നിബന്ധന ഒഴിവാക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

## വ്യവസായ വാണിജ്യ വകുപ്പ്

വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ ബഡ്ജറ്റ് വിഹിതത്തെക്കുറിച്ചും പദ്ധതികളെക്കുറിച്ചും സമിതി ചർച്ച ചെയ്യുകയും താഴെപ്പറയുന്ന ശുപാർശകൾ നടത്തുകയും ചെയ്തു:

**വ്യവസായ മേഖലയിലെ അടിസ്ഥാനസൗകര്യ വികസനത്തിന് സ്ഥലം ഏറ്റെടുക്കൽ**

വ്യവസായ മേഖലയിലെ അടിസ്ഥാനസൗകര്യ വികസനത്തിന് പഞ്ചായത്തുകളുടെ സഹായത്തോടെ നടപ്പാക്കുന്ന ഈ പദ്ധതിക്ക് 2 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്. ഈ തുക തീരെ അപര്യാപ്തമായതിനാൽ ഈ പദ്ധതിക്കായി 2012-13 സാമ്പത്തികവർഷം 8 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

**ശേഷി വികസനവും വ്യവസായ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കലും**

സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം മാനകീകരണത്തിലൂടെ മെച്ചപ്പെടുത്താൻ വ്യവസായ സംരംഭങ്ങളുടെ വികസനം, സംരംഭകർക്കുള്ള സഹായപരിപാടി, വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കൽ, താലൂക്ക് വ്യവസായ ഓഫീസുകളുടെ കമ്പ്യൂട്ടൈറേസഷൻ എന്നിവയ്ക്കായി 5 കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 2 കോടി രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ബാക്കി തുകയായ 3 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

**വാണിജ്യ വികസനം**

വാണിജ്യമേഖലയുടെ ഭാവിവികസനത്തിന് ദേശീയ-അന്തർദ്ദേശീയ സമ്മേളനങ്ങൾ, സെമിനാറുകൾ, പഠനങ്ങൾ എന്നിവ നടത്തേണ്ടതുണ്ട്. ഇതിനായി 3 കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 75 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ബാക്കിത്തുകയായ 2.25 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

**സെൻസസ് ന്യൂക്ലിയസ് സെൽ**

100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയായ ന്യൂക്ലിയസ് സെല്ലിനുവേണ്ടി 50 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇതിൽ 40 ലക്ഷം രൂപയിലധികം തുക ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനായി ചെലവാകുന്നതാണ്. ബാക്കി തുകയേ കാലാകാലങ്ങളിൽ കേന്ദ്രസർക്കാർ നിർദ്ദേശിക്കുന്ന പ്രകാരമുള്ള പദ്ധതികൾക്ക്

വിനിയോഗിക്കാനാവൂ. ഈ പദ്ധതിയിലൂടെ ചെലവഴിക്കുന്ന തുക മുഴുവൻ കേന്ദ്ര സർക്കാർ നൽകുന്നതാണ്. ആയതിനാൽ അനുവദിച്ചിരിക്കുന്ന തുകയുടെ അപര്യാപ്തത പരിഗണിച്ച് 20 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കാൻ സമിതി ശുപാർശ ചെയ്തു.

## ഖാദി വ്യവസായം

**കേരള ഖാദി ഗ്രാമവ്യവസായ ബോർഡ്—ഭരണപരമായ ചെലവുകൾ—പ്ലാൻ**

ഖാദി ഗ്രാമവ്യവസായ മേഖലയിൽ 2851-00-105-99 പ്ലാൻ ഹെഡിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ താഴെപ്പറയുന്ന മേഖലകളിൽ ഓരോന്നിലും തുക വർദ്ധിപ്പിച്ചുനൽകുന്നതിന് സമിതി ശുപാർശ ചെയ്തു.

**സിൽക്ക് ഉൽപ്പാദന കേന്ദ്രങ്ങൾ സ്ഥാപിക്കലും നെയ്ത്ത് മേഖല ശക്തിപ്പെടുത്തലും**

ഈ പദ്ധതിക്കായി 2 കോടി 80 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 15 ലക്ഷം രൂപ കൂടി ഈ പദ്ധതിക്കായി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

**നോൺ-പ്ലാൻ—ഖാദിബോർഡ് സംഭരണ ശാലകളുടെ നവീകരണവും വിൽപ്പന കേന്ദ്രങ്ങളുടെ കമ്പ്യൂട്ടർവൽക്കരണവും**

പുതിയ വിൽപ്പന കേന്ദ്രങ്ങൾ സ്ഥാപിക്കൽ, നിലവിലുള്ള വിൽപ്പനകേന്ദ്രങ്ങളുടെ കമ്പ്യൂട്ടർവൽക്കരണവും ആധുനികവൽക്കരണവും, സംഭരണശാലകളുടെ ആധുനിക വൽക്കരണം, സഞ്ചരിക്കുന്ന വിപണന യൂണിറ്റുകൾ സ്ഥാപിക്കൽ എന്നീ പദ്ധതി കൾക്കായി 75 ലക്ഷം രൂപയുടെ പദ്ധതിനിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നെങ്കിലും 65 ലക്ഷമാണ് വകയിരുത്തിയിട്ടുള്ളത്. ബാക്കിത്തുകയായ 10 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

**ഖാദി ക്ലസ്റ്ററുകൾ സ്ഥാപിക്കൽ**

പരമ്പരാഗത വ്യവസായങ്ങളെ കൂടുതൽ ഉൽപ്പാദനപരവും മത്സരാധിഷ്ഠിതവു മാക്കുന്നതിന് പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ഓരോ 'ഖാദി ക്ലസ്റ്റർ' സ്ഥാപിക്കുന്നതിന്റെ വിവിധ പ്രവർത്തനങ്ങൾക്കായി ഈ പദ്ധതിക്ക് 2.88 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും, 1.49 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. ബാക്കി തുകയായ 1.39 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

**കേരള ഖാദി ഗ്രാമവ്യവസായ ബോർഡ്—ഭരണപരമായ പദ്ധതിയിതര ചെലവുകൾ**

ബോർഡിന്റെ ഭരണപരമായ ചെലവുകൾ സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. 2012-13 വർഷത്തേക്ക് 4,862.37 ലക്ഷം രൂപയുടെ ബഡ്ജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചപ്പോൾ 2,094.84 ലക്ഷം രൂപയാണ് പദ്ധതിയിതര ചെലവിനായി അനുവദിച്ചിട്ടുള്ളത്. ഇത് ഏകദേശം 9 മാസത്തെ ചെലവുകൾക്കേ തികയുകയുള്ളൂ. ആയതിനാൽ ജീവനക്കാർക്ക് ശമ്പളവും ആനുകൂല്യങ്ങളും നൽകുന്നതുൾപ്പെടെയുള്ള ഭരണപരമായ

ചെലവുകൾക്കായി 1,176.45 ലക്ഷം രൂപയും 1990–91 മുതൽ 2010–11 വരെ ബോർഡ് അധികം ചെലവ് ചെയ്ത തുക തിരിച്ചടയ്ക്കുന്നതിനായി തുകയുടെ ഏകദേശം 25% ആയ 6 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

**ഖാദി ചില്ലറ വിൽപ്പനയ്ക്കുള്ള പ്രത്യേക റിബേറ്റ്**

2011–12 സാമ്പത്തികവർഷം 550 ലക്ഷം രൂപ നോർമൽ റിബേറ്റ് അനുവദിച്ചിരുന്നു. ഖാദി കമ്മീഷനിൽ നിന്നും ലഭിച്ചുകൊണ്ടിരുന്ന റിബേറ്റ് നിർത്തലാക്കുകയും പകരം മാർക്കറ്റ് ഡെവലപ്മെന്റ് അസിസ്റ്റൻസ് നടപ്പിലാക്കുകയും ചെയ്തത് ഖാദി ചില്ലറ വിൽപ്പന മേഖലയെ പ്രതികൂലമായി ബാധിച്ചിരുന്നു. ഇത് പരിഹരിക്കുന്നതിനായി 19–8–2011–ലെ ജി.ഒ. (ആർടി.) നമ്പർ 179/2011/ഐ.ഡി. പ്രകാരം ഉൽസവകാലങ്ങളിൽ 108 ദിവസം 10% അധിക റിബേറ്റ് നൽകുന്നതിന് 600 ലക്ഷം രൂപ അനുവദിച്ചിരുന്നെങ്കിലും ആയത് റെഗുലറൈസ് ചെയ്തിരുന്നില്ല. നോർമൽ റിബേറ്റിനത്തിൽ 550 ലക്ഷം രൂപയിൽ 267.06 ലക്ഷം രൂപ മാത്രമാണ് ബോർഡിന് ലഭിച്ചത്. ഇതിൽ ബാക്കി തുകയായ 282.94 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2012–13 സാമ്പത്തികവർഷം നോർമൽ റിബേറ്റിനത്തിൽ 700 ലക്ഷം രൂപ ആവശ്യപ്പെട്ടെങ്കിലും 550 ലക്ഷം രൂപമാത്രമാണ് അനുവദിച്ചത്. ബാക്കി തുകയായ 150 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

കൂടാതെ ഖാദി കമ്മീഷൻ റിബേറ്റ് നിർത്തലാക്കിയ സാഹചര്യത്തിൽ ഉൽസവ കാലങ്ങളിൽ 108 ദിവസം 10% അധിക റിബേറ്റ് ഇനത്തിൽ, നോർമൽ റിബേറ്റിനു പുറമെ 800 ലക്ഷം രൂപയും ഖാദി ബോർഡിന് അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു. മേൽ വിവരിച്ചപ്രകാരം ഖാദിബോർഡിന് 2851–00–105–96(33) എന്ന ഹെഡിൽ ആകെ 1,232.94 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

## സിഡ്കോ

**സിഡ്കോയ്ക്കും ജില്ലാ വ്യവസായ കേന്ദ്രങ്ങൾക്കും കീഴിൽവരുന്ന റോഡുകളുടെ അറ്റകുറ്റപ്പണി**

വ്യവസായ/മിനി വ്യവസായ എസ്റ്റേറ്റുകളിലെ ചെറുകിട വ്യവസായങ്ങളുടെ സുഗമമായ നടത്തിപ്പിനായി താഴെ ചേർത്തിരിക്കുന്ന പ്രകാരം തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു:

| | | |
|---|---|---|
| വ്യവസായ എസ്റ്റേറ്റുകളിലെ റോഡ് അറ്റകുറ്റപ്പണികൾ | .. | 77,46,000 രൂപ |
| 36 മിനി വ്യവസായ എസ്റ്റേറ്റുകളിലെ റോഡ് അറ്റകുറ്റപ്പണികൾ | .. | 5,40,00,000 രൂപ |
| വ്യവസായ എസ്റ്റേറ്റുകളിലെ ചുറ്റുമതിൽ നിർമ്മാണം/അറ്റകുറ്റപ്പണികൾ | .. | 52,87,500 രൂപ |
| 36 മിനി വ്യവസായ എസ്റ്റേറ്റുകളിലെ ചുറ്റുമതിൽ നിർമ്മാണം/അറ്റകുറ്റപ്പണികൾ | .. | 4,32,00,000 രൂപ |

### കെൽപാം

കേരള സ്റ്റേറ്റ് പാൽമിറ പ്രൊഡക്ട്സ് ഡെവലപ്മെന്റ് ആന്റ് വർക്കേഴ്സ് വെൽഫയർ കോർപ്പറേഷന്റെ വിവിധ പദ്ധതികൾക്ക് 2012-13-ൽ ആവശ്യമായ തുക ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| (എ) സമഗ്രതൊഴിലാളി ക്ഷേമപദ്ധതി | .. | 50 ലക്ഷം രൂപ |
| (ബി) കരിമ്പന കൃഷി പ്രോത്സാഹനവും സാമൂഹ്യ വനവത്കരണവും | .. | 60 ലക്ഷം രൂപ |
| (സി) കരിമ്പന ഗവേഷണ കേന്ദ്രം | .. | 50 ലക്ഷം രൂപ |
| (ഡി) അത്യാധുനിക ശീതളപാനീയ യൂണിറ്റ് സ്ഥാപിക്കാൻ പ്രാരംഭ ചെലവ് | .. | 50 ലക്ഷം രൂപ |
| (ഇ) ശീതളപാനീയ നിർമ്മാണ പരിശീലനം, പനയോല കരകൗശല ഉൽപ്പന്നങ്ങളുടെ നിർമ്മാണം, ഫർണിച്ചർ/ബ്രഷ് നിർമ്മാണം എന്നിവയിൽ പരിശീലനം | .. | 50 ലക്ഷം രൂപ |
| (എഫ്) കുറഞ്ഞ പലിശ നിരക്കിലുള്ള NBCFDC-യുടെ വായ്പാ പദ്ധതി | .. | 27 ലക്ഷം രൂപ |
| (ജി) ആരോഗ്യ ഔഷധ കരിമ്പന ഉൽപ്പന്ന വികസനവും വ്യാപനവും | .. | 25 ലക്ഷം രൂപ |
| ആകെ | .. | 312 ലക്ഷം രൂപ |

മുകളിൽ സൂചിപ്പിച്ച വിവിധ പദ്ധതികൾക്കായി കെൽപാമിന് 312 ലക്ഷം രൂപ ആവശ്യമാണ്. ആയതിനാൽ ബഡ്ജറ്റിൽ വകകൊള്ളിച്ചിരിക്കുന്ന 25 ലക്ഷം രൂപ കൂടാതെ 2.87 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

## കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ

**മുളയുമായി ബന്ധപ്പെട്ട വ്യവസായങ്ങളുടെ വികസനം**

മുളയുമായി ബന്ധപ്പെട്ട വ്യവസായങ്ങളുടെ വികസനത്തിനായി 50 ലക്ഷം രൂപ യാണ് 2012-13 ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. എന്നാൽ താഴെപ്പറയുന്ന വിവിധ പ്രവർത്തനങ്ങൾക്കായി കൂടുതൽ തുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

(എ) ബാംബൂ ഫ്ളോറിംഗ് ടൈൽ ഫാക്ടറിക്കാവശ്യമായ പ്രവർത്തന മൂലധനം

വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ പത്തുകോടി രൂപ മുതൽമുടക്കി കോഴിക്കോട് നല്ലളത്ത് 2011-ൽ പ്രവർത്തനം ആരംഭിച്ച സ്ഥാപനമാണ് ബാംബൂ ഫ്ളോറിംഗ് ടൈൽ

ഫാക്ടറി. നാട്ടിലും മറുനാട്ടിലും ഈ ഫ്ളോറിംഗ് ടൈലിന് ധാരാളം ആവശ്യക്കാരുള്ളതിനാൽ ഈ പദ്ധതി ലാഭകരമാക്കുന്നതിനായി 2012-13 വർഷത്തേക്ക് പ്രതിമാസം 30000 ചതുരശ്ര അടി 'ടൈൽ' ഉൽപ്പാദിപ്പിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. ഇതിന്റെ മൊത്തം പദ്ധതിച്ചെലവ് 12 കോടി രൂപയാണ്. ഇതിൽ 10 കോടി ഗവൺമെന്റിൽ നിന്നും കമ്പനിക്ക് ലഭിച്ചിട്ടുണ്ടെങ്കിലും പ്രവർത്തനമൂലധനമായ 2 കോടി രൂപ ഇതുവരെ അനുവദിച്ചിട്ടില്ല. ആയതിനാൽ ബാംബൂ ഫ്ളോറിംഗ് ടൈൽ ഫാക്ടറിക്ക് പ്രവർത്തന മൂലധനമായി 2 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

(ബി) ബാംബൂ ബോർഡ് ഫാക്ടറിയിലെ ബോയിലറിന് M.S. ചിമ്മിനി

ബാംബൂ ബോർഡ് ഫാക്ടറിയിലെ ബോയിലറിന്റെ കാലപ്പഴക്കംചെന്ന് ദ്വാരങ്ങൾവീണ M.S. ചിമ്മിനി മാറ്റി പുതിയത് സ്ഥാപിക്കുന്നതിനായി 12 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

(സി) പരമ്പരാഗത തൊഴിലാളികൾക്ക് ഇൻസന്റീവ് വിതരണം

ഈറ്റ, പനമ്പ് തൊഴിലാളികൾക്ക് 2012-ലെ ഓണത്തോടനുബന്ധിച്ച് ഇൻസന്റീവ് നൽകുന്നതിനായി 120 ലക്ഷം രൂപ ഗ്രാന്റായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

(ഡി) നെയ്ത്തുതൊഴിലാളികൾക്ക് ഈറ്റവിതരണം ചെയ്യുന്നതിലെ നഷ്ടം

ഈറ്റ കാടുകളിൽ നിന്ന് നെയ്ത്ത് ഈറ്റ ശേഖരിച്ച് തൊഴിലാളികൾക്ക് വിതരണം ചെയ്ത് അവർ ഉണ്ടാക്കുന്ന പനമ്പ് തറവില നൽകി ശേഖരിച്ച് വിതരണം ചെയ്യലാണ് ബാംബൂ കോർപ്പറേഷന്റെ അടിസ്ഥാന പ്രവർത്തനം. കാലാകാലങ്ങളിലുള്ള കൂലി വർദ്ധനമൂലം പനമ്പിന്റെ ഉൽപ്പാദനചെലവ് കൂടിയിട്ടുണ്ടെങ്കിലും സർക്കാർ നയത്തിന്റെ അടിസ്ഥാനത്തിൽ വില നിശ്ചയിച്ചുനൽകേണ്ടി വരുന്നതിനാൽ കോർപ്പറേഷന് ഈ ഇനത്തിൽ നഷ്ടം സംഭവിക്കുന്നു. 2012-13 വർഷത്തിൽ ഇത്തരത്തിൽ 106.86 ലക്ഷം രൂപ നഷ്ടം പ്രതീക്ഷിക്കുന്നു. ഈ നഷ്ടം നികത്തുന്നതിന് കോർപ്പറേഷന് 106.86 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

(ഇ) ബാംബൂ ഫ്ളോറിംഗ് ടൈൽ ഫാക്ടറിക്ക് അനുവദിച്ച അഡീഷണൽ സെൻട്രൽ അസിസ്റ്റൻസ്

ബാംബൂ ഫ്ളോറിംഗ് ടൈൽഫാക്ടറിക്ക് വായ്പയിനത്തിൽ അഡീഷണൽ സെൻട്രൽ അസിസ്റ്റൻസ് ആയി ലഭിച്ച 700 ലക്ഷം രൂപ ഗ്രാന്റായി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

സമിതി ഉച്ചയ്ക്കുശേഷം 3.05-ന് യോഗം പിരിഞ്ഞു.

## 2012 ഏപ്രിൽ 17-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-IV 2012 ഏപ്രിൽ മാസം 17-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 'V-D' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രിയുമായ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി, എം.എൽ.എ.
2. ,, സി. കൃഷ്ണൻ, എം.എൽ.എ.
3. ,, വി. ശശി, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. കെ. സി. ജോസഫ് കുട്ടി, ജോയിന്റ് സെക്രട്ടറി
2. ,, കെ. പ്രിയദർശനൻ, ഡെപ്യൂട്ടി സെക്രട്ടറി
3. ,, രാജു, വൈ., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. വി. സോമസുന്ദരൻ, അഡീഷണൽ ചീഫ് സെക്രട്ടറി, വ്യവസായ വകുപ്പ്
2. ,, പി. എച്ച്. കുര്യൻ, പ്രിൻസിപ്പൽ സെക്രട്ടറി, ഐ. റ്റി. വകുപ്പ്
3. ,, അൽകേഷ്കുമാർ ശർമ്മ, സെക്രട്ടറി, വ്യവസായ (I.P.) വകുപ്പ്
4. ,, കെ. പത്മകുമാർ, സെക്രട്ടറി, റിയാബ്
5. ,, കെ. എസ്. ശ്രീനിവാസ്, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്
6. ,, ജപബാലൻ ഒലിവർ, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്
7. ,, എൻ. എസ്. പത്മകുമാർ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
8. ,, പി. സി. കാസിം, ജോയിന്റ് സെക്രട്ടറി, വ്യവസായ വകുപ്പ്
9. ,, രാജഗോപാൽ, ഡെപ്യൂട്ടി സെക്രട്ടറി, വ്യവസായ വകുപ്പ്
10. ,, കല, എസ്. വി., ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ്
11. ,, റൂബൻ, സി., ഡെപ്യൂട്ടി സെക്രട്ടറി, ഐ. റ്റി. വകുപ്പ്
12. ,, പി. എസ്. രാജേഷ്, അണ്ടർ സെക്രട്ടറി, വ്യവസായ വകുപ്പ്
13. ,, എൻ. ആർ. സുബ്രഹ്മണ്യം, സി. എം. ഡി., റ്റി. സി. എൽ.
14. ഡോ. എസ്. ഷാനവാസ്, M.D., SIFL
15. ശ്രീ. എസ്. രാംനാഥ്, M.D., KINFRA

16. ശ്രീ. കെ. ഷംസുദ്ദീൻ, M.D., കെൽ
17. ,, സി. പ്രസന്നകുമാർ, M.D., കെൽട്രോൺ
18. ഡോ. കെ. എ. രതീഷ്, M.D., KSIDC
19. ശ്രീ. ബി. അരുൾ സെൽവൻ, M.D., ടെക്സ്ഫെഡ്
20. ,, ബോബൻ ജോർജ്, M.D., ട്രാക്കോ കേബിൾ കമ്പനി
21. ,, മുരളീധരൻ നായർ, M.D., TTPL
22. ശ്രീമതി ശ്യാമള, എസ്., M.D., HDCK
23. ശ്രീ. എം. ഗണേഷ്, M.D., KSTC
24. ,, ജയചന്ദ്രൻ, ആർ. M.D., കാപ്പെക്സ്
25 ,, കെ. ബി. ജയകുമാർ, M.D., KSDP
26. ,, എസ്. അശോക് കുമാർ, M. D., KCCPL
27. ,, ജെ. കൃഷ്ണകുമാർ, M.D., കിൻഫ്ര അപ്പാരൽ പാർക്ക്
28. ,, ബലരാമൻ, ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്
29. ശ്രീമതി കെ. എസ്. അനിത, ജോയിന്റ് ഡയറക്ടർ, ഹാന്റ്ലൂം & ടെക്സ്റ്റൈൽസ്
30. ശ്രീ. ആർ. രാധാകൃഷ്ണൻ നായർ, ഡെപ്യൂട്ടി ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്
31. ,, എം. വാസുദേവൻ, സീനിയർ മാനേജർ, ടെക്നോപാർക്ക്
32. ,, ബിജു മാത്യു, സീനിയർ മാനേജർ, ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്
33. ,, സൂരജ്, എസ്., മാനേജർ, കെ. ബി. ഐ. പി.
34. ,, ബൈജു, കെ. എസ്., മാനേജർ, കെൽ
35. ,, എ. ബാലകൃഷ്ണൻ, ജനറൽ മാനേജർ, KCCPL
36. ,, കെ. ജി. ഗിരീഷ് ബാബു, സി. ഇ. ഒ., ടെക്നോപാർക്ക്
37. ,, ജിജോ ജോസഫ്, സി. ഇ. ഒ., ഇൻഫോപാർക്ക്
38. ,, ബിജുമോഹൻ, ആർ, സ്പെഷ്യലിസ്റ്റ്, ആർ.ഐ.എ.ബി.
39. ,, കെ. സി. സി. നായർ, സി. എഫ്. ഒ., ടെക്നോപാർക്ക്
40. ,, എസ്. പ്രദീപ്കുമാർ, എക്സിക്യൂട്ടീവ്, റിയാബ്.

സമിതി 2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ വ്യവസായങ്ങൾ സംബന്ധിച്ച ധനാഭ്യർത്ഥന നമ്പർ—XXXVII പരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനും വേണ്ടി സ്ഥാപിതമായിട്ടുള്ള റിയാബിലെ ഉദ്യോഗസ്ഥർ സംസ്ഥാനത്തെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച് തയ്യാറാക്കിയ ഒരു പവർപോയിന്റ് പ്രസന്റേഷൻ സമിതിയുടെ മുമ്പാകെ നടത്തി.

ടെക്സ്റ്റൈൽ മേഖലയ്ക്കായി 60 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്നും ഈ തുക പര്യാപ്തമാണെന്നും സമിതി വിലയിരുത്തി.

സൊസൈറ്റികൾക്കുവേണ്ടി പുതിയ ഒരു കടാശ്വാസ പദ്ധതി നിലവിൽ വന്നിട്ടുണ്ടെങ്കിലും ഇക്കാര്യത്തിലുള്ള ഇന്ത്യാ ഗവൺമെന്റിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാനത്തെ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്കോ അപ്പക്സ് സൊസൈറ്റികൾക്കോ പ്രായോഗികമായി സ്വീകരിക്കാൻ കഴിയുന്നതല്ലെന്നും സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് ഇക്കാര്യത്തിൽ ഇളവുകൾ നേടിയെടുക്കുന്നതിന് 18-4-2012-ന് ഡൽഹിയിൽ ഇതു സംബന്ധിച്ച് ചേരുന്ന യോഗത്തിൽ ഉദ്യോഗസ്ഥർ ശ്രദ്ധിക്കണമെന്നും സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. നാഷണൽ ഹൈപവർ കമ്മിറ്റിക്ക് ഗൈഡ്‌ലൈൻസിൽ മാറ്റങ്ങൾ വരുത്താനാവുമെന്നും സൊസൈറ്റികളുടെ അപേക്ഷ പരിഗണിച്ച് നബാർഡുമായി കൂടിയാലോചിച്ച് മാർഗ്ഗനിർദ്ദേശങ്ങളിൽ ഇളവുകൾക്കായി അഭ്യർത്ഥിച്ചിട്ടുണ്ടെന്നും 18-4-2012-ലെ യോഗത്തിൽ അനുകൂല തീരുമാനം പ്രതീക്ഷിക്കുന്നുണ്ടെന്നും ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള ധനാഭ്യർത്ഥന സംബന്ധിച്ച് സമിതിയുടെ ശുപാർശകൾ ചുവടെ ചേർക്കുന്നു:

**കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ്**

28. ഓട്ടോറിക്ഷാ ഉൽപ്പാദന മേഖലയിലെ വൻകിട കമ്പനികളിൽ നിന്ന് കടുത്ത മൽസരം നേരിടുന്ന കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് ഇപ്പോൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ഇത് അതിജീവിക്കുന്നതിനായി ബി.എസ്.3 ഗുണനിലവാരത്തോടു കൂടിയ ഫുൾ ബോഡിയിൽ തീർത്ത റിയർ എഞ്ചിൻ ഡീസൽ ഓട്ടോറിക്ഷ, പെട്രോൾ/ ഗ്യാസ് എഞ്ചിനും ഡീസൽ എഞ്ചിനും ഘടിപ്പിക്കാൻ കഴിയുന്ന പൊതുവായ ഒരു Chassis എന്നിവയ്ക്കായുള്ള പ്രോജക്ടുകൾ ഗവൺമെന്റിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. പ്രോജക്ടുകൾക്ക് ആവശ്യമായ 3 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

**കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് (കെൽ)**

കെൽ-ന്റെ മാമല യൂണിറ്റിൽ വ്യാവസായികാടിസ്ഥാനത്തിൽ പവർ ട്രാൻസ്ഫോർമറുകൾ ഉൽപ്പാദിപ്പിക്കുന്നതിന് 12.5 കോടി രൂപയുടെ പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെങ്കിലും തുക അനുവദിച്ചിട്ടില്ല. ഈ തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

കമ്പനിയുടെ മാമല യൂണിറ്റിലെ ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമർ പ്ലാന്റിന്റെ ആധുനികവൽക്കരണത്തിനായി 5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

കമ്പനിയുടെ കുണ്ടറ യൂണിറ്റിലെ ഓൾട്ടർനേറ്റർ ഡിവിഷന്റെ ആധുനിക വൽക്കരണത്തിന് 9.5 കോടി രൂപയും ഫൗണ്ടറി ഡിവിഷനിലെ കാലപ്പഴക്കംചെന്ന മെഷീനുകൾ മാറ്റിസ്ഥാപിക്കുന്നതിന് 3 കോടി രൂപയും വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

കെൽ എടരിക്കോട് യൂണിറ്റിന്റെ വികസനം ലക്ഷ്യമിട്ട് 'റെസിൻ കാസ്റ്റ്' ട്രാൻസ്ഫോർമറുകൾ ഉൽപ്പാദിപ്പിക്കുന്ന ഒരു ഡിവിഷൻ തുടങ്ങുന്നതിന് 8.5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

**കേരള കരകൗശല വികസന കോർപ്പറേഷൻ**

തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന എസ്.എം.എസ്.എം. ഇൻസ്റ്റിറ്റ്യൂട്ടിന്റെ ശതാബ്ദി സ്മാരകമായി പുതുതായി പണികഴിപ്പിക്കുന്ന ഇരുനില കെട്ടിടത്തിന്റെ ഇന്റീരിയർ ഡെക്കറേഷന് 50 ലക്ഷം രൂപ ആവശ്യമുള്ളതിനാൽ 4851-00-104-99 എന്ന പ്ലാൻ ഹെഡിൽ അനുവദിച്ച 2 കോടി രൂപയ്ക്കു പുറമേ 50 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

കരകൗശല ശില്പികൾക്ക് കേന്ദ്രസർക്കാർ അനുവദിച്ചിട്ടുള്ള രാജീവ്ഗാന്ധി ശില്പി സ്വാസ്ഥ്യ ബീമായോജന എന്ന ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൻകീഴിൽ കരകൗശല തൊഴിലാളികളുടെ വിഹിതം അടയ്ക്കുന്നതിനായി കഴിഞ്ഞ രണ്ട് വർഷങ്ങളിലും ഒരു ലക്ഷം രൂപ വീതം ബഡ്ജറ്റിൽ തുക അനുവദിച്ചിരുന്നുവെങ്കിലും 2012-13-ൽ തുകയൊന്നും അനുവദിച്ചിട്ടില്ല. ആയതിനാൽ ഈ ആവശ്യത്തിനായി 2851-00-104-77 എന്ന പ്ലാൻ ഹെഡ്ഡിൽ ഒരു ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

**സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ്**

2012-13 സാമ്പത്തിക വർഷത്തേക്ക് കമ്പനി ആവിഷ്കരിച്ചിട്ടുള്ള 4 കോടി രൂപയുടെ പദ്ധതിയിൽ താഴെപ്പറയുന്ന ഘടകങ്ങളാണുള്ളത്:

(എ) കണ്ണൂരിലെ ഷിപ്പ് ബിൽഡിംഗ് യൂണിറ്റിന് സ്ലിപ്പ്വെ നിർമ്മാണം.

(ബി) പുതിയ കപ്പൽ നിർമ്മാണത്തിന് സ്ഥിരമായ ജെട്ടി നിർമ്മിക്കൽ.

(സി) സ്ലിപ്‌വെയുടെ പ്രവർത്തനത്തിന് ഒരു 100 KVAയുടെ ഡീസൽ ജനറേറ്റർ സെറ്റ്.

(ഡി) ബോട്ട് നിർമ്മാണത്തിനായി റെക്ടിഫൈഡ് വെൽഡിംഗ് ട്രാൻസ്ഫോർമർ, ഗ്രൈൻഡിംഗ് മെഷീൻ, പൈപ്പ് കട്ടിംഗ് മെഷീൻ മുതലായവ.

(ഇ) ഓഫീസ് കെട്ടിട നിർമ്മാണം.

മേൽപ്പറഞ്ഞ പ്രവൃത്തികൾക്കായി സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിന് 4 കോടി രൂപ സഹായധനമായി നൽകണമെന്ന് സമിതി ശുപാർശ ചെയ്തു.

**കേരള ക്ലേയ്സ് ആന്റ് സിറാമിക്സ് പ്രൊഡക്ട്സ് ലിമിറ്റഡ്**

37. കെ.സി.സി.പി.യുടെ വിപുലീകരണത്തിനും വൈവിദ്ധ്യവൽകരണത്തിനും വേണ്ടിയുള്ള പദ്ധതിക്ക് 15 കോടി രൂപ ആവശ്യമാണ്. ആയതിനാൽ കെ.സി.സി.പി.-യുടെ വിപുലീകരണത്തിനും വൈവിദ്ധ്യവൽക്കരണത്തിനും 15 കോടി രൂപ ഗ്രാന്റായി അനുവദിക്കണമെന്നും പദ്ധതിയുടെ പ്രാരംഭ ചെലവിലേക്ക് 5 കോടി രൂപ അടിയന്തരമായി ഇക്വിറ്റി ആയോ ഗ്രാന്റായോ അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്തു.

**കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്**

കെ.എസ്.ഡി.പി.യുടെ നവീകരണത്തിന്റെ രണ്ടാംഘട്ടമായി നോൺ-ബീറ്റാലാക്ടം ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതിക്കായി 65 കോടി രൂപയുടെ ഒരു പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

സെയിൽസ് ടാക്സിന്റെ ആംനസ്റ്റി സ്കീം പ്രകാരം കമ്പനി സെയിൽസ് ടാക്സ് ഇനത്തിൽ 57 ലക്ഷം രൂപ അടയ്ക്കുവാനുണ്ട്. കമ്പനിയുടെ കൈവശമുള്ള ഫണ്ടിൽ നിന്നും ഈ തുക കുടിശ്ശിക അടച്ചാൽ അത് കമ്പനിയുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നതാണ്. ആയതിനാൽ സെയിൽസ് ടാക്സ് കുടിശ്ശിക അടയ്ക്കുന്നതിൽ നിന്നും കമ്പനിയെ ഒഴിവാക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

കെ.എസ്.ഡി.പി.ക്ക് അനുവദിച്ചിട്ടുള്ള ലോണുകളും പലിശയുമുൾപ്പെടെ ആകെ 82.16 കോടിരൂപ സർക്കാരിന്റെ ഇക്വിറ്റി ആക്കി മാറ്റുന്നതിനുള്ള പ്രൊപ്പോസൽ അംഗീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

കെ.എസ്.ഡി.പി. വിവിധതരം മരുന്നുകൾ ഉല്പാദിപ്പിച്ച് വർഷങ്ങളായി മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖേന സർക്കാർ ആശുപത്രികൾക്ക് നൽകിവരുന്നു. മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും ഓർഡർ ലഭിക്കാതെ വന്നാൽ കമ്പനി സാമ്പത്തിക പ്രതിസന്ധിയിൽ അകപ്പെടാൻ സാധ്യതയുണ്ട്. ആയതിനാൽ കോർപ്പറേഷന്റെ 25% ഓർഡർ കെ.എസ്.ഡി.പി.ക്ക് നൽകണമെന്നും, സപ്ലൈ ചെയ്ത ഉല്പന്നങ്ങളുടെ വില രണ്ടാഴ്ചയ്ക്കുള്ളിൽ പേയ്മെന്റ് നടത്തണമെന്നും സമിതി ശുപാർശ ചെയ്തു.

**സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡ്**

സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡിന്റെ വിവിധ പദ്ധതികൾക്ക് താഴെ ചേർത്തിരിക്കുന്ന പ്രകാരം തുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു:

* പ്രതിവർഷം 65000 കപ്പാസിറ്റിയോടുകൂടി റോളിംഗ് മിൽ സ്ഥാപിക്കുന്നതിന് കേരള സർക്കാരിന്റെ 50% മുതൽമുടക്ക് — 31.34 കോടി രൂപ
* ഓക്സിജൻ പ്ലാന്റ് സ്ഥാപിക്കുന്നതിന് കേരള സർക്കാരിന്റെ മുതൽമുടക്ക് — 20 ലക്ഷം രൂപ

* പഴയ ഇലക്ട്രിക്കൽ ഉപകരണങ്ങൾ മാറ്റി സ്ഥാപിക്കുന്നതിന് കേരള സർക്കാരിന്റെ മുതൽമുടക്ക് — 46.5 ലക്ഷം രൂപ
* പഴയ മെക്കാനിക്കൽ ഉപകരണങ്ങൾ മാറ്റി സ്ഥാപിക്കുന്നതിന് കേരള സർക്കാരിന്റെ 50% മുതൽമുടക്ക് — 24 ലക്ഷം രൂപ
* കമ്പനിയുടെ 15 MVA ട്രാൻസ്ഫോർമറുകൾ TELK റിപ്പയർ ചെയ്തിട്ടുള്ളത് തിരികെ ലഭിക്കുന്നതിന് സഹായം — 30 ലക്ഷം രൂപ
* പ്രവർത്തനമൂലധനത്തിലേക്ക് 50% സർക്കാർ വിഹിതം — 7.18 കോടി രൂപ

ആകെ — 39.725 കോടി രൂപ

**ഓട്ടോകാസ്റ്റ് ലിമിറ്റഡ്**

ഓട്ടോകാസ്റ്റ് ലിമിറ്റഡിൽ പുതിയതായി സ്ഥാപിച്ചുവരുന്ന ഉരുക്ക് കാസ്റ്റിംഗ് നിർമ്മാണ യൂണിറ്റിന്റെ സുഗമമായ പ്രവർത്തനത്തിനും നിലവിലുള്ള ഇരുമ്പ് കാസ്റ്റിംഗ് നിർമ്മാണം ത്വരിതഗതിയിലാക്കി ഉൽപ്പാദന വർദ്ധനവ് നേടുന്നതിനും, പുനരുദ്ധാരണവും നവീകരണവും ഉൾപ്പെടുത്തി രണ്ട് പദ്ധതികൾ കമ്പനി സർക്കാരിന് സമർപ്പിച്ചിരിക്കുകയാണ്. പുനരുദ്ധാരണ പദ്ധതികൾക്ക് 278 ലക്ഷം രൂപയും നവീകരണ പദ്ധതികൾക്ക് 286 ലക്ഷം രൂപയും ആവശ്യമാണ്. പുനരുദ്ധാരണ-നവീകരണ പ്രവർത്തനങ്ങൾക്കായി ആകെ 5.64 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

**സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽസ് ഫോർജിംഗ്സ് ലിമിറ്റഡ്**

കമ്പനിയുടെ ഏറ്റവും മർമ്മപ്രധാനമായ 10 ടൺ ഹാമറിന്റെ പഴക്കവും കൂടെക്കൂടെയുള്ള റിപ്പയറിംഗും പരിഗണിച്ച് 16 കോടി രൂപ മുതൽമുടക്കി ഒരു പുതിയ ഹാമർ വാങ്ങുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിലേക്ക് സർക്കാരിന്റെ മൂലധന നിക്ഷേപമായി 12 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

കൂടാതെ വിമാനത്തിന്റേയും ഹെലികോപ്റ്ററുകളുടേയും നിർമ്മാണത്തിനും റിപ്പയറിംഗിനും ആവശ്യമായ ടൈറ്റാനിയം ഫാസ്റ്റനേഴ്സിന്റെ ഒരു യൂണിറ്റ് ആരംഭിക്കാൻ പദ്ധതിയിട്ടുണ്ട്. 1181 ലക്ഷം രൂപ മുതൽമുടക്കുള്ള ഈ പദ്ധതിക്ക് 48 പേർക്ക് നേരിട്ട് തൊഴിൽ നൽകാനാവുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇതിലേക്ക് 5.9 കോടി രൂപ സർക്കാർ വിഹിതമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

**ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്**

കണ്ണൂർ ജില്ലയിൽ ഹൗസ് വയറിംഗ് കേബിൾ യൂണിറ്റ് നിർമ്മിക്കുന്നതിന് സബ്ജക്ട് കമ്മിറ്റി IV, 2010-11 ധനാഭ്യർത്ഥനയിൽ 9.25 കോടി രൂപ ഓഹരി മൂലധനമായും 3.5 കോടി രൂപ ഗ്രാന്റായും ആകെ 12.75 കോടി രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്തിരുന്നു. ഈ പദ്ധതിയുടെ ആദ്യ എസ്റ്റിമേറ്റ് അനുസരിച്ച്

12.75 കോടി രൂപ ചെലവ് പ്രതീക്ഷിച്ചിരുന്നെങ്കിലും റിവൈസ്ഡ് പ്രൊജക്ട് പ്രകാരം അത് 12 കോടി രൂപയായി കുറഞ്ഞിട്ടുണ്ടെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. ഇതിൽ 4 കോടി രൂപ മലബാർ സിമന്റ്സ് ലിമിറ്റഡിൽ നിന്ന് മൂലധനമായും 4 കോടി രൂപ കടമായും ലഭിച്ചിട്ടുണ്ടെന്നും കൂടാതെ സർക്കാരിൽ നിന്ന് കടമായി ലഭിച്ച 2.17 കോടി രൂപയും ചേർത്ത് ആകെ ഇതുവരെ 10.17 കോടി രൂപ ലഭിച്ചുവെന്നും ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. ഈ സാഹചര്യത്തിൽ ബാക്കി തുകയായ 1.83 കോടി രൂപ പ്രവർത്തന മൂലധനത്തിനായി സർക്കാർ കമ്പനിക്ക് ഗ്രാന്റായി നൽകണമെന്ന് സമിതി ശുപാർശ ചെയ്തു.

**കേരള സിറാമിക്സ് ലിമിറ്റഡ്**

കേരള സിറാമിക്സ് ലിമിറ്റഡിന്റെ കൊല്ലം കുണ്ടറയിലുള്ള ക്ലേയ്സ് & മിനറൽ ഡിവിഷൻ മാത്രമാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. ഈ ഡിവിഷന്റെ സുഗമമായ പ്രവർത്തനത്തിനായി കമ്പനി, ക്ലേ നിക്ഷേപമുള്ള സ്ഥലങ്ങൾ മൈനിംഗ് & ജിയോളജി വകുപ്പ് മുഖേന കണ്ടെത്തുകയും ആ സ്ഥലം അക്വയർ ചെയ്യുന്നതിനായി 4 കോടി രൂപ സർക്കാരിനോട് ആവശ്യപ്പെട്ടതിൽ 3 കോടി രൂപ 2011-ൽ സർക്കാരിൽ നിന്ന് കമ്പനിക്ക് ലഭ്യമാവുകയുമുണ്ടായി. എന്നാൽ കുണ്ടറയിൽ ടെക്നോപാർക്കിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിയതോടെ സ്ഥലത്തിന്റെ വില ഉയർന്നിരിക്കുകയാണ്. ഈ സാഹചര്യത്തിൽ 5 കോടി രൂപ കമ്പനിക്ക് അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

**ദി ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്**

കമ്പനിക്ക് ഇപ്പോഴുള്ള മോണോപോളാർ പ്ലാന്റിനുപകരം നൂതനവും സാങ്കേതികമികവ് കൂടുതലുള്ളതുമായ ബൈപോളാർപ്ലാന്റ് സ്ഥാപിക്കുന്നതിനായി പുതിയ മുതൽമുടക്കായ 70 കോടി രൂപ സർക്കാർ സഹായധനമായി നൽകണമെന്ന് സമിതി ശുപാർശ ചെയ്തു.

കമ്പനിക്ക് ഗവൺമെന്റ് ലോണായി ലഭിച്ച 14.5% പലിശനിരക്കിലുള്ള 3.72 കോടി രൂപയും പലിശയിനത്തിൽ 3 കോടി രൂപയും ഗവൺമെന്റിന് തിരിച്ചു നൽകാനുണ്ടെന്നും പ്രതിമാസം 80 ലക്ഷം രൂപ കെ.എഫ്.സി.ക്ക് തിരിച്ചടയ്ക്കുന്നതോടൊപ്പം ഗവൺമെന്റിനുള്ള കടബാദ്ധ്യത തിരിച്ചടയ്ക്കാനുള്ള സാമ്പത്തികസ്ഥിതി കമ്പനിക്കില്ലെന്നും ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. ആയതിനാൽ ഈ തുക കമ്പനിക്ക് ഗ്രാന്റായി നൽകണമെന്ന് സമിതി ശുപാർശ ചെയ്തു.

കമ്പനിക്ക് ഇലക്ട്രിസിറ്റി താരിഫ് കൺസഷൻ അനുവദിച്ചിരുന്നെങ്കിലും, ഈ ആനുകൂല്യങ്ങൾ നൽകാൻ ബോർഡ് വിസമ്മതിക്കുന്നത് കാരണം വൻതുക കൾക്കുള്ള ഡിമാന്റ് നോട്ടീസ് ലഭിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാർ ഉത്തരവ് നടപ്പാക്കുന്നതിന് KSEB-യ്ക്ക് നിർദ്ദേശം നൽകണമെന്ന് സമിതി ശുപാർശ ചെയ്തു.

**യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസ് ലിമിറ്റഡ്**

സ്മാർട്ട്കാർഡും, എൽ.ഇ.ഡി. ടെക്നോളജിയോടുകൂടിയ ഡൊമസ്റ്റിക് & സ്ട്രീറ്റ് ലൈറ്റും ഉൽപ്പാദിപ്പിക്കുന്ന പദ്ധതിക്ക് 1238.55 ലക്ഷം രൂപ മൂലധനം ആവശ്യമുണ്ട്. മീറ്റർ നിർമ്മിച്ചു നൽകുന്നതിനും പുതിയ പ്രോജക്ടുകൾക്കുമായി 15.53 കോടി രൂപ കമ്പനിക്ക് അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

റിയാബ്

**പബ്ലിക് സെക്ടർ റീസ്ട്രക്ച്ചറിംഗ് ആന്റ് ഇന്റേണൽ ആഡിറ്റ് ബോർഡ്**

ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസും (BPE), റീസ്ട്രക്ച്ചറിംഗ് ആന്റ് ഇന്റേണൽ ഓഡിറ്റ് ബോർഡും (RIAB) സംയോജിപ്പിച്ച് ഒരു പബ്ലിക് സെക്ടർ എന്റർപ്രൈസസ് ബോർഡ് രൂപീകരിക്കുമെന്ന് 2012-13 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നതുപ്രകാരം PSEB രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. ഇതിനുള്ള ചെലവുകൾക്കായി 2852-80-800-72(NP) എന്ന ഹെഡ്ഡിൽ 2 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

**പൊതുമേഖലാ സ്ഥാപനങ്ങളുടെ വൈവിദ്ധ്യവൽക്കരണവും പുനരുദ്ധാരണവും**

ഉല്പാദന മേഖലയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണ ത്തിനും നവീകരണത്തിനുമായി ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്ന 75 കോടി രൂപ 4885-60-800-96(P) എന്ന ശീർഷകത്തിൽ അധിക ധനസഹായമായി വകയിരുത്തണ മെന്ന് സമിതി ശുപാർശ ചെയ്തു.

**ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ്**

സിമന്റ് പൊടിക്കുന്നതിന് കമ്പനി ഇപ്പോൾ ഉപയോഗിക്കുന്ന ഗ്രൈൻഡിംഗ് മീഡിയ കപ്പാസിറ്റി കുറഞ്ഞതാണ്. കപ്പാസിറ്റി കൂടിയ ഹൈക്രോം ഗ്രൈൻഡിംഗ് മീഡിയ ഉപയോഗിക്കുന്നതിന് മില്ല് കൺവർട്ടുചെയ്യുന്നതിന് ഒന്നര കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

കമ്പനി ഇപ്പോൾ ഉപയോഗിക്കുന്ന കാലപ്പഴക്കം ചെന്ന മോട്ടോറുകൾ മാറ്റി പുതിയ മോട്ടോറുകൾ സ്ഥാപിക്കുന്നതിന് 1.25 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

ഡ്രെഡ്ജർ, സ്ക്രീനിംഗ് പ്ലാന്റ്, വിഞ്ച്ബോട്ട് ഇവ നന്നാക്കുന്നതിനും പോണ്ടൂണുകൾ നിർമ്മിക്കുന്നതിനുംവേണ്ടി അഞ്ചുകോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

**കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (കിൻഫ്ര)**

പാലക്കാട് ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ & ടെക്സ്റ്റൈൽ പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 10 കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 2012-13 ബഡ്ജറ്റ് വിഹിതത്തിൽ ഇത് ഉൾപ്പെടുത്തിയിട്ടില്ല. നിർമ്മാണ പ്രവർത്തനം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി 10 കോടി രൂപ അധികമായി വകയിരുത്താൻ സമിതി ശുപാർശ ചെയ്തു.

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി ഒരു സെന്റർ കേരളത്തിൽ സ്ഥാപിക്കുന്നതിന് നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തിയിരിക്കുന്നത് കിൻഫ്രയെയാണെന്നും കണ്ണൂരിൽ സ്ഥാപിക്കുന്ന നിഫ്റ്റിന്റെ പ്രസ്തുത സെന്ററിന്റെ നിർമ്മാണ പ്രവർത്തനം അന്തിമഘട്ടത്തിലാണെന്നും ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. നിഫ്റ്റ് സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 2012-13 സാമ്പത്തിക വർഷം 13.43 കോടി രൂപ വകയിരുത്താൻ അഭ്യർത്ഥിച്ചിരുന്നെങ്കിലും 5 കോടി രൂപയാണ് അനുവദിച്ചത്. 8.43 കോടി രൂപ കൂടി ഈ ആവശ്യത്തിനായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

റൂറൽ അപ്പാരൽ പാർക്കുകളുടെ നിർമ്മാണത്തിനായി 3 കോടി രൂപയുടെ പദ്ധതി നിർദ്ദേശം സമർപ്പിച്ചിരുന്നെങ്കിലും തുക അനുവദിച്ചിട്ടില്ല. റൂറൽ അപ്പാരൽ പാർക്കുകളുടെ നിർമ്മാണത്തിനായി കിൻഫ്രയ്ക്ക് 3 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

തളിപ്പറമ്പ് നാടുകാണിയിൽ കിൻഫ്രയുടെ പ്രോജക്ട് പ്രവർത്തനം തുടങ്ങിയിട്ടില്ലെന്നും അവിടെ ഇപ്പോൾ 125000 സ്ക്വയർ ഫീറ്റിൽ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി പണിതിട്ടുണ്ടെന്നും ഉദ്യോഗസ്ഥർ വെളിപ്പെടുത്തി. എല്ലാ യൂണിറ്റുകളും കൂടി ചേർത്ത് ഒരു വെറ്റ് പ്രോസസ്സിംഗ് യൂണിറ്റ് തുടങ്ങി ആ യൂണിറ്റിനെ ഒരു പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയാക്കി ഡൈയിംഗ് ആന്റ് വൈൻഡിംഗ് പ്ലാന്റ് വെറ്റ് പ്രോസസ്സിംഗ് യൂണിറ്റ് തുടങ്ങാനാണ് പ്രൊപ്പോസൽ എന്നും 5 കോടി രൂപയുടെ ഉപകരണങ്ങൾ അവിടെ സ്ഥാപിച്ചുവെന്നും കണ്ണൂരിലെ മറ്റുള്ള ഡൈയിംഗ് & വൈന്റിംഗ് പ്ലാന്റുകളെല്ലാം വ്യക്തിഗത യൂണിറ്റുകളാണെന്നും അവയെല്ലാം നിർത്തി വെറ്റ് പ്രോസസ്സിംഗ് ഏരിയയിലേക്ക് കൊണ്ടുവരലാണ് ലക്ഷ്യമെന്നും ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

പൊതുമരാമത്ത് വകുപ്പിന്റെ കൈവശമുള്ള ഭൂമി എടുത്ത് പയ്യന്നൂരിൽ കിൻഫ്രയുടെ അപ്പാരൽ പാർക്ക് സ്ഥാപിക്കുന്നതിന്റെ പുരോഗതി സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് ആരാഞ്ഞു. പഞ്ചായത്തുകളോ ഏജൻസികളോ ഭൂമി സൗജന്യമായി തന്നാൽ അവർക്ക് എസ്.ഡി.എഫ്. കൺസ്ട്രക്ട് ചെയ്യാമെന്ന വ്യവസ്ഥയിലാണ് അപ്പാരൽ പാർക്ക് പ്രോജക്ട് ഉദ്ദേശിച്ചിരുന്നതെന്നും പയ്യന്നൂരിലെ അപ്പാരൽ പാർക്കിന് സ്ഥലം നൽകുന്ന കാര്യം പൊതുമരാമത്ത് വകുപ്പിൽ തീരുമാനമാകാതെ കിടക്കുകയാണെന്നും ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

**കേരള സ്റ്റേറ്റ് കാഷ്യൂ വർക്കേഴ്സ് അപ്പക്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി (കാപ്പക്സ്)**

തോട്ടണ്ടിയുടെ ഇപ്പോഴത്തെ വിലയിലുണ്ടായ മാറ്റവും അധിക ഉൽപ്പാദന ശേഷിയും കണക്കിലെടുക്കുമ്പോൾ 'റിജുവനേഷൻ ഓഫ് കാഷ്യൂ ഇൻഡസ്ട്രി' എന്ന പദ്ധതിക്ക് 5 കോടി രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

കട്ടിംഗ് മെഷീൻ, പീലിംഗ് ടേബിൾ, ഗ്രേഡിംഗ് ടേബിൾ, ഇലക്ട്രോണിക് ഹസ്ക് റിമൂവർ, ഓട്ടോമാറ്റിക് ഓൺലൈൻ ലേബലിംഗ് മെഷീൻ, ടിൻ പായ്ക്കിംഗ് മെഷീൻ, വാക്വം പായ്ക്കിംഗ് മെഷീൻ മുതലായ ആധുനിക യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിന് 2 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

ബാങ്കുകൾ, ധനകാര്യസ്ഥാപനങ്ങൾ തുടങ്ങിയവയുടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതികൾക്കായി 2 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

**കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ലിമിറ്റഡ്**

കെ.എസ്.ഐ.ഡി.സി.-യുടെ താഴെപ്പറയുന്നെ പദ്ധതികൾക്ക് അധികമായി തുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു:

എമർജിംഗ് കേരള.—2012 സെപ്റ്റംബർ 12 മുതൽ 14 വരെ കൊച്ചിയിൽ വച്ച് നടക്കുന്ന ഈ ദ്വിവൽസര നിക്ഷേപക സംഗമത്തിന്റെ മുന്നോടിയായി വിവിധതരം പ്രീ ഇവന്റ് സെമിനാറുകൾ, ഇൻവെസ്റ്റർ മീറ്റുകൾ എന്നിവ ഇന്ത്യയ്ക്കകത്തും പുറത്തും നടത്തേണ്ടതുണ്ട്. ഇതിനായി ഇപ്പോൾ നീക്കിയിരുപ്പായി അനുവദിച്ചിരിക്കുന്ന തുകയിൽ 5 കോടി രൂപയെങ്കിലും അധിക ചെലവ് പ്രതീക്ഷിക്കുന്നതിനാൽ 'എമർജിംഗ് കേരള'-യ്ക്കുവേണ്ടി 5 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

ലൈഫ് സയൻസ് പാർക്ക്.—ജൈവോദ്യാനത്തിന്റെ നിർമ്മാണത്തിനായി 45 കോടി രൂപയും, പാർക്കിൽ ഒരു ബയോടെക്നോളജി ഇൻകുബേഷൻ സെന്റർ സ്ഥാപിക്കുന്നതിനായി 18 കോടി രൂപയും ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ ഈ പദ്ധതിക്കായി 60 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

ചീമേനി താപവൈദ്യുത പദ്ധതി.—2012-13-ൽ ഈ പദ്ധതിയുടെ കൺസൾട്ടിംഗ് ഫീസ്, വൈദ്യുതി, ജലം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾക്കായി 5 കോടി രൂപ ആവശ്യപ്പെട്ടെങ്കിലും, 10 ലക്ഷം രൂപ മാത്രമാണ് ബഡ്ജറ്റിൽ വകയിരുത്തിയത്. ആയതിനാൽ ബാക്കിതുകയായ 4 കോടി 90 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്ക്.—അനുവദിച്ചിരിക്കുന്ന 10 കോടി രൂപ തികച്ചും അപര്യാപ്തമായതിനാൽ 30 കോടി രൂപ കൂടി ഈ പദ്ധതിക്ക് അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

വ്യവസായ വളർച്ചാ കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യവികസനം.—കേന്ദ്രാവിഷ്കൃത പദ്ധതിയായ 'വ്യവസായ വളർച്ചാ കേന്ദ്രങ്ങൾ' കണ്ണൂർ, കോഴിക്കോട്, മലപ്പുറം, ആലപ്പുഴ എന്നീ ജില്ലകളിൽ സ്ഥാപിച്ചുവരികയാണ്. ഇത്തരം കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി 10 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 1 കോടി രൂപ മാത്രമാണ് വകയിരുത്തിയത്. ആയതിനാൽ ബാക്കി 9 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

കൊച്ചി-കോയമ്പത്തൂർ വ്യവസായ ഇടനാഴി.—51,000 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഈ അടിസ്ഥാന സൗകര്യ വികസന പദ്ധതി അതിന്റെ ശൈശവ ദശയിലാണ്. 2012-13-ൽ 25 കോടി രൂപ ഈ പദ്ധതിക്കായി ആവശ്യപ്പെട്ടിരുന്നുവെങ്കിലും 10 കോടി രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ. ബാക്കി 15 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

സപ്ലിമെന്ററി ഗ്യാസ് ഇൻഫ്രാസ്ട്രക്ചർ.—കെ.എസ്.ഐ.ഡി.സി.-യും ഗെയിൽ ഗ്യാസ് ലിമിറ്റഡുമായി ചേർന്നുള്ള സംയുക്ത സംരംഭമായ കേരള ഗെയിൽ ഗ്യാസ് ലിമിറ്റഡ് നടപ്പാക്കുന്ന ഈ പദ്ധതിക്ക് 24 കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 12.21 കോടി രൂപയാണ് അനുവദിച്ചത്. ബാക്കി തുകയായ 11.79 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

വ്യവസായ പാർക്കുകളിലേക്കുള്ള റോഡ് വികസനം.—ഇതിനായി 5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

ലൈറ്റ് എഞ്ചിനീയറിംഗ് പാർക്ക്, പാലക്കാട്.—ഇതിനായി 1 കോടി രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്തു.

സീപ്ലെയിനുകളുടെ പ്രവർത്തനം.—സംസ്ഥാനത്തിനകത്തുള്ള വിനോദ സഞ്ചാര കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്നതിന് വേണ്ടിയുള്ള ഈ പദ്ധതിയുടെ പ്രാരംഭഘട്ട പ്രവർത്തനങ്ങൾക്ക് 25 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 12 കോടി രൂപ മാത്രമാണ് അനുവദിച്ചത്. ബാക്കി തുകയായ 13 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

**കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ**

3750 മെട്രിക്ടൺ തോട്ടണ്ടിയാണ് ഇപ്പോൾ കോർപ്പറേഷൻ സംസ്കരിക്കുന്നത്. അസംസ്കൃത തോട്ടണ്ടിയുടെ വില, സംസ്കരണ-ഉല്പന്ന-വിപണന സമയദൈർഘ്യം എന്നിവ കണക്കിലെടുക്കുമ്പോൾ തോട്ടണ്ടി സംഭരണത്തിന് 30 കോടി രൂപ ആവശ്യമായിവരും. ഒരു സംഭരണ കേന്ദ്രത്തിന് 3 കോടി രൂപാനിരക്കിൽ 10 കേന്ദ്രങ്ങൾക്ക് 30 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

കശുവണ്ടി ഫാക്ടറികളുടെ തൊഴിൽ സൗകര്യം മെച്ചപ്പെടുത്തുന്നതിനും നവീകരണത്തിനുമായി 6.9 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ കാഷ്യൂ സൂപ്പ്, കാഷ്യൂ പൗഡർ, കാഷ്യൂ ബിറ്റ്സ്, കാഷ്യൂവിറ്റ തുടങ്ങിയവ ഉൾപ്പെടെയുള്ള ഇന്ത്യൻ കശുവണ്ടിയുടെ പ്രചരണം, ഗുണമേന്മ നിലനിർത്തൽ, പുതിയ ഉൽപ്പന്നങ്ങൾ ഉണ്ടാക്കൽ, ഭക്ഷ്യപ്രദർശനങ്ങളിൽ പങ്കെടുക്കൽ, പ്രദർശനം, വില്പന, പരസ്യപ്രചരണം മുതലായവയ്ക്കായി ഒരുകോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2012-13 വർഷത്തേക്ക് പ്രവർത്തനമൂലധനമായി 100 കോടി രൂപയും തൊഴിലാളികളുടെ 2011 വരെയുള്ള ഗ്രാറ്റുവിറ്റി കുടിശ്ശിക കൊടുത്തുതീർക്കുന്നതിന് 16.80 കോടി രൂപയും അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

## മൈനിംഗ് & ജിയോളജി വകുപ്പ്

മൈനിംഗ് & ജിയോളജി വകുപ്പിന്റെ കീഴിലുള്ള ജില്ലാ ആഫീസുകളിൽ പരമാവധി രണ്ട് മുതൽ മൂന്ന് ആഫീസർമാർ മാത്രമേ നിയമം നടപ്പിലാക്കുന്നതിനായി നിലവിലുള്ളൂ. മതിയായ ഉദ്യോഗസ്ഥരുടെ അഭാവവും വിസ്തൃതമായ അധികാര പരിധിയും, കോടതിക്കേസുകളും പരാതികളും ലൈസൻസിനായുള്ള അപേക്ഷയുടെ വർദ്ധനയും, അനുവദിച്ച വാഹന-ഇന്ധന ചെലവിന്റെ പരിമിതികളും ഉണ്ടെങ്കിൽപ്പോലും ഓരോവർഷവും കാര്യക്ഷമമായ പ്രവർത്തനംമൂലം വകുപ്പിന്റെ റവന്യൂ വരുമാനം വർദ്ധിച്ച് വരുന്നുണ്ട്. ആയതിനാൽ എല്ലാ ജില്ലകളിലും താലൂക്ക്തല ആഫീസുകൾ തുടങ്ങാൻ അനുവാദം നൽകണമെന്ന് സമിതി ശുപാർശ ചെയ്തു.

**ടെക്സ്ഫെഡ്**

ടെക്സ് ഫെഡിന് കീഴിൽ പ്രവർത്തിക്കുന്ന സഹകരണ സ്പിന്നിംഗ് മില്ലുകളിലും പവർലൂം സഹകരണ സംഘങ്ങളിലും നടപ്പിലാക്കി വരുന്ന നവീകരണ വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

**കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്**

ചൈന ക്ലേ ഖനന പദ്ധതിക്ക് 142 ലക്ഷം രൂപ ഗ്രാന്റായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

ധാതുമണൽ ഖനനത്തിനായി 338 ലക്ഷം രൂപ ഗ്രാന്റായി അനുവദിക്കണമെന്ന് ശുപാർശ ചെയ്തു.

അണക്കെട്ടുകളിൽ നിന്നും ചെളിയും മണലും നീക്കി വിപണനം ചെയ്യുന്നതിനുള്ള ഡീസിൽറ്റിംഗ് പദ്ധതിക്കായി 12.4 കോടി രൂപ ഗ്രാന്റ് ആയി അനുവദിക്കണമെന്ന് ശുപാർശ ചെയ്തു.

**കെൽട്രോൺ**

കെൽട്രോണിന്റെ എയ്റോസ്പേസ് പ്രൊജക്ടിന് 10 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

കണ്ണൂരിലെ കെൽട്രോൺ കോംപോണന്റ് കോംപ്ലക്സ് ലിമിറ്റഡിന്റെ ആധുനികവൽക്കരണത്തിന്റെ പുരോഗതി സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് ആരാഞ്ഞു. ഇതിനായി 3.95 കോടി രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടെന്ന് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. ഫണ്ട് അനുവദിക്കുന്നതിന് മുമ്പായി ഉദ്യോഗസ്ഥർ സ്ഥാപനം സന്ദർശിച്ച് സാഹചര്യം വിലയിരുത്തണമെന്ന് സമിതി നിർദ്ദേശിച്ചു. കെൽട്രോണിന്റെ സബ്സിഡിയറി കമ്പനിയായ കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡിന്റെ ആധുനികവൽക്കരണത്തിനും നവീകരണത്തിനുമായി 3.95 കോടി രൂപ, കെൽട്രോണിന്റെ മറ്റു മൂന്നു സബ്സിഡിയറി കമ്പനികൾ KCCL-ൽ ലയിച്ചതിനാൽ ആ മൂന്ന് സ്ഥാപനങ്ങളിൽ ജോലിചെയ്ത് വിരമിച്ച

തൊഴിലാളികളുടെ ആനുകൂല്യങ്ങൾ കൊടുത്തുതീർക്കാൻ 1.75 കോടി രൂപ എന്നിങ്ങനെ ആകെ 5.7 കോടി രൂപ KCCL-ന് അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

കെൽട്രോണിന്റെ മറ്റൊരു സബ്സിഡിയറി കമ്പനിയായ കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡിന്റെ ഉൽപ്പാദന വർദ്ധനവിനും അടിസ്ഥാനസൗകര്യ വികസനത്തിനുമുള്ള പദ്ധതികൾക്കായി 2 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

## ഇൻഫർമേഷൻ ടെക്നോളജി വകുപ്പ്

ടെക്നോപാർക്ക്, ഇൻഫോപാർക്ക്, കെ.എസ്.ഐ.ടി.ഐ.എൽ. എന്നിവയുടെ വികസനകാര്യങ്ങൾ സംബന്ധിച്ച്, സമിതി ഐ.ടി. വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി.

13-14% ഉയർന്ന പലിശനിരക്കിൽ ലോൺ എടുത്ത് സ്ഥലം ഏറ്റെടുത്ത് അത് കമ്പനികൾക്ക് കൊടുത്ത് ഐ.ടി. വികസനം നടത്തുന്നത് പലപ്പോഴും നഷ്ടത്തിനിടയാക്കുന്നുവെന്നും, കെട്ടിടവും ടൗൺഷിപ്പും വന്നാൽ കമ്പനികൾക്ക് വരാൻ താല്പര്യമാണെന്നും ടെക്നോപാർക്കിൽ മൂന്ന് കെട്ടിടം പണിയാൻ ലോൺ എടുത്തിട്ടുണ്ടെന്നും കെട്ടിടം പണിതാൽ പെട്ടെന്ന് വാടകയ്ക്ക് എടുക്കാൻ കമ്പനികൾ തയ്യാറാണെങ്കിലും ഭൂമി എടുത്ത് കെട്ടിടം പണിയുന്നത് മേജർ കമ്പനികളായ ഇൻഫോസിസ്, റ്റി.സി.എസ്. മുതലായവ മാത്രമാണെന്നും ഉദ്യോഗസ്ഥർ വെളിപ്പെടുത്തി. എന്നാൽ കമ്പനികൾ വന്നു ഭൂമി ഉപയോഗപ്പെടുത്തുന്നതിനനുസരിച്ച് കൂടുതൽപേർക്ക് തൊഴിൽ ലഭിക്കുമെന്നും എന്നാൽ വളരെവേഗത്തിൽ പരമാവധി ഭൂമി ഉപയോഗപ്പെടുത്തി കമ്പനികൾ സ്ഥാപിതമായാലേ പ്രയോജനമുള്ളൂവെന്നും ഉദ്യോഗസ്ഥർ അഭിപ്രായപ്പെട്ടു.

കണ്ണൂർ, കാസർകോഡ്, കോഴിക്കോട് എന്നിവിടങ്ങളിലെ സൈബർ പാർക്കുകളുടെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

ടെക്നോപാർക്ക് 2012-13-ലേക്കുള്ള വാർഷിക ബഡ്ജറ്റിൽ സ്ഥലമെടുപ്പിന് 60 കോടി രൂപയും സ്ഥലവികസനത്തിന് 9 കോടി രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. ഇതിൽ സ്ഥലമെടുപ്പിനുള്ള വില പുനർനിർണ്ണയിച്ച് വരുമ്പോൾ കൂടുതലായി വരുന്നതുക സർക്കാർ പ്രത്യേകമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

ഐ. ടി. പാർക്കുകളുടെ വികസനത്തിനായി മൊത്തത്തിൽ 118 കോടി രൂപയാണ് 2012-13-ലെ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ളത്. ഇതിൽ ടെക്നോപാർക്കിന് അനുവദിക്കുന്ന തുക തീർത്തും അപര്യാപ്തമായ സാഹചര്യത്തിൽ ടെക്നോപാർക്കിന് 525 കോടി പ്രത്യേകമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

കൊല്ലം കുണ്ടറയിൽ ആരംഭിക്കുന്ന ടെക്നോപാർക്കിനായി ബഡ്ജറ്റിൽ ആവശ്യമായ തുക വകയിരുത്തേണ്ടതാണെന്ന് ശുപാർശ ചെയ്തു.

ടെക്നോപാർക്ക് ക്യാമ്പസ്സിനകത്ത് ഒരു സാറ്റലൈറ്റ് എർത്ത് സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി STPI-ക്ക് 3 കോടി രൂപ ടെക്നോപാർക്ക് വായ്പയായി നൽകിയിരുന്നു. എന്നാൽ ഇതുവരെ STPI ഇതു മടക്കിനൽകിയിട്ടില്ല. ഇങ്ങനെ ടെക്നോപാർക്ക് STPI-ക്ക് നൽകിയ 3 കോടി രൂപയിൽ 2.1 കോടി രൂപ സംസ്ഥാന സർക്കാർ ടെക്നോപാർക്കിന് വായ്പയായി 1993-94-ൽ നൽകിയിട്ടുള്ളതാണ്. ഇതിന്റെ പലിശയുൾപ്പെടെ ഇപ്പോൾ ഇത് 20 കോടി രൂപയായിട്ടുണ്ട്. ഈ തുക സർക്കാരിലേക്ക് തിരിച്ചടയ്ക്കാൻ നിർവ്വാഹമില്ലാത്തതിനാൽ ഈ തുക ഗ്രാന്റ്-ഇൻ-എയ്ഡായി പരിഗണിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

മലപ്പുറം ജില്ലയിലെ ഏറനാട് താലൂക്കിൽ അരീക്കോട്-കാവനൂർ വില്ലേജിൽ 54 ഏക്കർ സ്ഥലത്ത് സൈബർ പാർക്ക് സ്ഥാപിക്കുന്നതിന് ലാൻഡ് അക്വിസിഷൻ നടപടികൾക്കായി 10 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

സൈബർ പാർക്കിന്റെ വികസനവും വളർച്ചയും കണക്കിലെടുത്ത് പദ്ധതി നടത്തിപ്പിനായി 32.69 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

ഇൻഫോപാർക്ക്സ് കേരളയ്ക്ക് വേണ്ടി 42 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. 31 കോടി രൂപകൂടി അനുവദിച്ച് ഇത് 73 കോടി രൂപയാക്കി ഉയർത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

ടെക്നോസിറ്റിക്ക് സ്ഥലം ഏറ്റെടുക്കുന്നതിനായി എടുത്ത വായ്പ തിരിച്ചടയ്ക്കുന്നതിന് ആവശ്യമായ തുക ഗ്രാന്റായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

**ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ കേരള എന്ന കമ്പനിക്കുള്ള മൂലധനനിക്ഷേപം**

സർക്കാരിന്റെ 51% ഓഹരി പങ്കാളിത്തത്തോടെ ഐ.ടി./ഐ.ടി.ഇ.എസിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനായി ജി.ഒ.(എംഎസ്.) നമ്പർ 33/07/ഐ.ടി.ഡി. തീയതി 12-12-2007 പ്രകാരം രൂപീകൃതമായ കമ്പനിയാണ് കെ.എസ്.ഐ.ടി.ഐ.എൽ. കമ്പനിക്ക് ലഭിക്കുന്ന ബഡ്ജറ്റ് വിഹിതം പ്രധാനമായും സൈബർ പാർക്കിനുവേണ്ടി കോഴിക്കോട്-43 ഏക്കർ, മലപ്പുറം (അരീക്കോട്)-65 ഏക്കർ, കാസർകോഡ്-100 ഏക്കർ, കണ്ണൂർ-30 ഏക്കർ, കൊരട്ടി-30 ഏക്കർ, ചേർത്തല-60 ഏക്കർ, അമ്പലപ്പുഴ-100 ഏക്കർ, കൊല്ലം-44 ഏക്കർ എന്നീ പാർക്കുകളുടെ വികസനത്തിനായി ഉപയോഗിക്കുന്നതാണ്. മേൽ സൂചിപ്പിച്ച മുതൽമുടക്ക് പദ്ധതി ലക്ഷ്യം കൈവരിക്കാൻ 13 കോടി രൂപകൂടി കമ്പനിക്ക് അനുവദിക്കണമെന്ന് സിമിതി ശുപാർശ ചെയ്തു.

സമിതി ഉച്ചയ്ക്ക് ശേഷം 12.15-ന് യോഗം പിരിഞ്ഞു.

## 2012 മേയ് 2-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV, 2012 മേയ് മാസം 2-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ V-D കോൺഫറൻസ് ഹാളിൽ സമിതിചെയർമാനും വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രിയുമായ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രിയുമായ ശ്രീ. സി. എൻ. ബാലകൃഷ്ണനും യോഗത്തിൽ ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ :

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി, എം.എൽ.എ.
2. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി, എം.എൽ.എ.
3. ശ്രീ. സി. കൃഷ്ണൻ, എം.എൽ.എ.
4. ശ്രീ. സാജു പോൾ, എം.എൽ.എ.
5. ശ്രീ. വി. ശശി, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. കെ. സി. ജോസഫ് കുട്ടി, ജോയിന്റ് സെക്രട്ടറി.
2. ശ്രീ. കെ. പ്രിയദർശനൻ, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീ. രാജു, വൈ, അണ്ടർ സെക്രട്ടറി.

സമിതി 2012-13-ലെ ബഡ്ജറ്റിലെ ധന്യാഭർത്ഥന നമ്പർ-XXXVII വ്യസായങ്ങൾ എന്ന ധനാഭ്യർത്ഥനയുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച് രണ്ടാമത് റിപ്പോർട്ടിന്റെ കരട് പരിശോധിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

സിഡ്കോയെ സംബന്ധിച്ച ശുപാർശയിലെ ആദ്യവാചകം താഴെ ചേർത്ത പ്രകാരം മാറ്റുന്നതിന് തീരുമാനിച്ചു.

"വ്യവസായ/മിനിവ്യവസായ എസ്റ്റേറ്റുകളിലെ ചെറുകിട വ്യവസായങ്ങളുടെ സുഗമമായ നടത്തിപ്പിനായി താഴെ ചേർത്തിരിക്കുന്ന പ്രകാരം തുക അനുവദിക്കണ മെന്ന് സമിതി ശുപാർശ ചെയ്യുന്നു".

'സെൻസസ് ന്യൂക്ലിയസ് സെൽ' എന്ന ഉപതലക്കെട്ടിൽ ആദ്യ ഖണ്ഡികയ്ക്ക് ശേഷം താഴെപ്പറയുന്ന ഖണ്ഡിക കൂടി ചേർക്കാൻ സമിതി തീരുമാനിച്ചു.

"100% കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ബഡ്ജറ്റ് പ്രൊപ്പോസലിൽ ആവശ്യപ്പെടുന്ന പ്രകാരമുള്ള തുക മൊത്തം അനുവദിക്കുന്നതിന് നടപടിയുണ്ടാവണമെന്ന് സമിതി ശുപാർശ ചെയ്യുന്നു".

28-6-2011 മുതൽ 31-3-2012 വരെയുള്ള പിരീയോഡിക്കൽ റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതി വൈകുന്നേരം 3.30-ന് യോഗം പിരിഞ്ഞു.

## 12-7-2012-ൽ ചേർന്ന യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV, 2012 ജൂലൈ മാസം 12-ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്കുശേഷം 12.15-ന് നിയമസഭാ സമുച്ചയത്തിലെ V-D സമ്മേളനഹാളിൽ വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രിയും സമിതി ചെയർമാനുമായ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രിയുമായ ശ്രീ. സി. എൻ. ബാലകൃഷ്ണനും തദവസരത്തിൽ ഹാജരായിരുന്നു.

ഹാജരായ മറ്റു അംഗങ്ങൾ :

1. ശ്രീ. അബ്ദു റഹിമാൻ രണ്ടത്താണി, എം.എൽ.എ.
2. ശ്രീ. സി. കൃഷ്ണൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. കെ. സി. ജോസഫ് കുട്ടി, ജോയിന്റ് സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. കെ. എസ്. ശ്രീനിവാസ്, സ്പെഷ്യൽ സെക്രട്ടറി, വ്യവസായ വകുപ്പ്
2. ശ്രീ. ജപബാലൻ ഒളിവർ, അഡീഷണൽ സെക്രട്ടറി വ്യവസായ വകുപ്പ്
3. ശ്രീ. പി. സി. കാസിം, ജോയിന്റ് സെക്രട്ടറി, വ്യവസായ വകുപ്പ്
4. ശ്രീ. ജയചന്ദ്രൻ. ആർ, എം.ഡി., കാപ്പെക്സ്
5. ശ്രീ. അനിൽകുമാർ, ജി. കെ, എം.ഡി., കെൽപാം
6. ശ്രീ. ജി. സതീശ് ചന്ദ്രൻ, അഡീഷണൽ ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് ഇൻഡസ്ട്രീസ് & കോമേഴ്സ്
7. ശ്രീ. എസ്. രാംനാഥ്, എം.ഡി., കിൻഫ്ര.
8. ഡോ. കെ. എ. രതീഷ്, എം.ഡി, കെ.എസ്.ഐ.ഡി.സി.
9. ശ്രീ. ജി. എസ്. സുകുമാരൻ നായർ, മെമ്പർ സെക്രട്ടറി, കേരള ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്.

I. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ വർഷങ്ങളിലെ സമിതി റിപ്പോർട്ടുകളിലെ ശുപാർശകളിൻമേൽ സർക്കാരിൽ നിന്ന് ലഭ്യമായ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണനയ്ക്കെടുക്കുകയും അംഗീകരിക്കുകയും ചെയ്തു.

1. 2011-12-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്.
(ഫയൽ നമ്പർ 4873/സബ്.സി.ബി.2/11/ലെജി.)

പ്രസ്തുത റിപ്പോർട്ടിലെ 10-43, 48-53, 58-61, 63-70, 72-86, 90-95 എന്നീ നമ്പർ ശുപാർശകളിൻമേൽ ലഭിച്ച ആക്ഷൻ ടേക്കൺ സ്റ്റേറ്റുമെന്റുകൾ സമിതി അംഗീകരിച്ചു.

2. 2010-11-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ട്.
(ഫയൽ നമ്പർ 14982/സബ്.സി.ബി.2/10/ലെജി.)

പ്രസ്തുത റിപ്പോർട്ടിലെ 5-18, 19-25, 26-36, 37-39, 63-66, 67, 79-84 എന്നീ നമ്പർ ശുപാർശകളിൻമേൽ ലഭിച്ച നടപടി സ്റ്റേറ്റുമെന്റുകൾ സമിതി അംഗീകരിച്ചു.

3. 2009-10-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ട്.
(ഫയൽ നമ്പർ 15533/സബ്.സി.ബി.2/09/ലെജി.)

പ്രസ്തുത റിപ്പോർട്ടിലെ 72 മുതൽ 75 വരെയുള്ള ഖണ്ഡികകളിലെ ശുപാർശകളിൽ സ്വീകരിച്ച നടപടി സ്റ്റേറ്റുമെന്റുകൾ സമിതി അംഗീകരിച്ചു.

4. 2008-09-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ട്.
(ഫയൽ നമ്പർ 16009/സബ്.സി.ബി.2/08/ലെജി.)

പ്രസ്തുത റിപ്പോർട്ടിലെ 26, 27 നമ്പർ ശുപാർശകളിൻമേൽ ലഭിച്ച നടപടി സ്റ്റേറ്റുമെന്റുകൾ സമിതി അംഗീകരിച്ചു.

5. 2005-06-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ട്.
(ഫയൽ നമ്പർ 8289/സബ്.സി.ബി.2/2005/ലെജി.)

പ്രസ്തുത റിപ്പോർട്ടിലെ 22-ാം നമ്പർ ശുപാർശയിന്മേൽ ലഭ്യമായ നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

II. 26-2-2011-ലെ SRO No. 191/2011 സമിതി സാധൂകരിച്ചു.

(ഫയൽ നമ്പർ 1238/സബ്.സി.ബി.2/11/ലെജി.)

III. 2011-12-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമതു റിപ്പോർട്ടിലെ ശുപാർശകളിൻമേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ ഉൾക്കൊള്ളുന്ന സമിതിയുടെ ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതി ഉച്ചയ്ക്കുശേഷം 12.30-ന് യോഗം പിരിഞ്ഞു.

## 2012 ജൂലൈ 23-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV, 2012 ജൂലൈ മാസം 23-ാം തീയതി തിങ്കളാഴ്ച ഉച്ചയ്ക്കുശേഷം 3.30-ന് 'V-C' കോൺഫറൻസ് ഹാളിൽ വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രിയും സമിതി ചെയർമാനുമായ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി, എം.എൽ.എ.
2. „ എളമരം കരീം, എം.എൽ.എ.
3. „ സി. കൃഷ്ണൻ, എം.എൽ.എ.
4. „ സാജു പോൾ, എം.എൽ.എ.
5. „ വി. ശശി. എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. കെ. സി. ജോസഫ് കുട്ടി, ജോയിന്റ് സെക്രട്ടറി
2. „ സി. ജോസ്, ഡെപ്യൂട്ടി സെക്രട്ടറി
3. „ രാജു, വൈ., അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. വി. സോമസുന്ദരൻ, അഡീഷണൽ ചീഫ് സെക്രട്ടറി, വ്യവസായ വകുപ്പ്
2. „ കെ. എസ്. ശ്രീനിവാസ്, സ്പെഷ്യൽ സെക്രട്ടറി, വ്യവസായ വകുപ്പ്
3. „ കെ. പത്മകുമാർ, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്
4. „ എൻ. കേശവൻ നമ്പൂതിരി, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
5. „ എ. സന്തോഷ്, ജോയിന്റ് സെക്രട്ടറി, വ്യവസായ വകുപ്പ്.

സമിതി 2012-ലെ കോമൺവെൽത്ത് ട്രസ്റ്റ് കോഴിക്കോട് (സംരംഭം വിലയ്ക്കെടുക്കലും കൈമാറ്റം ചെയ്യലും) ബിൽ പരിഗണനയ്ക്കെടുക്കുകയും താഴെ ചേർത്തിരിക്കുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു:

*Clause 1*

Before clause 1, the following shall be inserted, namely:—"CHAPTER I PRELIMINARY."

*Clause 2*

(a) the opening sentence shall be numbered as Sub-clause (1)

(b) in Sub-clause (2), for the words "but defined", the words "and defined" shall be substituted ;

(c) in Sub-clause (3), for the words “but defined”, the words “and defined” shall be substituted.

*Clause 3*

Before clause (3), in the heading of Chapter II, for the words “OWNERS OF UNDERTAKING” the words “OWNER OF THE UNDERTAKING” shall be substituted.

*Clause 5*

In Sub-clause (2) (b), for the words “be the liability”, the words “shall be the liability” shall be substituted.

*Clause 6*

In Sub-clauses (2), (3), (4) and (5), after the words, “subsidiary corporation” the words “or other agency of the Government” shall be added.

*Clause 7*

In Sub-clause (2) for the figure “25”, the figure “26” shall be substituted.

*Clause 8*

In the marginal heading, for the word, “owners”, the word “owner” shall be substituted.

*Clause 10*

In Sub-clause (2), the words “of Payment” shall be omitted.

*Clause 14*

In Sub-clause (2), for the words, “not vested in the State”, the words “not vested in the State Industrial Development Corporation” shall be substituted.

*Clause 16*

In lines 3, 5 and 8, after the words “subsidiary corporation”, the words, “or other agency of the Government” shall be added.

*Clause 17*

In Sub-Clauses (1) and (2), the word “State” shall be omitted.

*Clause 18*

In Sub-clause (3), for the words, “in relation to which payments have been made”, the words “and the payments made” shall be substituted.

*Clause 19*

In the proviso, between the words, “said period” and “may entertain” the word “he” shall be inserted.

*Clause 35*

In Sub-clause (2) (b), for the figure “14” the figure “15” shall be substituted.

SCHEDULES

(a) In first Schedule, column number (1) and the letters and figures therein shall be omitted, and the remaining columns shall be renumbered as column numbers (1), (2) and (3) respectively.

(b) In the third Schedule, column number (1) and the letters and figures therein shall be omitted, and the remaining columns shall be renumbered as column numbers (1), (2), (3) and (4). The entries in the column so renumbered as column (1) shall be substituted with the following, namely:—

7-7-128

7-7-131

7-7-132

7-8-134

7-8-135

7-8-137

7-8-139

സർവ്വശ്രീ എളമരം കരീം, വി. ശശി, സി. കൃഷ്ണൻ, സാജു പോൾ എന്നീ സമിതിയംഗങ്ങൾ ബില്ലിന്മേലുള്ള അവരുടെ വിയോജനക്കുറിപ്പ് താഴെപ്പറയുംപ്രകാരം രേഖപ്പെടുത്തി.

MINUTES OF DISSENT

As the bill does not contain specific provisions for the utilisation of the land intended to be acquired for the comprehensive industrial or commercial purpose having contemporaneous relevance, we record our dissent on the bill.

സമിതി വൈകുന്നേരം 4.00 മണിക്ക് യോഗം പിരിഞ്ഞു.

## 19-9-2012-ലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV, 2012 സെപ്തംബർ മാസം 19-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 3.00-മണിക്ക് നിയമസഭാ സമുച്ചയത്തിലെ V-D കോൺഫറൻസ് ഹാളിൽ വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രിയും സമിതി ചെയർമാനുമായ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. തദവസരത്തിൽ താഴെപ്പറയുന്ന സമിതിയംഗങ്ങളും ഹാജരായിരുന്നു:

ഹാജരായ അംഗങ്ങൾ :

1. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി, എം.എൽ.എ.
2. ശ്രീ. സാജു പോൾ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. കെ. സി. ജോസഫ് കുട്ടി, ജോയിന്റ് സെക്രട്ടറി.
2. ശ്രീ. സി. ജോസ്, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീ. രാജു, വൈ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീമതി റാണി ജോർജ്, സെക്രട്ടറി, കയർ വികസനവകുപ്പ്
2. ശ്രീ. കെ. എസ്. ശ്രീനിവാസ്, സ്പെഷ്യൽ സെക്രട്ടറി, വ്യവസായ വകുപ്പ്
3. ശ്രീ. ജപപാലൻ ഒളിവർ, അഡീഷണൽ സെക്രട്ടറി, വ്യവസായ വകുപ്പ്
4. ശ്രീ. പി. സി. കാസിം, ജോയിന്റ് സെക്രട്ടറി, വ്യവസായ വകുപ്പ്
5. ശ്രീമതി കെ. ജലീംനിസ, ജോയിന്റ് സെക്രട്ടറി, വ്യവസായ വകുപ്പ്
6. ശ്രീ. ജി. എസ്. ശ്രീകുമാരൻ നായർ, സെക്രട്ടറി, ഖാദി ബോർഡ്
7. ഡോ. കെ. മദനൻ, ഡയറക്ടർ, കയർ വികസനവകുപ്പ്
8. ശ്രീ. സാം സി. ഇട്ടിച്ചെറിയ, ഡയറക്ടർ, ഹാന്റ്‌ലൂം & ടെക്സ്റ്റയിൽസ്
9. ശ്രീ. സി. സതീഷ്ചന്ദ്രൻ, അഡീഷണൽ ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് ഇൻഡസ്ട്രീസ് & കൊമേഴ്സ്
10. ശ്രീ. എസ്. രാംനാഥ്, എം.ഡി. കിൻഫ്ര
11. ശ്രീ. സജി ബഷീർ, എം.ഡി., സിഡ്കോ
12. ശ്രീമതി നിഷ എസ്. അണ്ടർ സെക്രട്ടറി, വ്യവസായ വകുപ്പ്.

I. സമിതി കയർവികസന വകുപ്പിന്റേയും ഡയറക്ടറേറ്റ് ഓഫ് ഹാന്റ്‌ലൂം ടെക്സ്റ്റയിൽസിന്റേയും 2011-2012-ലെ ചട്ടം 236 (6) പ്രകാരമുള്ള ആന്വൽ പെർഫോർമൻസ് റിപ്പോർട്ടുകൾ ചർച്ചയ്ക്കെടുക്കുകയും അംഗീകരിക്കുകയും ചെയ്തു.

(1) കയർ വികസന വകുപ്പിന്റെ 2011-12-ലെ ആന്വൽ പെർഫോർമൻസ് റിപ്പോർട്ട് (ഫയൽ നമ്പർ 2575/സബ്.സി.ബി.2/12/ലെജി.)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (6) പ്രകാരം, 2011-12-ലെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച കയർ വികസന വകുപ്പിന്റെ ആന്വൽ പെർഫോർമൻസ് റിപ്പോർട്ട് 23-7-2012-ന് സഭയിൽ സമർപ്പിക്കുകയുണ്ടായി. പദ്ധതി വിഹിതമായി 2011-12-ൽ ലഭിച്ച 9005.01 ലക്ഷം രൂപയിൽ 8997.50 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വിവിധ പദ്ധതികളിലെ ചെലവ് 99.92 ശതമാനമാണെന്നും കയർ വികസന വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. ആന്വൽ പെർഫോർമൻസ് റിപ്പോർട്ട് സമിതി അംഗീകരിച്ചു. നിശ്ചിതസമയ പരിധിക്കകം ആന്വൽ പെർഫോർമൻസ് റിപ്പോർട്ട് സഭയിൽ സമർപ്പിക്കാൻ കയർ വികസന വകുപ്പ് നടപടി സ്വീകരിച്ചത് പ്രശംസനീയമാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

(2) ഡയറക്ടറേറ്റ് ഓഫ് ഹാന്റ്‌ലൂം & ടെക്സ്റ്റയിൽസിന്റെ 2011-12-ലെ ആന്വൽ പെർഫോർമൻസ് റിപ്പോർട്ട്

(ഫയൽ നമ്പർ 2575/സബ്.സി.ബി.2/12/ലെജി.)

ഡയറക്ടറേറ്റ് ഓഫ് ഹാന്റ്‌ലൂം & ടെക്സ്റ്റയിൽസിന്റെ 2011-12-ലെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച ചട്ടം 236(6) പ്രകാരമുള്ള ആന്വൽ പെർഫോർമൻസ് റിപ്പോർട്ട് 25-7-2012-ന് സഭയിൽ സമർപ്പിക്കുകയുണ്ടായി.

ആകെ പദ്ധതി വിഹിതമായ 7675.29 ലക്ഷം രൂപയിൽ കേന്ദ്രാവിഷ്കൃത പദ്ധതി ഇനത്തിൽ 1292.16 ലക്ഷം രൂപയും സംസ്ഥാന പദ്ധതി വിഹിതത്തിൽ 6205.32 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 7497.48 ലക്ഷം രൂപ, വിവിധ പദ്ധതികളിലായി ചെലവഴിച്ചുവെന്നും മൊത്തം ചെലവ് 97.68% ആണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതി മുമ്പാകെ വെളിപ്പെടുത്തി. ഡയറക്ടറേറ്റ് ഓഫ് ഹാന്റ്‌ലൂം & ടെക്സ്റ്റയിൽസിന്റെ 2011-12-ലെ ആന്വൽ പെർഫോർമൻസ് റിപ്പോർട്ട് സമിതി അംഗീകരിക്കുകയും റിപ്പോർട്ട് നിശ്ചിത സമയപരിധിക്കകം ലഭ്യമാക്കിയത് പ്രശംസനീയമാണെന്ന് അഭിപ്രായപ്പെടുകയും ചെയ്തു.

II. വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതി റിപ്പോർട്ടുകളിലെ വിവിധ ശുപാർശകളിന്മേൽ ഗവൺമെന്റിൽ നിന്നും ലഭ്യമായ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(1) 2006-07-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 32-ാം ഖണ്ഡികയിലെ ശുപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. (ഫയൽ നമ്പർ 12345/

സബ്സിബി2/06/ലെജി) 25-ാം നമ്പർ ശുപാർശയിന്മേൽ മറുപടി ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു.

(2) 2008-09-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ 21, 30, 32 ശുപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു. 2-9, 19-20, 34 എന്നീ നമ്പരുകളിലുള്ള ശുപാർശകളിന്മേൽ അടിയന്തിരമായി മറുപടി ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു. (ഫയൽ നമ്പർ 16009/സബ്സിബി2/08/ലെജി)

(3) 2009-10-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ 47-51, 52-55, 78, 88 എന്നീ ശുപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി പരിശോധിക്കുകയും അംഗീകരിക്കുകയും ചെയ്തു. 8-31, 87 നമ്പർ ശുപാർശകളിന്മേൽ മറുപടി ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു. (ഫയൽ നം. 15533/സബ്സിബി2/09/ലെജി)

(4) 2010-11-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ 61, 62 നമ്പർ ശുപാർശകളിന്മേലുള്ള മറുപടിയിന്മേൽ സമിതിയുടെ നിർദ്ദേശത്തിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. പയ്യന്നൂരിൽ കിൻഫ്രയുടെ റൂറൽ അപ്പാരൽ പാർക്ക് സ്ഥാപിക്കുന്നതിന് PWD-യുടെ സ്ഥലം ലഭ്യമാക്കുന്നതിന് PWD സെക്രട്ടറി ശുപാർശ ചെയ്ത് സർക്കാർതലത്തിൽ ഒരു തീരുമാനമുണ്ടാവേണ്ടതുണ്ടെന്ന് കിൻഫ്ര മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു. 2010-11-ലെ റിപ്പോർട്ടിലെ 38, 40, 52, 58-60, 71, 73, 75, 76, 78 നമ്പർ ശുപാർശകളിന്മേൽ മറുപടി ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

[ഫയൽ നമ്പർ (1) 4407/സബ്സിബി2/12/ലെജി

(2) 14982/സബ്സിബി2/10/ലെജി]

സമിതി വൈകുന്നേരം 3.30 മണിക്ക് യോഗം പിരിഞ്ഞു.

## 2012 ഡിസംബർ 17-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV 2012 ഡിസംബർ മാസം 17-ാം തീയതി തിങ്കളാഴ്ച വൈകുന്നേരം 5.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 'V-D' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹു. വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. തദവസരത്തിൽ സമിതിയിലെ എക്സ് ഒഫീഷ്യോ അംഗവും സഹകരണ വകുപ്പുമന്ത്രിയുമായ ശ്രീ. സി. എൻ. ബാലകൃഷ്ണനും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി, എം.എൽ.എ.
2. ,, അബ്ദുറഹിമാൻ രണ്ടത്താണി, എം. എൽ. എ.

3. ശ്രീ. സി. കൃഷ്ണൻ, എം.എൽ.എ.

4. ,, സാജു പോൾ, എം.എൽ.എ.

5. ,, വി. ശശി, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. കെ. സി. ജോസഫ് കുട്ടി, ജോയിന്റ് സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. സോമസുന്ദരം, അഡീഷണൽ ചീഫ് സെക്രട്ടറി, വ്യവസായ വകുപ്പ്
2. ,, ജപബാലൻ ഒളിവർ, അഡീഷണൽ സെക്രട്ടറി, ഇൻഡസ്ട്രീസ് ഡിപ്പാർട്ട്മെന്റ്
3. ,, പി. സി. കാസിം, അഡീഷണൽ സെക്രട്ടറി, ഇൻഡസ്ട്രീസ് ഡിപ്പാർട്ട്മെന്റ്
4. ശ്രീമതി ടി. എ. അൽഫോൺസ, ജോയിന്റ് സെക്രട്ടറി, ഐ. റ്റി. വകുപ്പ്
5. ശ്രീ. സി. ബലരാമൻ, ഡയറക്ടർ, മൈനിംഗ് ആന്റ് ജിയോളജി വകുപ്പ്
6. ,, സി. പ്രസന്നകുമാർ, മാനേജിംഗ് ഡയറക്ടർ, കെൽട്രോൺ
7. ,, സജി, മാനേജിംഗ് ഡയറക്ടർ, സിഡ്കോ
8. ,, എം. ആർ. ശ്രീകുമാർ, ജനറൽ മാനേജർ, കെൽ.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(എ) പ്രകാരം സമിതി മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്തു.

സംസ്ഥാനത്ത് മാർക്കറ്റ് ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ട് എമർജിങ് കേരളയിൽ അവതരിപ്പിക്കപ്പെട്ട ഒരു മാനുഫാക്ച്ചറിംഗ് പ്രോജക്ടാണ് പ്രീ-ഫാബ്രിക്കേറ്റഡ് കൺസ്ട്രക്ഷൻ കമ്പോണൻസ്. ഇതിന്റെ ഉപയോഗം മറ്റ് രാജ്യങ്ങളിൽ വ്യാപകമായിട്ടുണ്ടെങ്കിലും നമ്മുടെ നാട്ടിൽ പ്രചാരത്തിലായിട്ടില്ലാത്തതിനാൽ പ്രീ-ഫാബ്രിക്കേറ്റഡ് കൺസ്ട്രക്ഷൻ കമ്പോണൻസ് നിർമ്മിക്കുന്നതിനും പോപ്പുലറൈസ് ചെയ്യുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്നും ഇത്തരമൊരു മെറ്റീരിയൽ മാനുഫാക്ച്ചർ ചെയ്യുന്നതിലേക്കായി എമർജിംഗ് കേരളയിൽ ഗൾഫ് മേഖലയിൽ നിന്നുള്ള ഒരു കമ്പനി ജിപ്സം ബേസ്ഡായിട്ടുള്ള ഒരു പ്രോജക്ട് യൂണിറ്റ് എറണാകുളത്ത് ആരംഭിക്കുന്നതാണെന്നും ഇതിനാവശ്യമായ കമ്പോണന്റ് നമ്മുടെ നാട്ടിൽ ലഭ്യമല്ലായെന്നുള്ളതാണ് ഈ പ്രോജക്ട് നേരിടുന്ന പ്രധാന പ്രശ്നമെന്നും അഡീഷണൽ ചീഫ് സെക്രട്ടറി സമിതി മുമ്പാകെ വെളിപ്പെടുത്തി.

കണ്ണൂർ ജില്ലയിൽ പ്രവർത്തിക്കുന്ന ഒരു കൺസ്ട്രക്ഷൻ യൂണിറ്റിന് 9 കോടി രൂപ ഇൻവെസ്റ്റ് ചെയ്തിട്ട് രണ്ട് വർഷമായിട്ടും കമ്പനിയുടെ പ്രവർത്തനത്തിനാവശ്യമായ അസംസ്കൃത വസ്തുവായ 'പാറ' പൊട്ടിക്കുന്നതിനുള്ള പെർമിഷൻ നൽകിയിട്ടില്ലായെന്ന് സമിതി മനസ്സിലാക്കി.

സംസ്ഥാനത്ത് ചില പ്രദേശങ്ങളിൽ മട്ടിമണൽ വ്യാപകമായി ഖനനം നടത്തുകയാണെന്നും അനധികൃത ഖനനംവഴി ലഭിക്കുന്ന മണൽ കെട്ടിട നിർമ്മാണ ത്തിനായി വൻതോതിൽ ഉപയോഗിക്കുകയാണെന്നും അപ്രകാരം അനധികൃതമായി നടത്തുന്ന പ്രവർത്തികൾ നിരോധിക്കണമെന്നും ഇത്തരം മണലുമായി പോകുന്ന വാഹനങ്ങൾ പിടിക്കാനുള്ള നടപടികൾ ഉണ്ടാകണമെന്നും ഇതു സംബന്ധിച്ച് വ്യാപകമായി പരാതികൾ ഉയർന്നുവരുന്ന സാഹചര്യത്തിൽ ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

മട്ടി മണൽ ഖനനം നടത്തുന്നതിന് പെർമിഷൻ നൽകാറില്ലെന്നും ഇത്തരം മണൽ അനധികൃതമായി കുഴിച്ചെടുക്കുകയാണെങ്കിൽ അതിനെതിരെ നടപടി സ്വീകരിക്കാറുണ്ടെന്നും ലോറികളിൽ മണൽ കൊണ്ടുപോകുന്നത് തടയാനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഉദ്യോഗസ്ഥർ സമിതി മുൻപാകെ വ്യക്തമാക്കി.

നദിയിൽ നിന്നുള്ള മണൽ ലഭ്യമല്ലാത്ത ആലപ്പുഴ, ചെങ്ങന്നൂർ മേഖലകളിൽ ഇത്തരം മണൽ വ്യാപകമായ രീതിയിൽ വിൽപ്പന നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ട തിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം പ്രത്യേകമായി പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

ഇക്കാര്യം പ്രത്യേകമായി പരിശോധിച്ചതിനുശേഷം, സമിതിയുടെ അടുത്ത യോഗത്തിൽ ഇത് സംബന്ധിച്ച റിപ്പോർട്ട് നൽകുന്നതാണെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിക്ക് ഉറപ്പുനൽകി.

കേന്ദ്രാവിഷ്കൃത പദ്ധതിയായ വ്യവസായ വളർച്ചാ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 10 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 1 കോടി രൂപ മാത്രമാണ് വകയിരുത്തിയതെന്നും കണ്ണൂർ, കോഴിക്കോട്, മലപ്പുറം, ആലപ്പുഴ എന്നീ ജില്ലാ കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി അധിക തുക അനുവ ദിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

കണ്ണൂർ, കോഴിക്കോട് എന്നീ വ്യവസായ വളർച്ചാ കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യവികസനം സാധിച്ചിട്ടുള്ളതായും ആലപ്പുഴയിലെ കേന്ദ്രത്തിൽ ഇത് ആരംഭിച്ചി ട്ടില്ലാത്തതിനാൽ അടുത്ത ബഡ്ജറ്റിൽ പ്രൊപ്പോസ് ചെയ്യുന്നതാണെന്നും അഡീഷണൽ ചീഫ് സെക്രട്ടറി സമിതിക്ക് ഉറപ്പ് നൽകി. ലൈഫ് സയൻസ് പാർക്കിന്റെ നിർമ്മാണത്തിനായി 60 കോടി രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ടെങ്കിലും 10 കോടി രൂപമാത്രമേ ഈ വർഷത്തെ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ളൂവെന്നും ലൈഫ് സയൻസ് പാർക്കിന്റെ ലാന്റ് അക്വിസിഷനുമായി ബന്ധപ്പെട്ട് കോടതിയിൽ കേസ് നിലനിൽക്കുകയാണെന്നും ചില ഉടമകൾ ഭൂമി നൽകാൻ തയ്യാറാണെങ്കിലും കേസുമായി മുന്നോട്ടുപോയവരുടെ ഭൂമി എടുത്തതിനുശേഷം മാത്രമേ ഇവരുടെ ഭൂമി എടുക്കുകയുള്ളൂ എന്നതാണ് പ്രശ്നമെന്നും, പദ്ധതിപ്രദേശത്തെ എല്ലാ ഭൂ ഉടമകളും ഭൂമി നൽകാൻ തയ്യാറാകാത്ത ഒരു സ്ഥിതി വിശേഷമുള്ളതിനാൽ ധാരാളം പ്രായോഗിക ബുദ്ധിമുട്ടുകൾ ഇക്കാര്യത്തിൽ ഉണ്ടാകുന്നുണ്ടെന്നും അതിനുള്ള പരിഹാരം അടിയന്തിരമായി ഉണ്ടാകണമെന്നും സമിതി അഭിപ്രായപ്പെട്ടു.

ഇംഗ്ലീഷ് ക്ലേ ഫാക്ടറിയിൽ മൈനിംഗ് നടത്തുന്നതിന്റെ ഭാഗമായി അവിടങ്ങളിലെ മേൽ മണ്ണ് നീക്കം ചെയ്യുന്നതായും ഇത്തരത്തിൽ മൈനിംഗ് നടത്തുന്നതിനായി അവർ ബഹു. ഹൈക്കോടതിയിൽ നിന്നും അനുകൂലവിധി നേടിയെടുത്തുവെന്നും അപ്രകാരം മൈനിംഗ് നടത്തിയ പ്രദേശങ്ങളിലെ കുഴികൾ മണ്ണിട്ട് നികത്തേണ്ടതാണെന്നിരിക്കെ ഇവിടങ്ങളിൽ വൻതോതിൽ മൈനിംഗും മണൽവാരലും നടന്നുകൊണ്ടിരിക്കുകയാണെന്നും ഇതിനെതിരായി റസിഡൻസ് അസോസിയേഷനുകളെല്ലാം രംഗത്ത് വരുന്ന ഒരു സാഹചര്യം ഇവിടങ്ങളിൽ നിലനിൽക്കുകയാണെന്നും സമിതി വിലയിരുത്തി.

ഇംഗ്ലീഷ് ക്ലേ ഫാക്ടറിയുടെ കാര്യത്തിൽ മൈനിംഗ് നടത്തിയ പ്രദേശങ്ങളിലെ കുഴികൾ മണ്ണിട്ട് മൂടണമെന്നാണ് നിയമത്തിൽ പറയുന്നതെന്നും കെ.എസ്.ആർ.ടി.സി.-യുടെ ആവശ്യത്തിനായി മണൽ നൽകണമെന്നുള്ള ബഹു. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഇവിടെ നിന്നും മണൽ പുറത്തേക്ക് കൊണ്ടുപോകുന്നതെന്നും വകുപ്പ് ഉദ്യോഗസ്ഥർ മറുപടി പറഞ്ഞു.

കെ.എസ്.ആർ.ടി.സി.-ക്ക് മണൽ നൽകിയത് തുടക്കത്തിലായിരുന്നുവെന്നും നിലവിലുള്ള ഉത്തരവ് ലംഘിച്ചുകൊണ്ടാണ് അവർ കോടതിയിൽ നിന്നും അനുകൂലമായ വിധി നേടിയെടുത്തതെന്നും സമിതി മനസ്സിലാക്കുന്നതിനാൽ ഇക്കാര്യം പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

ഇക്കാര്യം പരിശോധിച്ചതിനുശേഷം റിപ്പോർട്ട് നൽകാമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതി മുൻപാകെ ഉറപ്പുനൽകി.

ലൈഫ് സയൻസ് പാർക്കിന് 75 ഏക്കർ ഭൂമിയാണ് അക്വയർ ചെയ്യേണ്ടതെന്നും അതിൽ 50 ഏക്കറോളം ഭൂമി ലഭ്യമായതായും ശ്രീചിത്തിരതിരുനാൾ മെഡിക്കൽ സെന്ററുമായി ബന്ധപ്പെട്ട മെഡിക്കൽ ഡിവൈസ്ഡ് ഹബ്ബും ഇവിടെത്തന്നെയാണ് സ്ഥാപിക്കുമെന്നുള്ളതിനാൽ ഇതൊരു മേജർ പ്രോജക്ടായി മാറുമെന്നും ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ ബയോടെക്നോളജി ഡിപ്പാർട്ട്മെന്റിന്റെ ഒരു പ്രോജക്ട് ഇവിടെ അനുവദിച്ചിട്ടുള്ളതായും അതിന്റെ പ്രവർത്തനം ഒന്നരവർഷത്തിനുള്ളിൽ പൂർത്തീകരിക്കാൻ സാധിക്കുന്നതാണെന്നും അഡീഷണൽ ചീഫ് സെക്രട്ടറി സമിതി മുൻപാകെ വ്യക്തമാക്കി.

കോടതിയിൽ നിന്നും സ്റ്റേ വാങ്ങിയതിനാലാണ് ലൈഫ് സയൻസ് പാർക്കിന്റെ ലാന്റ് അക്വിസിഷൻ നടപടികൾ പൂർത്തീകരിക്കാൻ സാധിക്കാതിരുന്നതെന്നും പ്രസ്തുത കോടതി സ്റ്റേ വെക്കേറ്റ് ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നതായും സ്റ്റേ വെക്കേറ്റ് ചെയ്തുകഴിഞ്ഞാൽ മൂന്ന് മാസത്തിനകം അക്വിസിഷൻ നടപടികൾ പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും അഡീഷണൽ ചീഫ് സെക്രട്ടറി സമിതി മുൻപാകെ വെളിപ്പെടുത്തി.

ലാന്റ് അക്വിസിഷനുമായി ബന്ധപ്പെട്ട കോടതിയിൽ പോകാതെ ഭൂമി നൽകാൻ തയ്യാറുള്ളവരുടെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഒരു ശ്രമമെന്ന നിലയിൽ ഒരു യോഗം വിളിച്ച് ചേർക്കുകയും സർക്കാരിന് ഇത് സംബന്ധിച്ച റെപ്രസന്റേഷൻ നൽകിയതായും സമിതിയിൽ വിശദീകരിക്കപ്പെട്ടു.

പ്രസ്തുത വിഷയം സ്റ്റേജ് 2-ൽ ഉൾപ്പെടുന്നതാണെന്നും അതിനാൽ ഇക്കാര്യം പരിശോധിക്കുന്നതാണെന്നും അഡീഷണൽ ചീഫ് സെക്രട്ടറി വ്യക്തമാക്കി.

കണ്ണൂർ സൈബർ പാർക്കിനായി നബാർഡിന്റെ ഫണ്ട് ലഭിച്ചുവെങ്കിലും റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങൾ നിലനിൽക്കുന്നതായും പ്രസ്തുത റോഡിനായി എടുക്കുന്ന സ്ഥലം ഒരു സ്വകാര്യ വ്യക്തിയുടേതാണെന്നും പ്രശ്നപരിഹാരത്തിനായി ഇതുവരെയും നടപടിയുണ്ടായിട്ടില്ലായെന്നും റൂറൽ അപ്പാരൽ പാർക്കിനായി കിൻഫ്രയ്ക്ക് പി.ഡബ്ല്യു.ഡി.യുടെ സ്ഥലം നൽകാമെന്ന് പറഞ്ഞിരുന്നുവെങ്കിലും അതിന്മേലും യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ലായെന്നും സമിതി മനസ്സിലാക്കുകയുണ്ടായി.

അപ്പാരൽ പാർക്കിന്റെ നിർമ്മാണത്തിനായി പി.ഡബ്ല്യു.ഡി.യും സ്ഥലം വിട്ടുതരാൻ തയ്യാറല്ലായിരുന്നുവെന്നും കഴിഞ്ഞ സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശ അനുസരിച്ച് ജോയിന്റ് വെൻചറായി പി.ഡബ്ല്യു.ഡി.യുടെ പങ്കാളിത്തത്തോടുകൂടി ഒരു പ്രൊപ്പോസൽ കിൻഫ്രയ്ക്ക് അയച്ചുവെങ്കിലും അത് ക്ലാരിഫിക്കേഷനുവേണ്ടി പി.ഡബ്ല്യു.ഡി.ക്ക് അയച്ചിരിക്കുകയാണെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി സമിതി മുൻപാകെ വെളിപ്പെടുത്തി.

പ്രസ്തുത ഭൂമി പി.ഡബ്ല്യു.ഡി.യുടെ കൈവശമുള്ളതാണെന്നും അത് അവർ നൽകാമെന്ന് സമ്മതിച്ചിട്ടുള്ളതാണെന്നും ആയതിനാൽ ഇതിൽ ജോയിന്റ് വെൻചറിന്റെ വിഷയം വരുന്നില്ലായെന്നും പി.ഡബ്ല്യു.ഡി.യ്ക്ക് ആവശ്യമുള്ള ഭൂമി ഒഴിച്ച് ബാക്കി 3 ഏക്കർ ഭൂമി വിട്ടുകൊടുക്കാൻ സമ്മതമാണെന്നുള്ള റിപ്പോർട്ട് അവർ നൽകിയതായും സമിതി മനസ്സിലാക്കുകയും ലാന്റ് നൽകുന്നതിന് തത്വത്തിൽ പി.ഡബ്ല്യു.ഡി. സമ്മതിച്ചിട്ടില്ലായെന്നിരിക്കെ ഇതു സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളുമായി ചർച്ച നടത്തി പ്രശ്നത്തിന് പരിഹാരം കണ്ടെത്തണമെന്ന് സമിതി നിർദ്ദേശിക്കുകയും ചെയ്തു.

ട്രാക്കോ കേബിൾ കമ്പനി കഴിഞ്ഞ രണ്ട് വർഷക്കാലമായി വളരെ ഗുരുതരമായ അവസ്ഥയിലാണെന്നും ഇലക്ട്രിസിറ്റി ബോർഡിൽ നിന്നുള്ള ഓർഡർ പകുതിയിൽ താഴെയാണെന്നുള്ളതും ഈ വർഷത്തെ ഓർഡർ മുഴുവൻ കഴിഞ്ഞ മാസം മാത്രമാണ് ലഭിച്ചതെന്നും ഈ വർഷം 50 ശതമാനംപോലും കപ്പാസിറ്റി യൂട്ടിലൈസേഷനിൽ എത്തിക്കാൻ കഴിഞ്ഞില്ലായെന്നതാണ് ഇവിടത്തെ യഥാർത്ഥ പ്രശ്നമെന്നും അഡീഷണൽ ചീഫ് സെക്രട്ടറി സമിതി മുൻപാകെ വ്യക്തമാക്കി.

പവ്വർ സെക്ടറുകളിൽ, കേന്ദ്ര ഗവൺമെന്റ് സ്ഥാപനങ്ങളിൽ നിന്നും ഓർഡർ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതായും NTPC-യും പവ്വർ ഗ്രിഡ് കോർപ്പറേഷനും മറ്റ് പല ഇലക്ട്രിസിറ്റി ബോർഡുകളും പ്രസ്തുത കമ്പനിയുടെ അസസ്മെന്റ് നടത്തുകയും കമ്പനിക്ക് ഓർഡർ നൽകാമെന്ന് അറിയിക്കുകയും ചെയ്തിരുന്നുവെങ്കിലും അവരിൽ നിന്നും ഓർഡർ ലഭിക്കാത്തതാണ് നിലവിൽ കമ്പനി നേരിടുന്ന പ്രധാന പ്രശ്നമെന്നും അഡീഷണൽ ചീഫ് സെക്രട്ടറി സമിതി മുൻപാകെ വെളിപ്പെടുത്തി.

തുടർന്ന് സമിതി വിവിധ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് താഴെപ്പറയുന്ന സമിതി റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് പരിഗണനയ്ക്കെടുക്കുകയും അംഗീകരിക്കുകയും ചെയ്തു:

1. 2008-09-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ 19-ാം നമ്പർ ശുപാർശയിന്മേലുള്ള നടപടി റിപ്പോർട്ട്
(ഫയൽ നമ്പർ 16009/സബ്.സി.ബി.2/2008/ലെജി.)

2. 2010-11-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ 38, 40, 41, 52, 58, 59, 60, 71, 72, 73, 78 നമ്പർ ശുപാർശകളിന്മേലുള്ള നടപടി റിപ്പോർട്ടുകൾ.
(ഫയൽ നമ്പർ 14982/സബ്.സി.ബി.2/2010/ലെജി.)

3. 2011-12-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ 2, 4, 5, 6, 7, 9, 45, 47, 62, 87, 88, 89, 96 നമ്പർ ഖണ്ഡികകളിലെ ശുപാർശകളിന്മേലുള്ള നടപടി റിപ്പോർട്ടുകൾ.
(ഫയൽ നമ്പർ 4873/സബ്.സി.ബി.2/2011/ലെജി.)

4. 2012-13-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ 46, 57, 58, 59, 64, 65, 66, 67, 68, 69, 70, 71, 72, 73, 78, 90, 91, 92 നമ്പർ ഖണ്ഡികകളിലെ ശുപാർശകളിന്മേലുള്ള നടപടി റിപ്പോർട്ടുകൾ.
(ഫയൽ നമ്പർ 3072/സബ്.സി.ബി.2/2012/ലെജി.)

സമിതി വൈകുന്നേരം 5.15-ന് യോഗം പിരിഞ്ഞു.